മഹാ ശക്തസ്തോത്രം.

മൂലം — വിരിഞ്ചിനാരായണശങ്കരേഭ്യഃ
ശചീപതിസ്കന്ദവിനായകേഭ്യഃ
ലക്ഷ്മീഭവാനീപഥിദേവതാഭ്യഃ
സദാ നവഭ്യോഽപിനമോഗ്രഹേഭ്യഃ. 1

അർത്ഥം — അഖണ്ഡബ്രഹ്മവിഭിന്നമൂർത്തികളായ ബ്രഹ്മാവു, വിഷ്ണു, ശിവൻ ഇവരെയും ഇന്ദ്രനെയും. സുബ്രഹ്മണ്യവിഘ്നേശ്വരന്മാരെയും ലക്ഷ്മീപാർവ്വതീ ഭഗവതിമാരെയും, അതതു മാർഗ്ഗദേവതകളെയും, ശുഭാശുഭഫലകാരികളായ സൂര്യാദി നവഗ്രഹങ്ങളേയും ഞാൻ നമസ്കരിക്കുന്നു.

വിവരണം — ബ്രഹ്മദേവനെ ആദ്യമായി പറഞ്ഞതു്, രജോഗുണപ്രധാനതയും ലോകസൃഷ്ടികർത്തൃതയും നിമിത്തം സർവ്വദേവന്മാരിലുംവച്ചു മുഖ്യനാണെന്നുള്ള പ്രസിദ്ധിയാലാകുന്നു. സത്വഗുണപ്രധാനതയും ബ്രഹ്മനിർമ്മിതമായ ജഗത്തിനെ രക്ഷിക്കശീലവുംകൊണ്ടു് വിഷ്ണുദേവനെ രണ്ടാമതു പറഞ്ഞു. തമോഗുണത്തെ അംഗീകരിച്ചു്, സൃഷ്ടമായ ജഗത്തിനെ സംഹരിച്ചു പ്രളയത്തെ ഉണ്ടാക്കുകൊണ്ടു്, മഹാദേവനെ ഒടുവിൽ പറഞ്ഞുവെന്നും അറിഞ്ഞുകൊള്ളണം. മഹാവിഷ്ണുവിന്റെ ജ്യേഷ്ഠത്വവും, ത്രൈലോക്യാധിപത്യവും നിമിത്തം മാഹാത്മ്യം കല്പിച്ചിട്ടു്, ഇന്ദ്രനെയും വന്ദിച്ചു. മൂന്നുലോകങ്ങളെയും ശൂന്യശൂന്യമാക്കാൻ തുടങ്ങിയ ഘോരതാരകനെ വധിക്കയാൽ സർവ്വാതിശായിബലത്വം കല്പിച്ചു കാർത്തികേയനെ വന്ദിച്ചു. സർവ്വദേവവന്ദ്യനായ ഗണപതിയെ വിഘ്നോപശാന്തിക്കായി വന്ദിച്ചു. ലക്ഷ്മീപ്രസാദത്തെ ഉദ്ദേശിച്ചുതന്നെയല്ലോ എല്ലാവരുടെയും പ്രവൃത്തി. അതുകൊണ്ടു ആ ദേവിയെ വന്ദിച്ചു. എല്ലാവരുടേയും അഭീഷ്ടത്തെ സാധിക്കുന്ന പരാശക്തിയാകകൊണ്ടു് പാർവ്വതിയെ വന്ദിച്ചു. ഓരോ കാര്യത്തിനും ഓരോ ദേവതയുണ്ടു്. മാർഗ്ഗവിഘ്നങ്ങളെ മാറുന്നതും ദേവതാപങ്ങളെ ഹരിക്കുന്നതും ആ ദേവതകളാണെന്നു പ്രസിദ്ധി. അതു സരിച്ചു മാർഗ്ഗദേവതകളെ വന്ദിച്ചു. അരിഷ്ടമനുസരിച്ചു് ജീവികൾക്കു് സുഖദുഃഖങ്ങളെ കൊടുക്കാൻ ശക്തങ്ങളാകകൊണ്ടു് സൂര്യാദിഗ്രഹങ്ങളെയും വന്ദിച്ചു.

മൂ— യത്രാനിമിത്തഃ സമഹജപ്രവൃത്തൈർ-
വിജ്ഞായതേവ്യശുഭം ശുഭേ
യാത്രാസുപായൈരനിരാകരണവംഹി
തദുച്യതേ സമ്പ്രതി നിശ്ചിതാത്മം.

അ—യാത്രപുറപ്പെടുന്ന അവസരങ്ങളിൽ പ്രകൃത്യാതന്നെ സംഭവിക്കുന്ന നിമിത്തങ്ങൾ യാത്രക്കാരൻ ഉദ്ദേശിച്ചിറങ്ങുന്ന കാര്യത്തിന്റെ ഫലത്തെ സൂചിപ്പിക്കുന്നവയായിരിക്കുമെന്നു സിദ്ധമാണു്. അതനുസരിച്ചു്, ഫലം ഇഷ്ടമോ അനിഷ്ടമോ എന്നു സ്പഷ്ടമായി അറിയത്തക്കവണ്ണം ശുഭങ്ങളും അശുഭങ്ങളും ആയ നിമിത്തങ്ങളെ നിർണ്ണയിച്ചു പറവാൻ തുടങ്ങുന്നു.

മൂലം—ബുധിംവോനരപക്ഷിണോടി ചരണാനുരന്ത്രാഹസ്ത്യാദയോ
മാഹാത്മ്യഞ്ച ചതുഷ്പദാ രതിസുഖം ഭൃംഗാരനഃ ഷട്പദാഃ
ഉത്സാഹം ശരഭോദയോടഷ്ട ചരണാഃ ഖർജ്ജൂരകാദ്യാസ്ഥിരാ
ശ്രേയോടനേകപദാമഹാന്തമപടാഭോഗം ഭുജങ്ഗാദയഃ.

അ—അല്ലയോ മനുഷ്യരേ! നിങ്ങൾ ലോകത്തു കാണപ്പെടുന്ന വിവിധജീവിവർഗ്ഗങ്ങൾക്കു കൽപ്പിച്ചിട്ടുള്ളവരാണു്. പല വർഗ്ഗങ്ങളിൽ നിന്നും ഗുണമഹിമകൾ നിങ്ങൾക്കു ഗ്രഹിക്കാനുണ്ടായേക്കും. അതുകൊണ്ടു് എന്റെ പ്രാർത്ഥന പറയാം. അവധാനമായി ആലോചിച്ചു നോക്കിയാൽ ആ പ്രാർത്ഥനയുടെ സാംഗത്യം നിങ്ങൾക്കു ബോധപ്പെടുകയും ചെയ്യും.

1. രണ്ടു കാലിൽ സഞ്ചരിക്കുശീലമുള്ള മനുഷ്യരും പക്ഷികളും നിങ്ങൾക്കു ബുദ്ധിയെ തരട്ടെ.

(അഭിജ്ഞന്മാരും ഈശ്വരതുല്യന്മാരും ആയവർ മനുഷ്യരിലുണ്ടു്. പാലും വെള്ളവും വേർതിരിക്കുക, സംസാരിക്കുക മുതലായ വിശിഷ്ടഗുണങ്ങളുള്ള അരയന്നം ശാരിക മുതലായവ പക്ഷികളിലുമുണ്ടു്. അതുകൊണ്ടു് ഇങ്ങനെ പ്രാർത്ഥിച്ചു.)

2. നാലുകാലിൽ സഞ്ചരിക്കുന്ന ആന, കുതിര മുതലായവ നിങ്ങൾക്കു മാഹാത്മ്യത്തെ—ഔന്നത്യത്തെ തരട്ടെ.

(ആന ഭാവപ്രൌഢി മുതലായവകൊണ്ടും, കുതിര ഗതിവിശേഷം ശരീരസൌന്ദര്യം മുതലായവകൊണ്ടും മഹിമയുള്ളവയാണു്. ഇവയിൽ ആനയോ കുതിരയോ രണ്ടുമോ സ്വാധീനത്തിലുള്ളവർക്കു ഭവം സിദ്ധിക്കുമല്ലോ.)

3. ആറുകാലുള്ള വണ്ടു മുതലായവ നിങ്ങൾക്കു രതിസുഖത്തെ തരട്ടെ.

(രതിയെന്നതു് വിഷയജനിതമായ മനസ്സന്തോഷമാകുന്നു. വണ്ടുകൾ മധുപാനമാകുന്ന വിഷയഭോഗത്തിൽ എപ്പോഴും ആസക്തങ്ങളാണല്ലൊ. വിഷയസുഖാസക്തിയിൽ അവ മാർഗ്ഗദർശികളായിരിക്കട്ടെ എന്നു സാരം.)

4. എട്ടുകാലുള്ള ശരഭാദികൾ നിങ്ങൾക്കു് ഉത്സാഹത്തെ തരട്ടെ.

(ഉത്സാഹമെന്നതു് ആത്മപ്രയത്നവിശേഷമാകുന്നു. ശരഭത്തിനു് ഉദ്യമങ്ങളിൽ നല്ല പ്രസരിപ്പും ശൌര്യവുമുണ്ടെന്നു പ്രസിദ്ധി.)

5. അസംഖ്യം കാലുകളുള്ള ഖർജ്ജൂരിക (പഴുതാര) മുതലായവ നിങ്ങൾക്കു് ശ്രേയസ്സിനെ തരട്ടെ.

(ഖർജ്ജൂരികയ്ക്കു നൂറോ രണ്ടോ കാലുകൾ പൊയ്പ്പോയാലും സഞ്ചാരത്തിനു വിഘ്നം വരികയില്ല എന്നുള്ളതുകൊണ്ടു് മാഹാത്മ്യം കല്പിച്ചു പ്രാർത്ഥിച്ചു.)

6. അപാദങ്ങളായ കാലുകളില്ലാത്ത സർപ്പാദികൾ നിങ്ങൾക്കു് ഉദാരമായ ഭോഗത്തെ തരട്ടെ.

(സർപ്പങ്ങൾക്കു ചിരജീവിത്വം, വായുഭക്ഷണം, വിഷായുധത്വം മുതലായ മഹത്വമുണ്ടെന്നുള്ളതിനാൽ ഇങ്ങനെ പ്രാർത്ഥിച്ചു.)

മൂ— ദ്വിപദചതുഷ്പദഷോടപദം
അഷ്ടാപദമനേകപദമപദം
യജ്ജന്തുവൃന്ദമസ്മിൻ
വക്ഷ്യമസ്യൈ ശകുനാനി— 4

ഇങ്ങനെ രണ്ടും നാലും ആറും എട്ടും പാദങ്ങളുള്ളവയും അനേകപാദങ്ങളുള്ളവയും പാദങ്ങളില്ലാത്തവയുമായ യാവചില ജന്തുക്കൾ ഭവിക്കുന്നുവോ അവയുടെ ശകുനങ്ങളെ ഈ ശാസ്ത്രത്തിൽ പറയുന്നു.

മൂ— ലോകോടുനാശാകുനസംജ്ഞകേന
ശാസ്ത്രേണ വിജ്ഞാതസമസ്തകാര്യൈഃ
നാപായകൃത്പപതതി പ്രസർപ്പൻ
ശാസ്ത്രാഹി ദിവ്യാദ്ഭുതശീക്ഷിയേഷു,. 5

അർത്ഥം— ഈ ശകുനശാസ്ത്രംകൊണ്ടു് കാര്യങ്ങളുടെ ശുഭാശുഭ

ഫലം അറിയാൻ കഴിയുന്നവർ ആപത്തുകളിൽ അകപ്പെടാതെ ആരംഭത്തെ സഫലമായി സാധിക്കുന്നു. ഇന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കാത്ത അർത്ഥങ്ങളിൽ ശാസ്ത്രമാണല്ലൊ മനുഷ്യക്ക് ദിവ്യദൃഷ്ടിയായിവിളങ്ങുന്നതു്.

മൂ— അപേക്ഷിതേ ദൃസ്മിൻ നഖലൂപദേഷ്ടാ
നചാത്രകാശ്ചം ഗണിതേന കിഞ്ചിൽ
ഉൽപദ്യതേ മുഷ്യഹിപാഠമാത്രാൽ
ജ്ഞാനം മനോമോഹതിമിരപ്രണാശി. 6

അർത്ഥം—ഈ ഗ്രന്ഥമഭ്യസിക്കുന്നവനു് കാന്തുങ്ങളുടെ ഗുണദോഷം ഉപദേശിച്ചു കൊടുക്കാൻ ഒരു ഗുരുവിന്റെ സഹായം ആവശ്യമില്ല. പ്രശ്നനിർണ്ണയത്തിനായി ചെയ്യപ്പെടുന്ന ഗണിതത്തിന്റെ ആവശ്യവുമില്ല. എന്തെന്നാൽ ഈ ശാസ്ത്രപാഠം കൊണ്ടുതന്നെ, മനോമോഹകരമായ ജ്ഞാനം ലഭിക്കുന്നതാകുന്നു. അഭ്യാസത്തിനു തക്കവണ്ണം ജ്ഞാനം ഉപയുപരി വർദ്ധിക്കയും ചെയ്യും.

മൂ— പൂർവ്വജന്മകൃതകർമ്മണഃ ഫലം
പാശമേതി നിയമേന ദേഹിനഃ
തൽപ്രകാശയതി ദൈവനോദിതഃ
പ്രസ്ഥിതസ്യ ശകുനഃ സ്ഥിതസ്യ ച. 6

അർത്ഥം—കഴിഞ്ഞ ജന്മങ്ങളിൽ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലം ജീവാത്മാവിൽ ലയിച്ചു് അനന്തരജന്മത്തിലെ അദൃഷ്ടങ്ങൾക്കു കാരണമായും വാസനയ്ക്കു നിദാനമായും വേർക്കുമെന്നു ശാസ്ത്രമുണ്ടു്. അതനുസരിച്ചു്, അന്തരാത്മാവിൽ ലയിച്ചിരിക്കുന്ന കർമ്മഫലം മനുഷ്യൻ യാത്രചെയ്യുമ്പോഴും അല്ലാത്തപ്പോഴും ശകുനരൂപത്തിൽ പ്രകാശിച്ചു് ശുഭാശുഭങ്ങളെ അറിയിക്കുന്നു.

മൂ— നനുവശ്യമുപലഭ്യതേ നൃഭിഃ
പ്രാക്തനസ്യനിജകർമ്മണഃ ഫലം
കിംതതഃ ശകുനസംവിദാജ്ഞയാ
യന്നദൈവമനുവർത്തിതും ക്ഷമം. 7

അർത്ഥം— ഇങ്ങനെ പൂർവ്വജന്മകർമ്മഫലമാണു് ദേഹികൾക്കു് അനുഭവൈകനുള്ളതു നിശ്ചയമാണെങ്കിൽ, പിന്നെ ശകുനശാസ്ത്രം അറിഞ്ഞതുകൊണ്ടു ഫലമെന്തു്? ദൈവനിശ്ചയത്തെ മാറ്റാൻ കഴിയുമോ? എന്നൊരാക്ഷേപമുണ്ടാകാം.

മൂ— നൈതദേവമിഹ യേന ദോഷിണാം
പൂർവകർമ്മവിഹിതം കുതോപി വാ
ദേശകാലവശതോ വിപച്യതേ
ഭുജ്യതേവ്യവഹിതം ഫലം നൃണാം.

തന്നിരുച്യ ശകുനേന ദുഃഖദം
വഞ്ചയന്തി നിയതം സമുദ്യതം
പൌരുഷേണ പുരുഷാഃ സുമേധസഃ
സംശ്രയന്തി പുനരാത്മനോഹിതം.



അർത്ഥം—എന്നാൽ, ആ ആക്ഷേപം ശരിയല്ല. എന്തുകൊണ്ടെന്നു പറയാം. പൂർവകർമ്മഫലങ്ങളും ജീവാത്മാവിൽ ലയിച്ചുടങ്ങിയിരുന്നാലും, അവ ദേശകാലങ്ങളുടെ അനുയോജ്യതയുണ്ടെങ്കിലേ അനുഭവത്തിൽ വരികയുള്ളൂ. കർമ്മഫലവിപാകത്തിനു് ഉപകാരകമായ ദേശകാലസംബന്ധം തട്ടിക്കൂട്ടുകയോ മറ്റുള്ളവർ തട്ടിക്കൂട്ടുകയോ ചെയ്താൽ അനുഭവം എങ്ങനെ ഉണ്ടാകും?

ഈ വസ്തുത മനസ്സിലാക്കാൻ കഴിവുള്ള ബുദ്ധിമാന്മാർ ദുഃഖപ്രദമായ ദേശകാലസംബന്ധത്തെ ശകുനത്താൽ മനസ്സിലാക്കി പൌരുഷംകൊണ്ടു തടുക്കുകയും സുഖപ്രദമായതിനെ പൌരുഷംകൊണ്ടാശ്രയിക്കയും ചെയ്യുന്നു.

മൂ — സർപ്പവഹ്നിവിഷകണ്ടകാദികാ-
ന്യേന ദൈവശരണോപി മാനവഃ
ദൂരതസ്ത്യജതി പൌരുഷം സദാ
തേന തൽ സ്പൃശതി ദൈവതാധികം. 10

അർത്ഥം—ദൈവശരണനായ മനുഷ്യൻ, യാതൊരുശക്തിവിശേഷത്താലാണോ സർപ്പം, അഗ്നി, വിഷം, മുള്ള് മുതലായവയുടെ ഉപദ്രവത്തിൽനിന്നും രക്ഷതേടുന്നു് ആ ശക്തിവിശേഷം ദൈവശക്തിയെ ജയിക്കുന്നതാണെന്നു് അക്കാരണത്താൽതന്നെ സിദ്ധമാണല്ലോ.

മൂ— തന്നിരുച്യശകുനേന പുരുഷഃ
പൂർവജന്മപരിപാകമായതെ
സമ്പരേൽ സുചിരമാത്മനോഹിതം
ചിന്തയൻ പുരുഷകാരതൽപരഃ- 11

അ—ഇപ്പറഞ്ഞ വസ്തുത മനസ്സിലാക്കി, ബുദ്ധിമാനായ മനുഷ്യൻ പൌരുഷത്തെത്തന്നെ ആശ്രയിച്ചു ജീവിക്കണം. ശകുനം പൂർവജ

ന്മപരിപാകമായെന്നറിഞ്ഞു്, അതുനിമിത്തം വരാൻപോകുന്ന അനിഷ്ടഫലത്തെ പൌരുഷംകൊണ്ടു മാറ്റി അത്മാവിനു് ക്ഷേമമായ മാർഗ്ഗത്തിൽ പ്രവർത്തിക്കേണ്ടതാകുന്നു.

മൂ — അത്രിഗർഗ്ഗുശുക്രവസിഷ്ഠ-
വ്യാസകൌത്സകൌതമമുഖ്യാഃ
ജ്ഞാനിനോ മുനിവരാ ഹിതമൂചുഃ
സംവിദം നിജഗദുഃ ശകുനാനാം. 12

അ — അത്രി, ഗർഗ്ഗൻ, ബൃഹസ്പതി, ശുക്രൻ, വസിഷ്ഠൻ, വ്യാസൻ, കൌത്സൻ, ഗൌതമൻ മുതലായ മഹാജ്ഞാനികൾ ശകുനങ്ങളുടെ ശുഭാശുഭഫലങ്ങളെ പറഞ്ഞിട്ടുണ്ടു്.

മൂ — ഗാതേ വിരുദ്ധേ ശകുനേഽല്പനീനോ
വ്യാവൃത്യകൃത്വാ കരപാദശൌചം
ആചമ്യ ചക്ഷീരതരോരധസ്താത്
തിഷ്ഠൻ പ്രപശ്യേച്ഛകുനാനരാണി. 13

അ — വിരുദ്ധമായ ശകുനം കണ്ടാൽ യാത്രക്കാരൻ തിരികെ മടങ്ങിവന്നു്, കൈകാലുകൾ ശുദ്ധിചെയ്തു്. ജലം ആചമിക്കയും ചെയ്തിട്ടു്, പാലുള്ള വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കണം. എന്നിട്ടു പുറപ്പെട്ടു് മറ്റു ശകുനങ്ങളെ നോക്കണം.

മൂ — ആദ്യേഽനിഷ്ടേ ശകുനേഷ്ടധീയാത്
പ്രാണായാമാൻ ദ്വിത്രിണാംസ്തു ദ്വിതീയേ
യാത്രാം മുക്ത്വാ വേനം സ്വാപ്രയോസി
പ്രായാദന്യേ പ്രതിക്ഷേ തൃതീയേ. 14

അ — ആദ്യശകുനം അനിഷ്ടമായിക്കണ്ടാൽ, പുറപ്പെട്ടവൻ പ്രാണായാമം ചെയ്തിട്ടുവേണം വീണ്ടും യാത്രതുടരാൻ, രണ്ടാമതും അനിഷ്ട ശകുനമാണു് കാണുന്നതെങ്കിൽ പതിനാറുവട്ടം പ്രാണായാമംചെയ്തിട്ടു് പുറപ്പെടണം മൂന്നാമതും ശകുനം അനിഷ്ടമായിക്കണ്ടാൽ ആ യാത്രമുടക്കി തിരിച്ചുപോരണമെന്നാണു വിധി. പ്രാണായാമം എന്നതു് കഴിയുന്നതു ശ്വാസം ഉള്ളിലാക്കിപ്പിടിച്ചുമുട്ടുമ്പോൾ വെളിയിൽ വിടുകയും വീണ്ടും ഉള്ളിലടക്കിപ്പിടിക്കുകയും ചെയ്യുന്ന അഭ്യാസവിശേഷമാകുന്നു.

മൂ — നാനാമന്ത്രാനിസംഗൃഹ്യ യഥാബുദ്ധിബലോദയം
ശുഭാശുഭേഫലൈർഭിന്നനിമിത്താന്യൂഹ്യതേ തുഥവി. 15

അ—ശകുനങ്ങളുടെ ഫലത്തെക്കുറിച്ച് പല ആചാര്യന്മാരും എഴുതിട്ടുള്ള ശാസ്ത്രങ്ങളെപ്പരിശോധിച്ച് അവയിൽനിന്നും സാരഭൂതമായവയെ സംഗ്രഹിച്ച് ശകുനശുഭാശുഭഫലങ്ങളെ ഇവിടെപ്പറയാൻ പോകുന്നു.

മൃ— മൃന്മത്സ്യാമിഷമദ്യപത്മകുസുമാലങ്കാരഭൃംഗാരകാ
ദ്യാഖ്യേക്ഷുപൂർണ്ണകുംഭമുകുരച്ഛത്രാന്നസിദ്ധാർത്ഥകാഃ
ദൃഷ്ടാചന്ദനശംഖശസ്ത്രമഥവീണാഭേര്യവഹ്ന്യക്ഷതാഃ
ഗീർവ്വാണാഞ്ജനഭദ്രപീഠനൃപലക്ഷ്മാലംകൃതാഃ ശോഭനാഃ. 16

അ—യാത്രപുറപ്പെട്ടന്നേരം അടിയിൽ പറവാൻ തുടങ്ങുന്നവനെറെ ശകുനമായിക്കണ്ടാൽ ഫലം ശോഭനമായിരിക്കും. മണ്ണ്, മത്സ്യം, ഇറച്ചി, മദ്യം, താമരപ്പൂവ്, പൂവ് (വെളുത്തപൂവായിരിക്കണമെന്ന് ചില ആചാര്യന്മാർക്ക് നിഷ്കർഷയുണ്ട്) ഭൃഗാരം (സ്വർണ്ണാഭരണം എന്ന നിഷ്കർഷ) ജലപാത്രം (മൊന്ത കിണ്ടി മുതലായവ) തൈര്, നെയ്യ്, കരിമ്പ്, നിറകുടം, കണ്ണാടി, കൂട, (പട്ടുകുടയോ കൊറക്കുടയോ ആയിരിക്കണമെന്ന് നിഷ്കർഷ) ചോറ്, കടുക് കറുക, ചന്ദനം, ശംഖ് (ശംഖനാദമായാലും കൊള്ളാം) ആയുധം, കായ്, (ഫലം) വീണ, അന്ന, കണ്ണെഴുതുന്നതിയ്, നെല്ലും, അരിയും, ദേവപ്രതിമ, കണ്ണിൽ കാണുന്ന മഷി, സിംഹാസനം, രാജചിഹ്നങ്ങൾ (കൂട, തഴ, ആലവട്ടം മുതലായവ) അലങ്കരിക്കപ്പെട്ട സാധനങ്ങൾ, (പ്രായേണ പ്രദർശനവസ്തുക്കൾ) ഇവ ശോഭനങ്ങളാകുന്നു.

മൃ— താംബൂലയാനാസനവല്ലമാന
വാദ്യാങ്കശാഖാംബരചാമരാണി
രത്നാനി ഹേമീകരതാമൃതാഢ്യ-
ഗോരോചനാഗോമയഗോമധൂനി.

ബലൈകപശ്വാഷധിതാലവൃന്ത-
ധ്വജാനി ശാകാനി നവാന്യധാന്യാനി
വാദിത്രവേദധ്വനിനൃത്യഗീതാ-
ന്യേതാനിയാത്രാസുസുദർശനാനി.

അ—വെറിവല, വണ്ടി, പല്ലക്ക്, മേനാവ് മുതലായ വാഹനങ്ങൾ, കസാല, പീഠം മുതലായ ആസനങ്ങൾ, കോളാമ്പി, വാദ്യം, തോട്ടി, അടു, വസ്ത്രം, ചാമരം, രത്നം, സ്വർണ്ണം, ചെമ്പ്, വെള്ളി, ഗോരോചന, ചാണകം, പശു, തേൻ, പശുക്കുട്ടം, (ബലൈകപശു എന്നതിന് 'ബഹുശ്വാസൈ ഏകപശുശ്ച' എന്ന വിഗ്രഹം. പശുക്കുട്ടം അല്ലെങ്കിൽ ഒറ്റപ്പശു എന്നർത്ഥവുമാണ്. ഇതിന് ബ

ധോഷ്ഠകപശുഃ എന്നു വിഗ്രഹിച്ച് കയറ്റ് കഴിത്തിൽ കെട്ടിയ പശു എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്. ഈ വ്യാഖ്യാനം സംഗതമല്ല.) ഔഷധി, ചിശറി, കൊടിമരം (കൊടിക്കൂറയുള്ളത്) പുതിയ ചേലക്കറികൾ, കൂട്ടവാദ്യങ്ങൾ, വേദങ്ങൾ ഉച്ചരിക്കുന്ന ശബ്ദം, നൃത്തം, ഗീതം, ഇവയെല്ലാം നല്ല നിമിത്തങ്ങളാകുന്നു.

മൂ— മാലാവസ്ത്രവിഭൂഷിതോടതിസുമുഖോ വാചം മനോജ്ഞാംമുദ-
സ്മേരാഭം കലയൻനരോഭിമുഖമായാതോടു ബലാചേളശീ
രാജാഹർഷസമേതഭൂമിവിബുധോ വേശ്യാകുമാരീസുഹൃദ്
ഭ്രയാസുഃസകലോദ്യമേഷ്വശുഭോന്യത്തേനിമിത്തപ്രദാഃ.

അ— വസ്ത്രമാല്യാദികളാൽ അലംകൃതനും സുന്ദരനും പുഞ്ചിരിച്ചുകൊണ്ട് സൽക്കാരവാക്കു പറയുന്നവനുമായ ഒരു പുരുഷൻ—അഥവാ, അപ്രകാരമുള്ള ഒരു സ്ത്രീ—അഭിമുഖമായി വന്നാൽ ശുഭഫലമാകുന്നു. രാജാവു്, സന്തുഷ്ടനായ ബ്രഹ്മണൻ, വേശ്യാസ്ത്രീ, കന്യക, സ്നേഹിതൻ (ബന്ധു) ഇവയെല്ലാം ശുഭശകുനത്തെ സൂചിപ്പിക്കുന്നവരാകുന്നു.

മൂ— സുവേഷനാര്യശ്ച നരശ്ച വാജി-
വൃഷാധിരൂഢാഃ സുഫലോദയാഹ്വാഃ
ദുഷ്ടോ രവോ രോദനഹീനമേതൈർ-
മഹാർത്ഥസിദ്ധിഃ കഥിതാപുരാണൈഃ.

അ— നല്ലവണ്ണം ഉടുത്തൊരുങ്ങിയ സ്ത്രീ പുരുഷന്മാർ, കുതിരപ്പുറത്തോ കാളപ്പുറത്തോ കയറിയവർ, ഏതെങ്കിലും കായ് കയ്യിൽ പിടിച്ചിരിക്കുന്നവർ, ബന്ധുജനങ്ങൾ കരഞ്ഞുവിളിക്കാതെ വച്ചു കാക്കുന്നതോ വഹിച്ചുകൊണ്ടു പോകുന്നതോ ആയ ശവം, ഇവയെല്ലാം ഇഷ്ടസിദ്ധിയേച്ചെയ്യുമെന്നു് പറയപ്പെട്ടിരിക്കുന്നു.

മൂ— ഗച്ഛേതിപൃഷ്ഠേ പുരതസ്ഥിതൈരഹി
വാഗീദൃശീ സർവജനായപൂസാം
കപയാസിമാഗച്ഛ തഥൈവമാദ്യാഃ
പ്രയോജനാരംഭനിവാരണാർത്ഥാഃ.

അ— പുറപ്പെടുമ്പോൾ പുറകിൽ നിന്നുകൊണ്ടു്, പോയാട്ടെ പോയാട്ടെ, എന്നോ മുൻപിൽ നിന്നുകൊണ്ടു്, വന്നാട്ടെ, വന്നാട്ടെ—എന്നോ പറയുന്നുവെങ്കിൽ കാര്യജയം ഫലം. ഹേ! എവിടെപ്പോകുന്നു! പോകേവേണ്ടാ, എന്നിങ്ങനെയുള്ള വാക്കുകൾ, ഉദ്ദേശസാധ്യത്തിനു വിരുദ്ധങ്ങളാകുന്നു.

മൂ— ഭിദന്തിവാമം രുദിതം പ്രശസ്തം
ദക്ഷിണോദഗ്രോയദിരോദിതാസ്യാത്
നിന്ദന്ത്യവാമം പഥിസവ്യകാമാൻ
ശ്രുതം വിധത്തേ രുദിതം രജന്യാം.

അ—ഇടതുവശത്തു കുറുക്കിൽ കേൾക്കയും കരയുന്നവനെ കാണാതിരിക്കയും ചെയ്താൽ ശുഭഫലം. വലതുവശമാണു കുറുക്കിൽ കേൾക്കുന്നതെങ്കിൽ ഫലം വിപരീതമാണെന്നുമറിഞ്ഞുകൊള്ളണം. രാത്രിയിൽ യാത്രപുറപ്പെടുമ്പോൾ കുറുക്കിൽ കേട്ടാൽ അതു സവ്യകാമങ്ങളെയും സാധിപ്പിക്കുന്നതായിരിക്കയും ചെയ്യും.

മൂ— മൃത്യുഃ സുതാനാം രുദിതേന പുംസോ
ലാഭോഭവേത്തസ്യനിവർത്തനേന
മൃത്യുസ്ഥഗ്രേ രുദിതേനഗസ്യുഃ
സിദ്ധിംവിധത്തേരുദിതാരിപുണാം.

അ—യാത്ര പുറപ്പെടുമ്പോൾ പുത്രന്മാർ പുറകിലോ മുമ്പിലോ കരഞ്ഞാൽ മരണം ഫലമാകുന്നു. കരഞ്ഞുകൊണ്ടിരിക്കയും യാത്രപുറപ്പെടുമ്പോൾ കുറുക്കിൽ നിന്നുകയും ചെയ്യുകയാണെങ്കിൽ ലാഭം ഫലം. യാത്രയിൽ ശത്രുക്കളുടെ കുറുക്കിൽ ശുഭഫലത്തെച്ചെയ്യുന്നതുമാകുന്നു.

മൂ— രിക്തംഘടം കോടപിവഹൻജലാർത്ഥീ
യദിവ്രജേച്ചാപിസഹാധ്വഗേന
പൂർണ്ണം യദായ നിവർത്തതേടസൗ
കൃതാർത്ഥരോവഃ പഥികസ്തഥൈവ.

അ—യാത്രപുറപ്പെടുമ്പോൾ വെള്ളം കോരാൻ കുടവുമായി ഒരാൾ കൂടെ വരികയാണെങ്കിൽ കുടത്തിൽ വെള്ളം നിറച്ചു കൃതാർത്ഥനായി അവൻ തിരികെപ്പോരുന്നതെങ്ങനെയോ അതുപോലെ യാത്രക്കാരനും ഉദ്ദിഷ്ടകാര്യം സാധിച്ചു കൃതാർത്ഥതയോടെ മടങ്ങാവുന്നതാണു്.

അശുഭശകുനങ്ങൾ.

മൂ— അംഗാരഭസ്മകുസുമന്തരജ്ജൂപംകം
പിണ്യാകകാപ്പാസതുഷാസ്ഥികേശാഃ
കൃഷ്ണായസാവല്ലകകൃഷ്ണധാന്യ
പാഷാണവിഷ്ഠാളജശൗഷധാനി.

മൂ— തൈലം ഗൃധ്രർമ്മവസാനിഭിന്നം
രിക്തമ്പ്രഭോണ്ഡം ലവണം ത്രുണമ്പ്രെ
തക്രാർഗളാശ്രാ ഖരവൃഷ്ടിവാതാഃ
കാര്യൈകചിൽ ത്രീംശദിദം ന ശസ്തം.

അ—കരിക്കട്ട, ചാമ്പൽ, പിറകു, കയറു്, മഷി, പിണ്ണാക്കു്, പഞ്ഞി, ഉമി, അസ്ഥി, തലമുടി കാരിരുമ്പു്, മരപ്പൂരി, ഉഴുന്നു മുതലായ കറുത്തധാന്യം, കല്ലു്, മലം, സ്പ്പം, ഔഷധം, എണ്ണ, ശക്കര, മൃഗാദികളുടെ തുകൽ, വസാ (പെ ഞാമ്പു്, മാംസരസമെന്നുമാം) ഉടഞ്ഞ പാത്രം, ഒഴിഞ്ഞപാത്രം, ഉപ്പു് പുല്ലു് മോരു്, സാക്ഷാ, ചാണ്ടല, മഴ, കൊടുംകാറു്, ഈ മുപ്പത്തും അനിഷ്ടശകുനങ്ങളാകുന്നു.

മൂ— സപ്രാദജ്ഞാനനിഷ്ഠലനം ദശാനാം
സംഗഃ കപ്രചിൽ ഫ്ലാതപലായനമ്പ്രെ
ദ്രാരാഭിഘാതലുജവസ്തുപ്രാതാഃ
പ്രസ്ഥാനവിഘ്നം കഥയന്തിയാത്രുഃ.

അ—കാലോ മുട്ടോ ഇടുക, മുണ്ടിന്റെ അറ്റം വല്ലെടത്തും ഉടക്കുക, അടികൊണ്ടിട്ടോടുക, വഴിയിൽ കാൽ മുട്ടുക, കൊടിക്കൂറയോ കൊടിമരമോ വീഴുക, വസ്ത്രം വീഴുക, ഇവയെല്ലാം വിഘ്നത്തെ സൂചിപ്പിക്കുന്നവയാകുന്നു.

മൂ— മാജ്ജാരയുദ്ധോരവദർശനാനി
കലിങ്കേട്ടംബസ്യ പരസ്പരേണ
ചിത്തസ്യ കാലുഷ്യകരഞ്ചസവ്യം
ഗന്തുഃ പ്രയാണപ്രതിഷേധനായ.

അ— പൂച്ചയെക്കാണുകയോ, പൂച്ചകൾ തമ്മിൽ ശണ്ഠകൂടുന്ന ശബ്ദം കേൾക്കുകയോ ചെയ്യുക. വീട്ടിലുള്ളവർ തമ്മിൽ ശണ്ഠയിടുക, ഇവയും, മനസ്സിനു് അനിഷ്ടം തോന്നുന്ന മറ്റുള്ളവയും യാത്രയുടെ അനിഷ്ടഫലത്തെ സൂചിപ്പിക്കുന്നു.

മൂ— ചമദ്വിജേശോ ഹതമാനഗവ്യാഃ
ക്ഷരിന്നാംഗന്നാന്ത്യജദർശനാദിശ്ചാഃ
രജസ്വലാ ഗർഭവതീരുഗാത്രാ
മലാനുലിതോന്മത്തജടാധരാശ്ച.

അ— ക്ഷൗരം ചെയ്യുന്നവർ, തലമുടിയില്ലാത്തവർ, അഭിമാനഹാ

ന്നി സംപ്ലിഷ്ടർ അവയവം മേരടിക്കപ്പെട്ടവർ, വസ്ത്രമില്ലാത്തവർ, ചണ്ഡാലന്മാർ, എണ്ണതേച്ചവർ തീണ്ടാന്സ്ത്രീ, ഗർഭിണി, രോഗമുള്ളവർ, മലിനന്മാർ, ഭ്രാന്തന്മാർ (പ്രമത്തന്മാരെന്നുമാം) ജടാധാരികൾ

മൂ— ദീനഃ പ്രിഷ്ടൽകുഷ്ഠവിമുക്തകേശാഃ
ക്രമേളകസ്ഥാഃ ഖരസൈരിണസ്ഥാഃ
സന്ന്യാസിനഃ സാക്രന്ദനപുംസകാദ്യാഃ
ദുഃഖാവഹാഃ സർവ്വസമീഹിതേഷു.

അ— ദീനന്മാർ, ശണ്ഠയ്ക്കൊരുങ്ങിനില്ക്കുന്നവർ, ഏറെക്കുരുത്തവർ, തലമുടി അഴിച്ചിട്ടിരിക്കുന്നവർ, ഒട്ടകത്തിന്റെയോ കഴുതയുടെയോ പോത്തിന്റെയോ പുറത്തിരിക്കുന്നവർ (ഇതിൽനിന്നും ഒട്ടകവും കഴുതയും പോത്തും അശുഭശബ്ദങ്ങളാണെന്നും ഗ്രഹിച്ചുകൊള്ളണം) സന്ന്യാസികൾ (മഹർഷിമാരല്ല. മഹർഷിമാരെക്കണ്ടാൽ ശുഭമാണെന്നു വേറെ പ്രമാണമുണ്ട്. "ശ്രവണസ്ഥരഥോരാജാമയൂരഃ കുഞ്ജരോവൃഷഃ പ്രസന്നാനദീവാ പ്രദേശേവാ സർവ്വസിദ്ധികരാമതാഃ- പത്മിനീരാജഹംസാശ്ച നിർഗ്രന്ഥാശ്ചതപോധനാഃ സംദേശമുപസർപ്പന്തി തസ്മിൻദേശേ ശുഭംഭവേൽ" ഇത്യാദി കാണുക) കരഞ്ഞുകൊണ്ടു നിൽക്കുന്നവർ നപുംസകന്മാർ, ഇവരെല്ലാം ഇഷ്ടത്തിനു ഹാനിയെ ചെയ്യുന്നവരാകുന്നു.

മൂ— സർവ്വത്ര സർവ്വസ്യ ച സർവ്വകാലം
ക്ഷുതം നകാര്യൈകപദിദേവശസ്തം
ജാതേക്ഷുതേ തേനനകിഞ്ചിദേവ
കുത്സാൽക്ഷുതം പ്രാണഹരംഗവാദ്യം.

അ— എല്ലാക്കാര്യത്തിലും എവിടെയും എന്നും ക്ഷുതം (തുമ്മൽ) അനിഷ്ടഫലത്തെ ചെയ്യുന്നതാകുന്നു. അരംഭങ്ങൾക്ക് തുടങ്ങുമ്പോൾ തുമ്മിയാൽ ആ അരംഭം നിർത്തിവയ്ക്കുന്നതു നന്ന്. അതു നാൽക്കാലികൾക്കുപോലും പ്രാണഹാനിയെ ചെയ്യുന്നതാകുന്നു.

മൂ— യദ്ബാലകേനോക്തമനോദിതേന
തൽസ്യാദസത്യംനയുഗാന്തരേപി
ഉച്ചൈശ്രുതേന്നാന്യദിവാസ്തികിഞ്ചിൽ
സത്യം സുബോധം ശകുനം ജനാനാം.

അ— അരംഭങ്ങൾക്കൊരുങ്ങുമ്പോൾ അതിന്റെ സിദ്ധിയെയോ അസിദ്ധിയെയോ സൂചിപ്പിക്കത്തക്കവണ്ണം ചെറുകുട്ടികളുടെ വാക്കുണ്ടായാൽ അതു് ഒരിക്കലും അസത്യമാകയില്ല. അങ്ങോട്ടൊന്നും ചോ

ടിക്കാതെതന്നെ കൂട്ടികൾ പറയുന്നതായിരിക്കണം. പ്രായമായമനുഷ്യരായാലും കാര്യാന്തരങ്ങളെക്കുറിച്ചു പറയുമ്പോൾ, യാദൃച്ഛികമായി ചിലവാക്ക് പ്രസ്തുതത്തെ സംബന്ധിച്ചു ഫലത്തിനു് അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായംപോലെ കേൾക്കപ്പെടാറുണ്ടല്ലൊ. അതു ഫലവത്തുതന്നെയാണു്. ഇതിനു ഉപശ്രുതിയെന്നു പറയും. വായ്പ്പൊല്ലെന്നുഭാഷയിൽ പറയുന്നു. ഇതുപോലെ സത്യമായ ഒരു ശകുനം മറ്റില്ലെന്നാണു് അഭിജ്ഞന്മാർ പറയുന്നതു്.

മൂ — ധൃതാതപത്രഃശ്വേതശുക്ലവാസാഃ
പുഷ്പാച്ഛിതശ്ചന്ദനരുച്ചിരാംഗഃ
നിഃശ്രേയസൈകൃതഭോജനോവാ
വിപ്രഃപ്രയാത്യുത്തരസിദ്ധിദിഗ്ദം.

അ — കുളികഴിച്ചു വെള്ളമുണ്ടുടുത്തു പൂവും ചന്ദനവുമണിഞ്ഞു് കുടയുംചൂടിച്ചു് ഭക്ഷണത്തിനുള്ള അരിയും കോപ്പും കയ്യിൽ ധരിച്ചുകൊണ്ടോ, ഭക്ഷണം കഴിച്ചു തൃപ്തനായിട്ടോ, ഉപനിഷൽസൂക്തങ്ങളോ മന്ത്രങ്ങളോ ഗോവൽകീർത്തനങ്ങളോ ഉച്ചരിച്ചുകൊണ്ടു് വരുന്ന ബ്രാഹ്മണൻ സിദ്ധികളെയും നൽകുന്നു. ഉത്തമശകുനമാണെന്നു സാരം.

മൂ — ശ്വേതാംബരാശ്വേതവിലേപനാഢ്യാ
മാല്യംസിതംമൂർദ്ധനിധാരയന്തീ
ഹൃഷ്ടാപ്രകൃഷ്ടാനടദ്ഗൗരവർണ്ണാ
നാരീനടെസ്മദ്വിപദോ ഭവേത്തി.

അ — വെള്ളത്തുണ്ടുടുത്തു, വെള്ളത്തകിറുകൂട്ടുകളും പൂശി വെള്ളത്തപൂമാലയും തലയിൽചൂടി സന്തുഷ്ടയായി വെള്ളത്ത നിറത്തോടുകൂടിയ കുചീനയായ ഒരു സുന്ദരി അഭിമുഖമായിവന്നാൽ ഇഷ്ടസിദ്ധി ഭവിക്കും.

മൂ — കൃഷ്ണാംബരാകൃഷ്ണവിലേപനാഢ്യാ
കൃഷ്ണാംസ്രജം മൂർദ്ധനിധാരയന്തീ
ദൃഷ്ടാസകോപായടി കൃഷ്ണവർണ്ണാ
നാരീനടെസ്മദ്വിപദോ ഭവേത്തി.

അ — കറുത്ത മുണ്ടുടുത്തു് കറുത്ത കുറിക്കൂട്ടുകളും പൂശി, കറുത്ത പൂമാലയും ചൂടി കറുത്ത നിറമുള്ളവളായി രോഷത്തുക്ഷമായ മുഖത്തോടുകൂടിയ ഒരുത്തി ശകുനംവന്നാൽ പോകുന്ന വഴിക്കു് അപ്രത്തുണ്ടാകുമെന്നറിഞ്ഞുകൊള്ളണം.

മൂ:— ദുഷ്ടാശുഭശകുനാന്യപി
ഹൃഷ്ടഃപഠിതക്ഷിണേനകുർവീത
അശുഭാനിഹിവാമേനച
ശുഭാന്യേസർവ്വതിരുദിതം ഹി.

അ—നല്ലനിമിത്തങ്ങൾ കണ്ടാൽ സന്തോഷത്തോടെ അവയെ വലത്തുഭാഗത്തൊഴിച്ചു കടന്നുപോകണം. ദുർന്നിമിത്തങ്ങളെ ഇടത്തു ഭാഗത്തേക്കും ഒഴിക്കണം.

ഇനി ശുഭാശുഭശകുനങ്ങളെക്കുറിച്ചു ഗ്രന്ഥാന്തരങ്ങളിൽ പറഞ്ഞിട്ടുള്ള ചില ഭാഗങ്ങളെ ഗ്രന്ഥപരിപൂർണ്ണതയ്ക്കായി സംഗ്രഹിച്ചു് ഇവിടെച്ചേർക്കുന്നു.

മഞ്ഞൾ, മംഗല്യംകഴിത്തിലുള്ള വാഴ, ഇളനീർ, ഇരട്ടബ്രാഹ്മണർ, മാവില, വെണ്ണ, വിഴുപ്പുമണ്ണു്, അലക്കുകാരൻ, പെട്ടി, കുട്ടിയെ എടുത്തിരിക്കുന്നവർ, പൊരി, പരിമളവസ്തുക്കൾ, ഇരട്ടവിധവകൾ, ഉത്സവം, ഭജനക്കാരുടെ സംഘം, പെടിയുടെ തൈകൾ, ഭോജനം കഴിച്ചു സന്തുഷ്ടരായി വരുന്നവർ, ധാന്യമൂടകൾ, പലഹാരം, ഇത്യാദിയും, ശുഭശകുനങ്ങളിൽ ഉൾപ്പെടുത്താവുന്നതായി പറയപ്പെട്ടിരിക്കുന്നു. വേശ്യാപുത്രൻ, അലക്കുമണ്ടകെട്ടു്, കോടാലി, കത്തി ഉളി, വളരെ അകലെ വീടായ സ്ത്രീ, വേടൻ, കുരുടൻ, 'അയ്യയ്യോ' ഇത്യാദി ദീനസ്വരം, മുഖം മറച്ചവർ, പുകയാത്ത തീയ്, മോടിവിട്ടുക്കാരൻ, പകൽവേഷക്കാരൻ, ക്ഷീണൻ, മുടവൻ, പണ്ടാരം, പുത്രശൂന്യം, പോരാളി, ഒറ്റബ്രാഹ്മണൻ, പുണ്ണു്, അരുട്ടു്, പിച്ചക്കാരൻ, കുശവൻ, പൈത്യർ, കശാപ്പുകാരൻ, അമ്മാവനാത്തോർ, വലവീശുന്നവൻ, ചൂൽ, മുറം, ഭർത്താവുള്ള സ്ത്രീ ഇത്യാദി അശുഭശകുനങ്ങളിൽ ഉൾപ്പെടുമെന്നും പറഞ്ഞിരിക്കുന്നു.

പക്ഷിമൃഗാദികളുടെ ശകുനഫലം.

ഹംസം (അരയന്നം)

മൂ— കാഷ്ഠാസുസംവാസപദർശനേന
ഹംസസ്യശബ്ദേനച സംനിധിഃ
നാമാനി ഹംസസ്യ ശൃണോതിനസ്ഥ
പ്രാന്തിനാശം ദുരിതാനിതസ്യ

അ:—യാത്രപുറപ്പെടുമ്പോൾ അരയന്നത്തെ ഏഴുതടിക്കിൽ കണ്ടാലും അരയന്നത്തിന്റെ ശബ്ദം കേട്ടാലും സംസിദ്ധിഫലം. അരയന്നത്തിന്റെ നാമശ്രവണംപോലും വാഞ്ഛാഫലമാണെന്നു പറഞ്ഞിട്ടിരിക്കുന്നു. അന്നങ്ങൾ നാലുപ്രകാരത്തിലുണ്ടല്ലോ. അവ നാലും ഒരുപോലെ ഫലപ്രദങ്ങളായിരിക്കകൊണ്ട് സാമാന്യേന ഹംസശബ്ദം കൊണ്ടു പറയപ്പെട്ടു.

ബകം (കൊക്കുപക്ഷി)

മൂ— വാമാംഘ്രിണൈകേന ബകഃസ്ഥിതഃ സൽ-
ധനർദ്ധിപത്നീവിഷയാപ്തി ഹേതുഃ
പുനഃ പുനഃപശ്യതി ഭൂമിപാന്തേ
യോവാ സവിഘ്നാനപഹന്തി സർവ്വാൻ.

അ— കൊക്ക്, ഇടത്തുകാൽമാത്രം നിലത്തുന്നിയിരിക്കുന്നതു കണ്ടാൽ ധനവൽഭാര്യാസുഖപ്രാപ്തിയും ഫലമെന്നറിഞ്ഞു കൊള്ളണം. ഇടയ്ക്കിടെ വഴിപോക്കനേയും ഇടയ്ക്കിടെ ഭൂതലത്തെയും മാറിമാറി നോക്കുകയാണെങ്കിൽ സർവ്വവിഘ്നങ്ങളും നശിക്കും.

മൂ— ത്രസ്ഥാബകോയഃ കകുഭശ്ചതസ്രഃ
പശ്യൻകൃതം ചേഷ്ടിതമേവം ബ്രവീതി
നിരൂപയന്നാത്മവധൂവിശങ്കഃ-
സ്ത്രീരത്നലാഭായ ദിനത്രയേണ.

അ— കൊക്ക്, യാത്രയോടെ നാലുദിക്കിലേക്കും നോക്കിനോക്കിയിരിക്കയാണെങ്കിൽ ചോരഭയം സംഭവിക്കുമെന്നറിയുക. ശംകാകുലനായി ആത്മരക്ഷയെ നിരൂപിച്ചിരിക്കുകയാണെങ്കിൽ മൂന്നു ദിവസത്തിനകം നല്ല സ്ത്രീരത്നത്തിന്റെ ലാഭം വരിക്കുന്നതാണ്.

ചക്രവാകം.

മൂ— സഹാനഷ്ടു സന്ധ്യാപരിചക്രവാക-
യുഗ്മം സമുല്ലോരവവീക്ഷണാഭ്യാം
വിക്ഷിപ്യമാനം സവിഷാദമേഷ്ട-
മാത്മസ്വരം സൂചയിപദേവ.

അ— ചക്രവാകപ്പക്ഷി ഇണപിരിഞ്ഞ് ഏതു ദിക്കിൽ ഇരുന്നു ശബ്ദിച്ചാലും നോക്കിയാലും സന്ധ്യൽസമൃദ്ധിഫലമെന്നറിക. ദുഃഖിച്ചും ദീനമായും ആത്മസ്വരം പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ആപൽകാരണമാകയും ചെയ്യും.

സാരസം (വണ്ടാരങ്കോഴി)

മൂ— ഇഷ്ടാത്മസിദ്ധിംസകലാസുദക്ഷു
സസാരസദ്വന്ദ്വവിലോകനേന
ശ്രുത്വാസ്യ വൃക്ഷേനിനദംനഗച്ഛേത്
സിദ്ധ്യൈത്യഭീഷ്ടം ഗ്രഹ ഏവ നസ്മാത്.

വാമേനയോഷിദ്ധനലാഭകാരി
ശബ്ദേസ്ഥിതാഗ്രേപതതോത്ഥിതൈഷ്യൈ
പാർശ്വദ്വയേസാരസയുഗ്മമേകം
കൃതാരവം ജല്പതികന്യകാപ്തം.

അ—സാരസദ്വന്ദ്വത്തെ—രണ്ടു വണ്ടാരങ്കോഴികളെ—ഏതുദിക്കിൽ കണ്ടാലും ഇഷ്ടസിദ്ധിഫലം എന്നറിഞ്ഞുകൊൾക. യാത്രക്കാരന്റെ പിന്നിൽ വണ്ടാരങ്കോഴികൾ കൂസുന്ന ശബ്ദം കേട്ടാൽ അത്യന്തശുഭഫലം. ആ കാര്യത്തിനായിപ്പിന്നെ പോകണമെന്നില്ല. തിരിച്ചു വീട്ടിൽ വന്നിരുന്നാൽ മതി. ആ കാര്യം സാദ്ധ്യമാകും.

ഇടത്തുവശത്തു സാരസത്തിന്റെശബ്ദം കേട്ടാൽ ധനലാഭവും മുൻവശം കേട്ടാൽ രാജാവിൽനിന്നു ധനലാഭവും രണ്ടു പാർശ്വങ്ങളിലാണെങ്കിൽ കന്യകാലബ്ധിയും ഫലം.

കാരണ്ഡവാദി പക്ഷികൾ.

മൂ— കാരണ്ഡവാടീജലവാരസാനാം
ഉപസ്ഥിതാഭ്യാം രവവീക്ഷണാഭ്യാം
ബഹ്വന്നി ദുഃഖാനി ഭവന്തിഗന്തുർ-
മുഹുഃപ്ലവാദ്യാസ്തടാരേ പ്രശസ്താഃ.

അ—കാരന്ധവം (കുളക്കോഴി) ആടി (താറാവ്) ജലവായ്സം (നീർക്കാക്ക) ഇവയെക്കാണുകയോ ഇവയുടെ ശബ്ദം കേൾക്കുകയോ ചെയ്താൽ യാത്രക്കാരനു വലുതായ ദുഃഖം ഉണ്ടാകും. ഇപ്പറഞ്ഞവ കൂടാതെയുള്ള ജലപക്ഷികളെ കണ്ടാൽ ഫലം ശോഭനമായിരിക്കുമെന്നും വിധി.

രാജശുകം (പഞ്ചവർണ്ണത്തത്ത.)

മൂ— വാമേപഠൻ രാജശുകഃ പ്രയാണേ
ശുഭോ ഭവേദ്ദക്ഷിണതഃ പ്രവേശേ
വനേചരാഃ കാപ്യുശുകാഃപ്രയാണേ
സ്യുഃ സിദ്ധിദാഃ സമ്മുഖമാപതന്തഃ.

അ—യാത്ര പുറപ്പെട്ടുമ്പോൾ രാജശുകം ഇടത്തുഭാഗത്തിരുന്ന് സംസാരിച്ചാൽ ഫലം ശോഭനമാണെന്നറിക. ഗൃഹപ്രവേശസമയത്ത് വലത്തുഭാഗത്തു ശബ്ദിച്ചുകൊണ്ടിരിക്കുന്നതത്രേ ശുഭം. മനുഷ്യരെപ്പോലെ സംസാരിക്കുന്ന ശുകത്തിനാണ് രാജശുകമെന്നു പേര്. കാട്ടുതത്തകൾ യാത്രക്കാരന് അഭിമുഖമായി പറന്നുവന്നാലും ഫലം ശുഭമായിരിക്കും.

ശാരിക.

മൂ— കലിഃസമംദക്ഷിണതശ്ചപൃഷ്ഠേ
പ്രേഷ്യാഗമിഷ്യേഃസഹവാമതശ്ച
സ്ത്രീഭിഃസമംദക്ഷിണതശ്ചപിത്രാ
സ്യാൽശാരികായാമവിലോകിതായാം.

അ— പെൺതത്തയെ മുമ്പിൽ കണ്ടാൽ ശത്രുക്കളോട് കലഹവും പിമ്പിൽ കണ്ടാൽ ബന്ധുക്കളോട് കലഹവും ഇടത്തുവശത്തുകണ്ടാൽ പെണ്ണുങ്ങളോട് കലഹവും വലത്തുവശത്തു കണ്ടാൽ പിതാവിനോട് കലഹവും ഫലമായിരിക്കും.

ഭരദ്വാജം മുതലായവ.

മൂ— സദാ ഭരദ്വാജചകോരയോഃസ്വർ-
നിനാദനാമഗ്രഹണേക്ഷിതാനി
സർവ്വത്രസർവ്വാഭിമതാർത്ഥസിദ്ധ്യൈ
ഹാരീതമപ്യേവമുദാഹരന്തി.

അ— ഭരദ്വാജത്തിന്റെയും ചകോരത്തിന്റെയും ശബ്ദം കേൾക്കുന്നതും അവറ്റെക്കാണുന്നതും അവയുടെ നാമഗ്രഹണംതന്നെയും സർവ്വകാര്യങ്ങളിലും ഇഷ്ടസിദ്ധികരമാകുന്നു. ഹാരീതവും അപ്ര

കാരംതന്നെയെന്നു പറയപ്പെട്ടിരിക്കുന്നു. ഭേരുണ്ഡം എന്നതു്, ഉത്തര ഇൻഡ്യയിൽ കാണപ്പെടുന്ന ഒരു പക്ഷിയാകുന്നു. ഉഷ്ണകാലങ്ങളിൽ കേരളത്തിലും അവയെക്കാണാം. ചകോരം പ്രസിദ്ധപക്ഷിയാകുന്നു. ഹാരീതം, ചൂളപ്രാവാകുന്നു.



മയൂരം (മയിൽ)

മൂ— മയൂരശബ്ദേപ്രഥമേഽത്ഥലാഭേ
സ്ത്രീയംദ്വിതീയേലഭതേതൃതീയേ
നൃപദ്വയംചൈവഭയംചതുർത്ഥേ
ഭീഃപഞ്ചമേസിദ്ധ്യതികർമ്മഷഷ്ഠേ.

അന്യാൻക്ഷുധാർത്താപിദധാതിനാടാൻ
മിഷ്ടാന്നഭോവാമമുപൈതികേകീ
മംഗല്യഭോജ്യസ്യതിഭോഷിതസ്യ
പ്രീതിഃശ്രുതേതസ്യവിലോകിതേന.

അ— മയിൽ ശബ്ദിക്കുന്നതു കേട്ടാലുള്ള ഫലം പറയുന്നു. ഒന്നാമത്തെ ശബ്ദം അർത്ഥലാഭത്തെയും രണ്ടാമത്തേതു് സ്ത്രീലാഭത്തെയും ചെയ്യുന്നതായിരിക്കും. മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും ശബ്ദം അനിഷ്ടമാണു്. അവ യഥാക്രമം, രാജഭയം, ചോരഭയം, ഭീതി ഇവയെ ചെയ്യുന്നു. ആറാമത്തെ ശബ്ദം കർമ്മസിദ്ധിപ്രദമാകുന്നു.

അത്യന്തം വിശപ്പുകൊണ്ടു് മറു ശബ്ദങ്ങളെ പുറപ്പെടുവിക്കയും ഇടതോടൊഴിയുകയും ചെയ്താൽ മിഷ്ടാന്നഭോജനം ലഭിക്കുമെന്നും നൃത്തംചെയ്യുകയാണെങ്കിൽ സകല മംഗളത്തെയും ചെയ്യുമെന്നും നൃത്തസമയത്തെ ഭോഷിതം സന്തുഷ്ടികരമാണെന്നും നോട്ടം ശുഭകരമാണെന്നും പറയപ്പെടുന്നു.

ദാത്യൂഹം (നത്ത്).

മൂ— സംകീർത്യമാലോകനമാദയാനൈ
ത്രയോഽതദാത്യൂഹഗതിം മനുഷ്യഃ
സിദ്ധിപ്രദം സർവ്വമനോരഥാനാം
ദാത്യൂഹവൽകൃകടമാമനന്തി.

അ— ദാത്യൂഹത്തിന്റെ നാമഗ്രഹണം, ദർശനം, ശബ്ദം, നടത്ത ഇവയെപ്പറ്റി ശകുനഫലം അറിഞ്ഞുകൊള്ളണം. ഇവയെല്ലാം സകലാഭീഷ്ടങ്ങളേയും സാധിക്കുന്നതാകുന്നു. ദാത്യൂഹത്തെപ്പോലെതന്നെ കൃകടത്തെയും ഗണിക്കപ്പെടുന്നു. കൃകടം പൂവൻകോഴിയാണെങ്കിലും ഇവിടെ നീർക്കോഴിയെന്നു ധരിക്കണം.

ലാവകം മുതലായവ.

മൂ— ഖഗോഽത്രനോലാവകനാമധേയഃ
ഖരൌചചാകോരക്രകാരഭിഖാനൌ
ത്രയോപിതേതിത്തിരിതുല്യചേഷ്ടാഃ
പുരോവ്രജന്തോബഹവോത്ഥസിദ്ധ്യൈ.

അ—, ലാവകം(ഉൎക്കിക്കിൽ) എന്നു പക്ഷിയും ചകോരമെന്നും ക്രകരം(ഇരുവാൽച്ചാത്തൻ) എന്നും പേരായ പക്ഷികളും ചിച്ചിരിപ്പക്ഷികളെപ്പോലെ ഇഷ്ടഭക്ഷണമുള്ളവയാകുന്നു. കൂട്ടമായി മുൻഭാഗത്തുപറന്നാൽ കാൎയ്യസാദ്ധ്യം ഫലമെന്നറിഞ്ഞുകൊള്ളണം.

ഗൃധ്രം(കഴുകുപക്ഷി.)

മൂ— വാമോപസവ്യഃപുരതോഥപൃഷ്ഠേ
യുദ്ധംവിഭേദോമരണംശ്രിയശ്ച
ഗൃധ്രഃസ്ഥിതഃസൻകുരുതേക്രമേണ
ശബ്ദോപസവ്യോഥവിപത്തിഹേതുഃ

അൎത്ഥം—കഴുകുപക്ഷി ഇടതുവശത്തിരുന്നാൽ യുദ്ധവും വലതുവശത്തിരുന്നാൽ കലഹവും (പിണക്കവും) മുൻവശത്തിരുന്നാൽ മരണവും പിൻവശത്തിരിക്കയാണെങ്കിൽ സമ്പത്തും ഫലം. ഇടതുവശത്തിരുന്നു ശബ്ദിക്കയായാൽ അപത്തുണ്ടാവുമെന്നും അറിയുക.

ശ്യേനം (പരുന്തുപക്ഷി.)

മൂ— പ്രദക്ഷണീകൃത്യനരംവ്രജന്തോ
യാത്രാസുവാമേനഗതാഃപ്രവേശേ
ശ്യേനാഃ പ്രശസ്താഃ പ്രകൃതസ്വരാസ്തേ
ശാന്താഃ പ്രദീപ്താ വികൃതസ്വരാസ്തു.

അൎത്ഥം—യാത്രയിൽ പരുന്ത് വലതുവശം പറന്നൊഴിയുകയായാൽ ശുഭഫലം. ഗൃഹപ്രവേശസമയത്തു് ഇടതുവശം പറന്നൊഴിയുന്നതും ശുഭമാകുന്നു. പ്രകൃതസ്വരങ്ങളാണെങ്കിൽ അവ ശാന്തങ്ങളാണെന്നും വികൃതസ്വരങ്ങളണെങ്കിൽ ദീപ്തങ്ങളെന്നും അറിഞ്ഞുകൊള്ളണം.

ഉലൂകം (മൂങ്ങാ:)

മൂ— അയോകശബ്ദൈൎന്നിശി കൌശികസ്യ
വാമെ ശുഭെ ദക്ഷിണതോതിനിന്ദ്യൌ
പ്രയാനയാനം വിദധാതിതസ്യ
സമീഹിതം സിദ്ധിഫലംയിയാസോഃ.

ക്രോതിഹ്രം ഹ്രാ ഹ്രമിതിധ്വനിംയോ
ന്നേഷ്ടോനദുഷ്ടഃ സയതോരതാത്മീ
ചലസ്വരഃ സ്യാൽ കലഹായശബ്ദഃ
കീകീതിശബ്ദോ ഗുരുലസ്ത്വശാന്തഃ.

രാത്രൌ ഗൃഹസ്യോപരിഭോഷമാണോ
ദുഃഖായമൂകഃസുതമൃത്യവേ ച
ഗൃഹസ്യനാശായ ച സച്ഛരാത്രാ-
ന്നാശായരാജ്ഞോത്വിഹരാത്രമന്ധീ.

ത്വഹംഗൃഹദ്വാരിരുദന്മൂകോ
ഹരന്തിചൌരാദ്രവിണാന്യവശ്യം
തസ്മിൻപ്രദേശേനിശിമാംസയുക്തഃ
തദ്ദോഷനാശായബലിഃപ്രദേയഃ.

പ്രാഗ്ഗ്രാമപുരോവാപഥികസ്യശബ്ദം
കുർവൻസദാസൂചയതിപ്രണാശം
വിശേഷതോവ്യക്തസവൈരിശബ്ദോ
ദുഷ്ടഃപ്രദിഷ്ടോഥനിസർവദിക്ഷു.

അ—മൂങ്ങയെ രാത്രിയിൽ കാണുകയോ അതിന്റെ ശബ്ദം കേൾക്കയോ ചെയ്താൽ വലതുവശത്താണെങ്കിൽ നിന്ദ്യവും ഇടതുവശത്താണെങ്കിൽ ശുഭവും അകുന്നു. യാത്രക്കാരന്റെ പുറകിൽ സഞ്ചരിക്കയാണെങ്കിൽ ഇഷ്ടഫലത്തെ ചെയ്യുന്നു. ഹും ഹും ഹും എന്നിങ്ങനെ ശബ്ദിക്കയാണെങ്കിൽ അതുകൊണ്ടു ഗുണവും ദോഷവും പറവാനില്ല അപ്പോൾ അതു് തന്നെ ഇച്ഛിക്കുന്നതായിരിക്കുമത്രെ. ചലസ്വരമായി ശബ്ദിച്ചാൽ കലഹത്തെ പറയണം. മൂങ്ങയുടെ കീകീ ശബ്ദം ഭീതിയും ഗുരുശബ്ദം ശാന്തിയുമാകുന്നു. രാത്രിയിൽ ഗൃഹത്തിന്റെ മുകളിലിരുന്നു ശബ്ദിക്കുകയാണെങ്കിൽ ദുഃഖത്തിനും പുത്രമരണത്തിനും കാരണമായിത്തീരും. ഏഴുദിവസം തുടരെ അങ്ങനെ ശബ്ദിച്ചാൽ ആ വീട്ടിനു നാശമുണ്ടാകുമെന്നും പതിനാലുദിവസം തുടരെ ശബ്ദിച്ചാൽ രാജാവിനു നാശംവരിക്കുമെന്നും അറിഞ്ഞുകൊള്ളണം. വീട്ടുവാതുക്കൽ മൂന്നുദിവസം തുടരെ ശബ്ദിക്കുകയാണെങ്കിൽ കള്ളന്മാർ ധനം കവർന്നുകൊണ്ടുപോകുമെന്നു നിശ്ചയം. അങ്ങനെ വരിക്കാതിരിക്കാൻ ആ പ്രദേശത്തു മാംസം കൂട്ടിയുള്ള ബലികർമ്മം നടത്തിക്കൊള്ളണമെന്നുവിധി. യാത്രക്കാരന്റെ മുമ്പിലോ പിമ്പിലോ ഇരുന്നു ശബ്ദിച്ചാൽ നാശം ഫലമാകുന്നു. ഇപ്പറഞ്ഞതെല്ലാം രാത്രികാലത്തെ ഫലമാകുന്നു. പകൽ മൂങ്ങയുടെ ശബ്ദം ഏതുദിക്കിൽ കേട്ടാലും നിന്ദ്യംതന്നെയാകുന്നു.

കപോതം (മാടപ്രാവു്).

മൂ— അവാമഗോ ഭ്രുത്യവിനാശനായ
വാമാഗ്രതോ ധാന്യധനസ്യലബ്ധ്യൈ
പൃഷ്ഠപ്രയാതോഽവതിപ്രയാതഃ
പ്രഭ്രഷ്ടഭീത്യൈനിയതം കപോതഃ.

അ—കപോതം വലതുഭാഗത്തുകാണപ്പെട്ടാൽ ഭൃത്യനാശവും ഇടതുംമുമ്പിലും കാണപ്പെട്ടാൽ ധാന്യധനലാഭവും പിന്നിലേക്കൊഴിയുകയാണെങ്കിൽ വലുതായ ഭയവും ഫലമെന്നറിഞ്ഞുകൊള്ളണം.

മൂ— ശസ്ത്രാനിസംജ്ഞൊരവവീക്ഷണാനി
കപോതകോ ചിന്നകപോതകസ്യ
കരോത്യസൗമൂർദ്ധനിയസ്യവിഘ്നാം
തമാശുനിർന്നാശയതേമനുഷ്യം.

അ—കപോതത്തിന്റെ നാമഗ്രഹണമോ ശബ്ദമോ നോട്ടമോ കരിക്കലും ഒരിടത്തും ശുഭഫലത്തെ ചെയ്കയില്ല. കപോതം ശിരസ്സിൽ കാഷ്ഠിച്ചാൽ ആ മനുഷ്യനു് അചിരേണനാശം സംഭവിക്കുമെന്നു പറയപ്പെട്ടിരിക്കുന്നു.

കുക്കുടം (പൂവൻകോഴി.)

മൂ— അവാമഭാഗാപഥികസ്യശസ്യേ
ചാരോകശബ്ദേന കിലകുക്കുടസ്യ
ഭീതോപിശബ്ദം കുകുകുഷ്ഠതീവ
മസൗ വിധുഷ്ടമനയേത്യഭീഷ്ടഃ.

അ—പൂവൻകോഴി വലതുഭാഗത്തുനിന്നു് കുകുകയോ വലതുഭാഗത്തു് പൂവൻകോഴിയെ കാണുകയോ ചെയ്താൽ വളരെ ശുഭമാകുന്നു. ഭയപ്പെട്ടിട്ടു്, കുക്കു എന്ന ശബ്ദം പുറപ്പെടുവിക്കയാണെങ്കിൽ അതു ഉപ്പുസിദ്ധികരമാകയുമില്ല.

കാകം.

മൂ— അഥോച്യതേ കാകരുതം രുതാനാം
മൂർദ്ധ്നിസ്ഥിതം ശാകുനദോഷിതാനാം
അചിന്തിതാ വേദിതഭീരികാണ്ഡം
പൂർവ്വാദികായാ പ്രഹരക്രമേണ.

അ—ശകുനശാസ്ത്രത്തിൽ പറയപ്പെട്ടിട്ടുള്ള രുതങ്ങളിൽ മുഖ്യം കാകരുതം—കാക്കയുടെ കരച്ചിൽ—ആണു്. അതു് അറിയപ്പെടാത്ത

അനേകം കാര്യങ്ങളെ അറിയിക്കുന്നതുമാണ്. ഈ പ്രകരണത്തിൽ കിഴക്കു മുതലായ ദിക്കുകളിൽ ഭവിക്കുന്ന കാകരൂപത്തിന്റെ ഫലത്തെ യാമക്രമമനുസരിച്ചു പറവാൻ തുടങ്ങുന്നു.

മൂ— യേ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാഃ
കാകാഃ ഭവന്ത്യന്ത്യജപഞ്ചമാസ്തേ
വർണ്ണാകൃതിഭ്യാമുഷിഭോഷിതാഭ്യാം
സങ്കീർണ്ണഭാവൈരഭിലക്ഷണീയാഃ.

അ— ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, അന്ത്യജൻ, അഥവാ പഞ്ചമൻ ഇങ്ങനെ അഞ്ചുജാതിയാണ് കാക്കകൾ. നിറം ആകൃതി മുതലായവയാൽ കാരോ ജാതിക്കും ലക്ഷണം പറയപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് അഭിജ്ഞന്മാർക്കു നോക്കിയാൽ അറിയാവുന്നതുമാണ്.

മൂ— ബൃഹൽപ്രമാണോ ഗുരുദീർഘതുണ്ഡോ
ദൃഢസ്വനഃകൃഷ്ണവപുഃ സ വിപ്രഃ
പിംഗാക്ഷനീലാസ്യ വിമിശ്രവർണ്ണഃ
സ്യാൽക്ഷത്രിയോരുക്ഷ രവോ രണശ്രൂഃ.

അ— വലിയ ശരീരവും കനത്തു നെടിയ തുണ്ടും ഉറച്ച ശബ്ദവും കരിങ്കുറുപ്പു നിറവും ഉള്ള കാക്ക ബ്രാഹ്മണനാകുന്നു. പിംഗനിറമുള്ള കണ്ണും കറുത്ത തലയും കറുപ്പും വെളുപ്പും കലർന്ന നിറവും രൂക്ഷശബ്ദവുമുള്ള കാക്ക ക്ഷത്രിയനാകുന്നു. ഇതിനു നല്ല ശൂരത്വമുണ്ടായിരിക്കും.

മൂ— അപാണ്ഡുനീലഃ സിതനീലചഞ്ചൂർ
നാത്യന്തരൂക്ഷാടിതൈശ്ചവൈശ്യഃ
സ്നിഗ്ധവിർഭ്രുകികകാരശബ്ദഃ
ശൂദ്രഃ കൃശാംഗഃ ചപലോതിരൂക്ഷഃ.

അ— അല്പം വെളുപ്പാടിക്കുറുത്ത ശരീരവും വെളുപ്പും കറുപ്പും കലർന്ന കൊക്കും അല്പമായും രൂക്ഷമായ ശബ്ദവും ഉള്ള കാക്ക വൈശ്യനാകുന്നു. സ്നിഗ്ധത്തിന്റെ നിറംപോലെയുള്ള നിറവും പുരികപ്പൂവും 'കാ' 'കാ' ശബ്ദം പുറപ്പെടുവിക്കുന്നതിലധികവും കൃശമായ ശരീരവും ചപലസ്വഭാവവും ഉള്ള കാക്ക ശൂദ്രനാകുന്നു. ഇതു മഹാരൂക്ഷമാണല്ലോ.

മൂ— വിരൂക്ഷസൂക്ഷ്മാസ്യ തനുർവിശംകോ
യഃകന്ധരാം ദീർഘതരാം ബിഭർത്തി
സ്ഥിരാനനഃ സ്വൈർയുസമേതബുദ്ധിഃ
കാകോന്യജാതിഃ സതുപഞ്ചമോഽത്ര.

അ—വിശേഷേണ സൂക്ഷ്മമായ മുഖവും ദേഹവുമുള്ളതും ഭയമില്ലാത്തതും നെറിയ കഴുത്തുള്ളതും സുസ്വരമായ മുഖത്തോടുകൂടിയതും ആയ കാക്ക അന്ത്യജാതിയാകുന്നു. ഇതിന് പഞ്ചമനെന്ന പേർ.

മൂ— ദ്രോണാദിധൃക്ഷ്ണവപൂർദ്ദിഗ്ദോഷയോ
ഗ്രാഹ്യസകാശം ഖലുഭവ്യവൃത്ത്യാ
തസ്മാദ്ദരിദ്ര്യാമഗളേ നിധീക്ഷ്യം
ശ്വേതസ്യനിന്ദ്യാദ്ഭുതദർശനാസെയ.

അ— ദ്രോണൻ എന്ന പേരോടുകൂടിയ കറുത്ത നിറമുള്ള ബ്രാഹ്മണക്കാക്കയെത്തന്നെ പ്രധാന്യേന ഗണിച്ചുകൊള്ളണം. അതിനെക്കഴിഞ്ഞ മുഖ്യതേജനം ഗണിക്കേണ്ടതു് ചുവന്ന കഴുത്തുള്ള കാക്കയെ ആകുന്നു. വെളുത്ത കാക്കയ്ക്കു പ്രാധാന്യമില്ല. എന്നല്ല, അതു് നിന്ദ്യവുമാകുന്നു. വെളുത്ത കാക്ക അത്ഭുതദർശനമാണത്രെ. അതായതു് വല്ല അത്ഭുതങ്ങളും ലോകത്തു സംഭവിച്ചാൽ ഇത്തരം കാക്ക ഉടനെ ഇറങ്ങിസ്സഞ്ചരിക്കുന്നതു കാണാം.

മൂ— വിപ്രഃസ്ഫുടം ജല്പതിപ്രയത്നമാനോ
ന്യൂനാന്തരഃ ക്ഷത്രിയജാതിരാഹ
അഭ്യാതിവൈശ്യസ്തുധിവാസനേന
ബ്രവീതിശൂദ്രോ ബലിദാനലോഭാത്.

അ— ബ്രാഹ്മണക്കാക്ക ഉത്തമനാകുന്നു. ഫലം അറിയിച്ചുതരണമെന്നുള്ള പ്രാർത്ഥനയോടുകൂടി വല്ലതും ചോദിച്ചാൽ, അനുരൂപമായ സ്ഥാനത്തിരുന്ന് സ്പഷ്ടമായി കരയുന്നു ശബ്ദിക്കും. ക്ഷത്രിയൻ അതിലല്പം താണതരമാണ്. വിധിപ്രകാരം പൂജിച്ചാൽ വൈശ്യജാതിക്കാക്ക ഫലസൂചകശബ്ദം പുറപ്പെടുവിക്കും. ബലിദാനലോഭത്താൽ ശൂദ്രക്കാക്ക ശബ്ദിക്കും.

മൂ— പ്രശ്നംകൃതം ജല്പതിസാവ്യവർണ്ണം
സദാസമസ്ഥം വിഹഗോന്ത്യജാതിഃ
സദ്യസ്ത്രിസപ്താഹ ദശാഹപക്ഷൈഃ
പഞ്ചാപികാകുഃ ഫലദാഃക്രമേണ.

അ—അന്ത്യജാതിക്കാക്ക എല്ലാക്കാലത്തും എല്ലാക്കാര്യത്തെക്കുറിച്ചും ഉള്ള പ്രശ്നത്തിനു ഫലം ഉടനെ പറയുന്നു. ബ്രാഹ്മണക്കാക്ക ശബ്ദിക്കുന്ന ഫലം ഉടനെ അനുഭവപ്പെടും. ക്ഷത്രിയക്കാക്ക ശബ്ദിക്കുന്നതു മൂന്നുദിവസംകൊണ്ടും വൈശ്യജാതി ശബ്ദിക്കുന്നതു് ഏഴുദിവസംകൊണ്ടും ശൂദ്രജാതിയുടേതു് പത്തുദിവസംകൊണ്ടും പഞ്ചമന്റേതു് പക്ഷംകൊണ്ടും അനുഭവപ്പെടുന്നു.

മൂ — സൂര്യോദയേ പൂർവ്വദിശിപ്രശസ്തേ
സ്ഥാനേസ്ഥിതോരേ മധുരം വിരൌതി
നാശംഗതിപോശ്ചിന്തി കൊയ്ത്തു സിദ്ധിം
സ്ത്രീരത്നലാഭഞ്ച കരോതികാകഃ.

അ — സൂര്യോദയസമയത്തു്, കിഴക്കേ ദിക്കിൽ നല്ലസ്ഥാനത്തിരുന്നു്, മധുരശബ്ദം പുറപ്പെടുവിക്കയാണെങ്കിൽ, ശത്രുനാശവും കാര്യസിദ്ധിയും സുന്ദരിയായ സ്ത്രീയെ ലഭിക്കുകയും ഫലം.

ഇനിയും കാകരുതത്തെ സംബന്ധിച്ചു വളരെപ്പറവാനുണ്ടു്. ഗ്രന്ഥവിസ്താരഭയത്താൽ സംഗ്രഹിച്ചു് ഇവിടെച്ചേർക്കുന്നു. കാക പ്രഭാതത്തിൽ അഗ്നികോണിൽ നല്ല സ്ഥാനത്തിരുന്നു് ശബ്ദിക്കയാണെങ്കിൽ ശത്രുനാശവും സ്ത്രീലാഭവും ഫലം. പ്രഭാതത്തിൽ തെക്കേദിക്കിലിരുന്നു ശബ്ദിച്ചാൽ ദുഃഖം ഫലം. നിർഋതികോണിലിരുന്നു ക്രൂരമായി ശബ്ദിച്ചാൽ ദേഹപീഡയും കാര്യസാദ്ധ്യത്തിനു് അല്പമായ വിഘ്നവും ഫലം. പ്രഭാതത്തിൽ പടിഞ്ഞാറേദിക്കിലിരുന്നു ശബ്ദിച്ചാൽ മഴപെയ്യുമെന്നും സ്ത്രീലാഭം വസ്ത്രലാഭം രാജപുരുഷന്റെ ആഗമനം മുതലായോട്ട കലഹം ഇവ ഭവിക്കുമെന്നും അറിഞ്ഞുകൊള്ളണം. വായുകോണിലിരുന്നു പ്രഭാതത്തിൽ ശബ്ദിച്ചാൽ, വസ്ത്രം, അന്നപാനം, അഭീഷ്ടസിദ്ധി ഇവ ഫലം. വിരുന്നുകാരിക, ബ്രാഹ്മണഭോജനം മുട്ടുക, വിദേശവാസം ഇവയും ഫലമാകുന്നു. വടക്കേദിക്കിലിരുന്നു പ്രഭാതത്തിൽ ശബ്ദിച്ചാൽ ദുഃഖം, സർപ്പഭയം, ദാരിദ്ര്യം, ആഗ്രഹിച്ചതു കിട്ടാതെ പോകുക ഇത്യാദ്യനിഷ്ടഫലം. ഈശാനകോണിലിരുന്നു ശബ്ദിച്ചാൽ ഒരു സ്ത്രീയും അന്യജാതിജനായ ഒരു പുരുഷനും രോഗനിമിത്തമായി (രോഗം അനേഷിക്കാൻ) ആഗമിക്കുമെന്നും രോഗി മരിക്കുമെന്നും, അറിയണം. ഇഷ്ടവസ്തുലബ്ധിയുണ്ടാകുമെന്നും പറയപ്പെട്ടിരിക്കുന്നു. പ്രഭാതത്തിൽ ആകാശത്തു മധുരസ്വരമായി ശബ്ദിക്കുകയാണെങ്കിൽ ഫലം ഇഷ്ടമാകുന്നു. ഇഷ്ടസിദ്ധിയും ധനലാഭവും സ്വാമിപ്രസാദവും ഉണ്ടാകും.

മദ്ധ്യയാമത്തിൽ കാകരുതം.

മദ്ധ്യയാമത്തിൽ-അതായതു് പുഴുങ്ങുന്നാഴിക മുതൽ ഉച്ചയ്ക്കുകം-കിഴക്കേദിക്കിലിരുന്നു കാകശബ്ദിച്ചാൽ ഇഷ്ടസിദ്ധിയും ഇഷ്ടജനത്തിന്റെ വരവും കാര്യസാദ്ധ്യവും ഫലം. അഗ്നികോണിലിരുന്നു ശബ്ദിച്ചാൽ സ്ത്രീലാഭവും ശത്രുവധവും ഫലം. തെക്കേദിക്കിലായാൽ സ്ത്രീലാഭം സൌഖ്യം പ്രിയസമാഗമം ഇവ ഫലം. നിർഋതികോണിലാണെങ്കിൽ, പ്രിയപ്പെട്ട സ്ത്രീയെ ലഭിക്കുകയും, മിഷ്ടാശനം, ഉദ്ദേശിച്ചു

കായ്യം സാധിക്കുക ഇവ ഫലം. പടിഞ്ഞാറേദിക്കിലിരുന്നു ശബ്ദിച്ചാൽ, പൂജ്യജനത്തിന്റെ വരവും മഴപെയ്യുകയും ഫലം. വായുകോണിലായാൽ, വിദ്വജ്ജനസമാഗമം, രാജപ്രസാദം, വഴിയാത്രക്കാരനെക്കണ്ടുമുട്ടുക ഇവഫലം. വടക്കേദിക്കിലായാൽ, ദുഃഖവർത്തമാനം, കള്ളന്മാരെക്കുറിച്ചുള്ള വാർത്ത, ധനലാഭവാർത്ത ഇവ കേൾക്കുക ഫലം. ഈശാനകോണിലിരുന്നു ശബ്ദിച്ചാൽ സ്നേഹിതനെക്കാണുക, അഗ്നിഭയം, ബഹുജനസമാഗമം ഇവഫലം. ആകാശത്തിൽ ശബ്ദിച്ചാൽ സുഖഭോഗം, സമ്മാനം, സന്മൽപ്രാപ്തി ഇഷ്ടസിദ്ധി ഇത്യാദി ശോഭനഫലം.

രണ്ടാംയാമത്തിൽ കാകരുതം.

രണ്ടാംയാമത്തിൽ കാക്ക കിഴക്കേദിക്കിലിരുന്നുശബ്ദിച്ചാൽ, ഒരു വഴിയാത്രക്കാരന്റെ വരവു്, ചോരഭയം, വലിയ മനഃക്ലേശം, വലുതായശംകയ്ക്കു് അവകാശം ഇവഫലം അഗ്നികോണിൽ ഇരുന്നു ശബ്ദിച്ചാൽ, ശണ്ഠ, പ്രിയജനത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള കേൾവി, സ്ത്രീപ്രാപ്തി ഇവഫലം. തെക്കേദിക്കിലിരുന്നു ശബ്ദിച്ചാൽ വലിയ മഴ, ഭയം, പ്രിയജനത്തിന്റെയും, വശ്യജനത്തിന്റെയും വരവു് ഇവഫലം. നിൎതികോണിൽ, പ്രാണഭയവും, സ്ത്രീസുഖം ഭക്ഷണസുഖം, രോഗനാശം ഇവഫലം. പടിഞ്ഞാറേദിക്കിലിരുന്നുശബ്ദിച്ചാൽ, വലുതായ അഗ്നിഭയം, സ്ത്രീജനത്തിന്റെ വരവു്, വൃദ്ധി, പുഷ്ടി ഇവഫലം. വായുകോണിൽ ശബ്ദിച്ചാൽ വഴിയാത്രക്കാരുടെയും കള്ളന്മാരുടെയും സമാഗമം, ദൂതാഗമനം, സ്ത്രീലാഭം, മാംസലാഭം, അന്നലാഭം ഇത്യാദി ഫലം വടക്കേദിക്കിലിരുന്നുശബ്ദിച്ചാൽ, ധനാഗമനം ഇഷ്ടജനാഗമനം ജയം ഇത്യാദി ഫലം. ക്രൂരമായി ശബ്ദിക്കയാണെങ്കിൽ ചോരഭയം ഫലമെന്നും അറിഞ്ഞുകൊള്ളണം. ഈശാനകോണിലിരുന്നു ശബ്ദിച്ചാൽ ഗുരുനാഥൻ സൗഖ്യനായി വരുമെന്നും കായ്യം സാദ്ധ്യമെന്നും അറിക. രൂക്ഷമായി ശബ്ദിക്കയായാൽ, ചോരാഗ്നിഭയം മുതലായ അനിഷ്ടഫലം വരിക്കുമെന്നും പറയപ്പെട്ടുന്നു. ആകാശത്തിൽ ശാന്തശബ്ദം പുറപ്പെട്ടവിച്ചാൽ രാജപ്രീതി, മിഷ്ടാന്നഭക്ഷണം ഇത്യാദി ശോഭനഫലവും രൂക്ഷമായിശബ്ദിച്ചാൽ ചോരഭയംതുടങ്ങിയ അനിഷ്ടഫലവും കണ്ടുകൊള്ളണം.

മൂന്നാംയാമത്തിൽ കാകരുതം.

മൂന്നാംയാമത്തിൽ കിഴക്കേദിക്കിലിരുന്നു രൂക്ഷമായി ശബ്ദിച്ചാൽ മഴപെയ്യുകയും കള്ളന്മാരിൽനിന്നു ഭയം ഉണ്ടാകയും ഫലം. ശാന്തമായിട്ടാണു ശബ്ദിക്കുന്നതെങ്കിൽ രാജാഗമനവും ജയവും യാത്രകളിൽ

കാര്യസാദ്ധ്യവും ഫലം. അഗ്നികോണിലിരുന്നു തൃക്ഷമായി ശബ്ദിച്ചാൽ അഗ്നിഭയം, ശണ്ഠ, അനിഷ്ടവാർത്തകേൾക്കുക, കാര്യസാദ്ധ്യത്തിനു വിഘ്നം ഇത്യാദി ഫലം. ശാന്തമായി ശബ്ദിക്കയാണെങ്കിൽ ജയപ്രത്തമാനം മുതലായ ഉണ്ണഫലങ്ങൾ കേൾക്കുമെന്നും അറിഞ്ഞു കൊള്ളണം. തെക്കേദിക്കിലിരുന്നു ശബ്ദിച്ചാൽ വേഗത്തിൽ രോഗം ഉണ്ടാകുകയും ബന്ധുജനം ആഗമിക്കുകയും ക്ഷുദ്രങ്ങളായ കാര്യങ്ങളെല്ലാം തന്മുഖ്യതയോടെ സിദ്ധിയെ പ്രാപിക്കയുംചെയ്യും. നിൎഋതികോണിലിരുന്നുശബ്ദിച്ചാൽ, മഴക്കോളുണ്ടാകുമെന്നും മിഷ്ടാന്നഭക്ഷണത്തിക്കിടയാകുമെന്നും ശത്രുക്കൾ കീഴടങ്ങുമെന്നും ഫലം കണ്ടുകൊള്ളണം. അനിഷ്ടവാർത്ത കേൾക്കുക ശത്രുൻ ആഗമിക്കുക യാത്രാകാര്യത്തിനു വിഘ്നംസംഭവിക്കുക ഇവയും ഫലമായിരിക്കും. പടിഞ്ഞാറുദിക്കിലായാൽ നഷ്ടപ്പെട്ട ധനം ലഭിക്കുകയും ബന്ധുജനത്തിന്റെ വരവു്, ദൂരയാത്ര, സ്ത്രീയുടെ ആഗമനം, ഇഷ്ടവാർത്തകേൾക്കുക ഇവ ഫലം. യാത്രകളിൽ കാര്യസാദ്ധ്യവും ഫലം. വായുകോണിലിരുന്നുശബ്ദിച്ചാൽ മേഘങ്ങളാൽ ആകാശം മറഞ്ഞിരിക്കുക, കാറും മഴയും ഉണ്ടാകുക, കള്ളനെയും കട്ടമുതലും കിട്ടുക, സന്തോഷവർത്തമാനം കേൾക്കാൻ ഇടയാകുക, നല്ലസ്ത്രീയെ ലഭിക്കുക ഇവഫലം, ശാന്തസ്വരത്തിലാണു ശബ്ദിച്ചതെങ്കിൽ പോകുന്നകാര്യം ജയമായിരിക്കയുംചെയ്യും. വടക്കേദിക്കിലിരുന്നു ശബ്ദിച്ചാൽ, നൃപസേവകന്മാരിൽനിന്ന് അൎത്ഥലാഭവും ഭോജനപ്രാപ്തിയും സന്തുഷ്ടിയും സന്തോഷവർത്തമാനം കേൾക്കുകയും പ്രയാണവും വൈശ്യസമാഗമവും ഫലം. ഈശാനകോണിലിരുന്നു സുശബ്ദം പുറപ്പെടുവിച്ചാൽ ഭോജനലബ്ധിയും ജയവും ഫലം. തൃക്കശബ്ദം പുറപ്പെടുവിക്കയായാൽ, നാശവും ശണ്ഠയും ഫലം. ആകാശത്തിൽ ശബ്ദിച്ചാൽ മിഷ്ടഭോജനതാംബൂലസൽക്കാരാദി ശുഭഫലം.

നാലാംയാമത്തിൽ കാകരുതം.

നാലാംയാമത്തിൽ, കാക്ക കിഴക്കേദിക്കിലിരുന്നു ശബ്ദിച്ചാൽ, അൎത്ഥലാഭവും രാജപൂജയും ഭയവൃദ്ധിയും രോഗവും ഫലം. അഗ്നികോണിൽ ശബ്ദിച്ചാൽ ഭയം രോഗം മരണം ഇവയും ശിഷ്ടജനത്തിന്റെ ആഗമനവും ഫലം. തെക്കേദിക്കൽ ശബ്ദിച്ചാൽ, ചോരഭയം ശത്രുഭയം രോഗം മരണം ഇത്യാദ്യനിഷ്ടഫലം. ശിഷ്ടജനാഗമനവും ഫലമാകുന്നു. നിൎഋതികോണിൽ ശബ്ദിച്ചാൽ, വലുതായവ്യയവും ഇഷ്ടസിദ്ധിയും വഴിമേൽ കള്ളന്മാരുടെ ആക്രമണവും ഫലം. പടിഞ്ഞാറേദിക്കിൽ ശബ്ദിക്കയാണെങ്കിൽ ബ്രാഹ്മണാഗമനം അൎത്ഥലാഭം, സ്ത്രീജനത്തിന്റെ വരവു്, വിജയം, വൃഷ്ടി, രാജാവിന്റെ

യോ വൈശ്യപ്രഭുവിന്റെയോ സമാഗമം ഇവ ഫലം. വായുകോണിൽ ശബ്ദിച്ചാൽ അഗ്രഹിമ്മ സ്ത്രീയുടെ വരവും, ഏഴ്ദിവസത്തിനകം ഒരു വിദേശയാത്രയും സംഗതിയാകയും വേഗം തിരിച്ചെത്തുകയും ഫലം. വടക്കേദിക്കിൽ ശബ്ദിച്ചാൽ വഴിയാത്രക്കാർ വരിക, താംബൂലലാഭം, ഇഷ്ടവാർത്ത, വൈശ്യങ്കൽനിന്നു ധനം കിട്ടുക, സമ്പത്തു ലഭിക്കുമെന്നുള്ള കുതിരപ്പുറത്തുകയറി ഒരു യാത്രയിടയാകുക ഇവ ഫലം. രോഗശയ്യയിൽ കിടക്കുന്നവൻ മരിക്കുമെന്നും അറിഞ്ഞുകൊള്ളണം. ഈശാനകോണിൽ ശബ്ദിച്ചാൽ സ്വർണ്ണവാർത്ത കേൾക്കുക ഫലം; രോഗി മരിക്കയും ചെയ്യും. ഊകാശത്തിൽ ശബ്ദിച്ചാൽ, യാത്രമദ്ധ്യമികയാകും ഇഷ്ടസിദ്ധിയും ഫലം.

കാക്കക്കൂട്.

മൂ— വൈശാഖമാസേനിരുപദ്രവേഷു
ദൃമേഷു കാകസ്യ ശുഭായ നീഡം
നിന്ദ്യേഷു ശുഷ്കേഷു സകണ്ടകേഷു
വൃക്ഷേഷു ദുർഭിക്ഷഭയായഹേതുഃ.

അ— വൈശാഖമാസത്തിൽ നിരുപദ്രവവൃക്ഷങ്ങളിൽ—അതായത്, മുള്ളില്ലാത്തതും ഉണങ്ങാത്തതും നിന്ദ്യമായി ഗണിക്കപ്പെടാത്തതുമായ ശുഭവൃക്ഷങ്ങളിൽ—കാക്ക കൂടുവച്ചാൽ, ആ കാലം ഇഷ്ടമായും സസ്യാദിസമൃദ്ധിയോടുകൂടിയും ഭവിക്കും. ദുർവൃക്ഷങ്ങളിലെങ്ങാനും കൂടുകെട്ടുകയാണെങ്കിൽ ഭയങ്കരമായ ദുഷ്കാലമാണെന്നും അറിഞ്ഞുകൊള്ളണം.

മൂ— അവൃഷ്ടിരോഗാഗ്നി ഭയാടി വൃദ്ധിം
വിദ്യാച്ചുഭ്രമേ ബലിഭ്രക്ഷലായേ
ശുഷ്കേച വൃക്ഷേ സമവാന്നനാശേ
പ്രാകാരസ്ഥേ സ്ഥൂരി ഭയം പ്രഭൂതം.

നിമ്നപ്രദേശേ തരുകോടരോവാ
വല്മീകരന്ധ്രസ്രുതവാനിഷ്യപീഠാ
കാകസ്യനീഡേതരവൃഷ്ടിദോഷൈ-
ർഭവന്തി ശൂന്യാനിയമേന ദേശാഃ.

അ— ഭൂമിയിൽ കാക്ക കൂടുകെട്ടുകയായാൽ, മഴയില്ലായ്ക രോഗം ശത്രുഭയം മുതലായ അപത്തുകൾ വർദ്ധിക്കും. ഉണങ്ങിയ മരത്തിൽ കൂടുകെട്ടിയാൽ, അതിവൃഷ്ടി സസ്യനാശം മുതലായവ ഭവിക്കും. കോട്ടമതിൽപ്പൊത്തിൽ കൂടുകെട്ടിയാൽ വലിയ ശത്രുഭയം ഉണ്ടാകയും ചെയ്യും.

വല്ല കുഴികളിലോ വൃക്ഷപ്പൊത്തിലോ പുറിന്റെ വിടവിലോ തറയിൽതന്നെയോ കാക്ക കൂടുവച്ചാൽ രോഗം മഴയില്ലായ്മ മുതലായ ദോഷങ്ങളാൽ ദേശങ്ങൾ ശൂന്യങ്ങളായി ഭവിക്കുമെന്നുള്ളതിനു സംശയമില്ല.

മൂ— പ്രകൃതിഗണം നഃ പ്രവിധായ മാർഗ്ഗേ
വാമേനകാകോചിനിവർത്തതേ സൌ
യാത്രഃ കരോതീഹിതകാര്യസിദ്ധിം
ക്ഷേമഞ്ചശില്പ്യാ പുനരാഗമം ച.

അ— കാക്ക, വഴിനടക്കാരന്റെ വലത്തുടെ പുറകിൽ ഇടത്തുടെ കഴിയുകയാണെങ്കിൽ കാര്യസാദ്ധ്യവും സൌഖ്യവും വേഗത്തിൽ തിരിച്ചുവരികയും ഫലം.

മൂ— പയോപിരാവം മധുരം വിരുഞ്ജൻ
അന്നപ്രജം ശ്രാദ്ധമതോഹിതായ
പ്രായേണ യാനാമന്നപ്രജന്തഃ
സർവ്വേപികാകൈഃ സദൃശാവിഹംഗാഃ.

അ— കാക്ക ശാന്തശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പുറകെ പറന്നുവരികയായാൽ ഇഷ്ടസിദ്ധിഫലം. ഇങ്ങനെ മറ്റു പക്ഷികൾ പറന്നുവന്നാലും കാക്ക പറന്നുവരുന്ന ഫലം തന്നെയെന്നും അറിഞ്ഞുകൊള്ളണം.

മൂ— കൃതാന്നവോന്നഃ പുരതഃ പ്രയാതി
പുരഃസ്ഥിതോ യോമുദമാദധാതി
കണ്ഡൂയതേന്നശ്ച ശിരോംഗ്രിണാടസൌ
പുംസാംസദാഭീഷ്ടഫലം ദദാതി.

അ— ശബ്ദിച്ചുകൊണ്ടു മുൻഭാഗത്തു പറക്കുകയോ സപ്രസന്നതയോടെ മുമ്പിലിരിക്കുകയോ കാലുകൊണ്ടു ശിരസ്സു ചൊറിയുകയോ ചെയ്യുന്ന കാക്ക ഇഷ്ടഫലത്തെ നൽകുന്നു.

സ്ഥാനഭേദഫലം.

മൂ— സ്കന്ധേ ഗജാനാം നിയതം ഗജാരൂഢം
ഗജാധിരൂഢഃ പൃഥിവീപതിർതവം
തുരംഗമേവാഹന ഭൂമിലാഭം
കരോതി കാകോ വിജയം ധ്വജേ ച.

പ്രണഷ്ടലാഭം വിജയഞ്ച കൂപേ
ക്ഷിപ്രംനദീതോധസികാര്യസിദ്ധിം

പൂർണ്ണാഢകേ ചധനപ്രാപ്തിവൃദ്ധിർ
ധ്വാംക്ഷോധിരൂഢഃ കുരുതേ സുശബ്ദഃ.

മൂ—പ്രാസാദധാന്യാക്ഷരഹർമ്യപൂജ്യ
നിഷ്പന്നസസ്യവനിശാദലാഭേ
ധ്വാംക്ഷോധിരൂഢോ ധനസാധനായ
രൌതിസ്ത്രിയംയക്ഷരതി യുഗ്മശബ്ദഃ.

അ—കാക്ക ആനയുടെ കെട്ടുകുറിനിയിൽ ഇരുന്നു ശബ്ദിച്ചാൽ ശാകുനികന് ആനയെ ലഭിക്കുമെന്നും ആനപ്പുറത്തിരുന്നു ശബ്ദിക്കയാണെങ്കിൽ രാജ്യലാഭം ഭവിക്കുമെന്നും കുതിരപ്പുറത്തിരുന്നു ശബ്ദിച്ചാൽ വാഹനലാഭവും ഭൂമിലാഭവും ഉണ്ടാകുമെന്നും കൊടിമരത്തിലിരുന്നു ശബ്ദിച്ചാൽ വിജയം ഭവിക്കുമെന്നും അറിഞ്ഞുകൊള്ളുന്നു. കിണറിൻമുകളിൽ ഇരുന്നു ശബ്ദിച്ചാൽ നഷ്ടപ്പെട്ടതു കിട്ടുകയും വിജയവും ഫലം. നദിക്കരയിൽ ഇരുന്നായാൽ കാര്യസാദ്ധ്യം ഫലം. നിറകുടത്തിന്റെയോ മുട്ടയുടെയോ മുകളിൽഇരുന്നു സുശബ്ദം പുറപ്പെടുവിച്ചാൽ ധനപ്രാപ്തിയും വൃദ്ധിയും ഫലം. കൊട്ടാരം, കോവിലകം, മാളിക, ധാന്യക്കൂടം, വിളഭൂമി, പുൽതകിടി മുതലായവയിലിരുന്നു ശബ്ദിച്ചാൽ ധനലാഭം ഫലം. ഇരട്ടശബ്ദമായാൽ സ്ത്രീലാഭവും ഫലം.

മൂ—പൃഷ്ഠേപുരോ വാ നവഗോമയസ്ഥോ
വടാദിഷു ക്ഷീരതരുഷ്വപീഹ
സ്ഥിതോരുവൻ ഭോജനപാനമിഷ്ടം
വിന്ദ്യാജ്ഞകുവ്വൻ വിതരത്യവശ്യം.

അന്നാദ്യവർദ്ധഃ ഫലമൂലപുഷ്പ-
മാംസാദിഭിഃ പൂർണ്ണമുഖഃ സദൈവ
സ്യാദ്ദൃഷ്ടമാത്രോഭിമതാർത്ഥസിദ്ധ്യൈ-
മിഷ്ടാന്നഭോജ്യായമുദേചകാകഃ.

നാരീശിരഃ പൂർണ്ണഘടസ്ഥിതസ്യ
കാകസ്യശബ്ദൈർവനിതാധനാപ്തിഃ
ശയ്യാധിരൂഢസ്യതു തസ്യ ശബ്ദൈഃ
സമാഗമഃസ്യാൽ സുജനേനസാർദ്ധം.

ഗോപൃഷ്ഠദുഗ്ധാതരുഗോമയേഷു
തുണ്ഡംവിഘട്ടിനവലോകിതോടഥ
ആഹാരമന്വിഷ്യതഥാദദാനോ
ദദാതിഭോജ്യം ബലിഭുഗ്വിചിത്രം.

അ—മുമ്പിലോ പുറകിലോ പച്ചച്ചാണകത്തിൻപുറത്തിരുന്നു ശബ്ദിക്കുകയും കായും ഇട്ടുകയും ചെയ്താൽ ഇഷ്ടപ്പെട്ട ഭോജനപാനങ്ങൾ ലഭിക്കുക ഫലം. പേരാൽ മുതലായ പാൽമരങ്ങളിൽ ഇരുന്നു മേൽപറഞ്ഞപ്രകാരം ചെയ്താലും അതുതന്നെ ഫലം. അന്നം മുതലായതോ ഫലം മൂലം പുഷ്പം മാംസം മുതലായതോ ചുണ്ടിൽ നിറച്ചുകൊണ്ടു കാണപ്പെട്ടാൽ കാര്യസാദ്ധ്യവും മിഷ്ടാന്നഭക്തിയും സന്തുഷ്ടിയും ഫലം. സ്ത്രീജനത്തിന്റെ ശിരസ്സിലിരിക്കുന്ന നിറകുടത്തിന്റെ മുകളിൽ ഇരുന്നു കാക്ക ശബ്ദിച്ചാൽ ശാകുനികന് സ്ത്രീലാഭവും ധനലാഭവും ഫലം. ശയ്യയിലിരുന്നു ശബ്ദിച്ചാൽ ബന്ധുജനസമാഗമം ഫലം. പശുവിൻപുറത്തോ കാളപ്പുറത്തോ കറുകനിറഞ്ഞ സ്ഥലത്തോ വൃക്ഷത്തിലോ ചാണകത്തിന്മേലോ ഇരുന്നു ചുണ്ടുതേയ്ക്കുകയാണെങ്കിൽ അഥവാ, മറെറാരു കാക്കയ്ക്കു തീറിക്കൊടുക്കുകയാണെങ്കിൽ അതു കാണുന്ന ശാകുനികന് വിചിത്രഭോജനം ലഭിക്കും.

മൂ—വൃക്ഷേഷ്വരമ്യാംകുരപത്രപുഷ്പ-
മഹായഫലാഢ്യേഷുസകുൽപ്രജസ്യ
ശബ്ദേന സിദ്ധ്യന്ത്യസകൃന്നരാണാം
സദൈവസർവ്വാണി സമീഹിതാനി.

അ—മനോഹരമായി പൂയും കായും ഇലയും നിറഞ്ഞുനിൽക്കുന്ന ഉത്തമവൃക്ഷങ്ങളിലിരുന്ന കാക്ക ഒന്നിലധികം ശബ്ദം പുറപ്പെടുവിക്കുന്നുവെങ്കിൽ ശാകുനികന് ഒരിപ്പോഴും വിഷമിക്കാതെ ഇഷ്ടങ്ങളെല്ലാം സാധിക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ -പ്രശാന്തനാഃ ശിവശേത്രുണാം
സ്ത്രീസംഗ സൗഖ്യംകുരുതേവിധത്തേ
ധാന്യാദിക്ഷേത്രേഷു തഥാന്നലാഭം
ഗോപുഷ്ടയോ ഗോവനിതാധനാപ്തിം

ക്ഷേമംവിധത്തേകുരുതസ്യപുഷ്പേ
ഫലസ്യപുഷ്പേടിഭയംവധഞ്ച
ക്രോഡസ്യപുഷ്പേ ധനമർത്ഥലാഭം
തഥൈവപുഷ്പേഷ്വന്നലഗ്നപങ്കേ

സദ്യോജ്വരം ഭൈരിഭവേച്ചസംസ്പോ
മൃതാംഗസംസ്പോ മരണം കരോതി
കായ്കുക്ഷിരിക്തമഥതാശു സംസ്പഃ
കാകഃ കലിംകാഷ്ഠമഥിഷ്ടിമശ്ച.

അ—വൃക്ഷക്കൊമ്പിലിരുന്ന ശാന്തശബ്ദം പുറപ്പെടുവിച്ചാൽ ശാകുനികന്ന് സ്ത്രീസംഗസൗഖ്യം ഫലമെന്നറിയണം. ധാന്യക്കൂടം മുതലായവയിലിരുന്നാണെങ്കിൽ അന്നലാഭം ഫലം. മൃഗത്തിന്റെ (പശുവിന്റെയോ കാളയുടെയോ) പുറത്തിരുന്നാണെങ്കിൽ മൃഷ്ടാന്നലാഭം സ്ത്രീലാഭം ധനലാഭം ഇവ ഫലം. കട്ടകത്തിന്റെ പുറത്തിരുന്ന ശബ്ദിച്ചാൽ ക്ഷേമവും കഴുതയുടെ പുറത്തിരുന്നാണെങ്കിൽ ശത്രുഭയവും വധവും പന്നിയുടെ പുറത്തിരുന്ന ശബ്ദിച്ചാൽ അർത്ഥലാഭവും ശരീരത്തിൽ ചെളിപുരണ്ടിരിക്കുന്ന പന്നിയുടെ പുറത്തിരുന്നാണെന്ന ശബ്ദിക്കുന്നതെങ്കിൽ ഉടനെ ജ്വരരോഗം പിടിപെടുകയും ഫലം. പോത്തിന്റെ പുറത്തോ ശവത്തിന്റെ പുറത്തോ ഇരുന്ന ശബ്ദിച്ചാൽ മരണം ഫലം. കഴിഞ്ഞ കൂടത്തിന്റെയോ കല്ലിന്റെയോ പുറത്തിരുന്ന ശബ്ദിച്ചാൽ കാഞ്ഞിരാനിയും തടിയുടെ പുറത്തിരുന്നാണെങ്കിൽ ശണ്ഠയും ഫലം.

മൂ— ഗോപൂയരവല്മീക കൃതാസ്പദശ്ച
രുവൻ ഭവേൽ സർപ്പവിരോകനായ
പ്രസാന്ത്വരിക്തം വദനായ അസ്ഥേ
സവ്യന്നിന്ദ്യോബഹിരോജനോട സൈശ.

അ— പശുവിൻവാൽ പൂറ്റ് ഇവയിൻ ഇരുന്ന ശബ്ദിച്ചാൽ സർപ്പദർശനം ഭവിക്കും. വായിൽ ഒന്നുമില്ലാതെ പിള്ളവച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ സവ്യന്നു നിന്ദ്യമാണെന്നും പറയപ്പെട്ടിരിക്കുന്നു.

മൂ— വല്ലീവരത്രാകച ശുഷ്കകാഷ്ഠ
ചർമ്മാസ്ഥിജീർണ്ണാംബരവല്കലാനി
അംഗാരകേതാല്മുകകർപ്പരാണി
ദുഷ്ടാനിചേൽകാകമുഖേതരാണീം.

പുണ്യക്ഷയഃ പാപസമാഗമശ്ച
മഹാഭയം രോഗസമുദ്ഭവശ്ച
ബന്ധോവധഃ സവ്യനാപഹാരഃ
ഇത്യാദികംസ്യാൽ ചടമന്ദിരേവാ.

അ— വള്ളി, തോൽവാറു, തലമുടി, ഉണങ്ങിയതടി, തുകൽ, അസ്ഥി, പഴന്തുണി, മരത്തൊലി, കരിയില, തീക്കൊള്ളി, രക്തം, തലയോട്ടി ഇവ കാക്കയുടെ ചുണ്ടിൽ ഇരിയ്ക്കുന്നതുകണ്ടാൽ മാർഗ്ഗത്തിൽ വച്ചായാലും വീട്ടിൽ വച്ചായാലും അത്യന്തം അനിഷ്ടഫലമാകുന്നു. പുണ്യക്ഷയം, പാപാഗമം, മഹാഭയം, രോഗോത്ഭവം, ബന്ധുവധം, ധനാപഹാരം ഇത്യാദിസംഭവിയ്ക്കുമെന്ന് അറിഞ്ഞുകൊള്ളണം.

മൂ— വിഡ്ഗോമയേന്യസ്യതിയസ്യമൂർദ്ധ്നി
തസ്യാതുലത്രാസരജ്ജൌഭവേതാം
യസ്യാസ്ഥിഖണ്ഡം വിസൃജത്യസൌത്തു
പ്രായതിതുണ്ണം നഗരീം യമസ്യ.

അ— മലമോ, ചാണകമോ കാക്കയുടെ തുണ്ടിൽനിന്നും തലയിൽ വീണാൽ അവന്നു വലുതായിരിക്കുന്ന ഭയവും, മഹാരോഗവും, ഭവിക്കും. അസ്ഥിക്ഷണമാണ തലയിൽ വീണതെങ്കിൽ അവൻ കാലപുരത്തെ പ്രാപിക്കുമെന്നുമറിഞ്ഞുകൊള്ളണം.

മൂ— അന്നാജ്യവിഷ്ഠാപിശിതാടിർഭഃ
പൂർണ്ണാനനോഭീഷ്ടഫലപ്രദോസൌ
മന്ത്രാദിസിദ്ധ്യൈ വണിജാദിലാഭേ
ശസ്തോവിവാഹാദിവിധൌച കാകഃ.

അ— അന്നം, നെയ്യു, വിഷ്ഠ, മാംസം ഇത്യാദികഠം കൊക്കിൽ നിറച്ചുകൊണ്ടു കാക്ക കാണപ്പെട്ടാൽ ഇഷ്ടസിദ്ധി ഫലം. ആലോചനകഠം സാധിയ്ക്കും, കച്ചവടത്തിൽ ലാഭം വരികയും, വിവാഹാദികാര്യങ്ങഠം ശുഭമായി പരിണമിക്കയും ചെയ്യും.

ചതുഷ്പാദപ്രകരണം.

ആന.

മൂ— ഊർദ്ധ്വം കരംയഃകുരുതേഥവായോ
ധത്തേകരം ദക്ഷിണതഃഭാഗേ
യോവാഭവേൽ ഭ്രംഹിതപൂരിതാശഃ
കരീഭവേൽ സോദ്ധതശപൂരിതാശഃ.

അ— ആന മേല്പോട്ടുതുമ്പിക്കൈ ഉയർത്തുകയോ, തുമ്പിക്കൈ വലതുകൊമ്പിന്റെ മുകളിൽ വയ്ക്കുകയോ, ചെയ്താൽ ഇഷ്ടസിദ്ധിഫലം. ദിഗന്തങ്ങഠം മുഴങ്ങുമാറു ശബ്ദിയ്ക്കുകയാണെങ്കിൽ ശാകുനികന്റെ ആശ പൂർണ്ണമായി സാധിയ്ക്കുമെന്നും അറിഞ്ഞുകൊള്ളണം.

കുതിര.

മൂ— ഘോഷാരവംമുഞ്ചരി വാമതോയഃ
ക്ഷതക്ഷിതിർദ്ദക്ഷിണ പാദഘാതൈഃ
കണ്ഡൂയതേ ദക്ഷിണമംഗഭാഗം
തുംഗം തുരംഗഃസപദം ദ്വാതി.

അ— ഇടതുവശത്തുനിന്ന് കുതിര ശബ്ദിക്കുകയും വലതുകൈ പൊക്കി ഭൂമി മാന്തുകയും വലതുഭാഗം ചൊറിയുകയും ചെയ്താൽ ശകുനികന് ഉന്നതപദപ്രാപ്തി ഫലം എന്നറിഞ്ഞുകൊള്ളണം.

കഴുത.

മൂ— വാമോരുദിർഘഃ സ്ഥിരഗർദ്ദഭസ്യ
സിദ്ധ്യൈവോവാമ വിലോഷ്ടിതസ്യ
പുച്ഛാഗ്രയോർദ്ദക്ഷിണതശ്ചശബ്ദഃ
സ്യാദ്ദക്ഷിണം ചേഷ്ടിതമപ്യസിദ്ധ്യൈ.

മൂ— കണ്ഡൂയമാനാവിതരേതരസ്യ
സ്കന്ധംരടന്തൗപശ്യതിഗർദ്ദഭൗയദ്
പാന്ഥഃപ്രയാണേ യദിവാപ്രവേശേ
മിഥ്യൈവമിത്രകളത്രപുത്രൈഃ

സ്ത്രീലാഭോഽസ്യാഃ സുരതാധിരൂഢാ
വധായബന്ധായ ചയുദ്ധ്യമാനാ
ധുനന്തിദേഹംശ്രവണൗതഥായേ
നിഷ്പന്തികായ്യണിസഖാംസ്തേ.

രൈതിപ്രവേശേയദിദക്ഷിണേന
സ്യാദക്ഷതാതൽ കരണീയസിദ്ധിഃ
തുല്യോബുധൈരശ്വതരഃസ്വരേണ
ജ്ഞേയസ്തഥാരൗരഖരോപിതുല്യഃ.

അ—കഴുത ഇടതുഭാഗത്തു ചേഷ്ടയോടുകൂടി ഇടതുഭാഗംനിന്നു ദീർഘശബ്ദം പുറപ്പെടുവിച്ചാൽ കാര്യസിദ്ധിയും മുൻപിലോ, പുറകിലോ, വലത്തോ നിന്നു ശബ്ദിച്ചാൽ കാര്യഹാനിയും ഫലം. രണ്ടു കഴുതകൾ അന്യോന്യം പല്ലുകൊണ്ടു കഴുത്തിൽ ചൊറിഞ്ഞുകൊണ്ടു നിൽക്കുന്നതു കണ്ടാൽ മിത്രപുത്രകളത്രസമാഗമം ഫലം. ഇങ്ങനെ കാണുന്നതു പ്രയാണത്തിലും ഗൃഹപ്രവേശത്തിലും കരുപോലെ ഫലത്തെ ചെയ്യുന്നതാണ്. രതിക്രീഡയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കഴുതകളെ കണ്ടാൽ സ്ത്രീലാഭവും, തമ്മിൽ ശണ്ഠചെയ്യുന്നവയെ ക

ണ്ടാൽ വധം, ബന്ധം മുതലായ അനിഷ്ടഫലവും ചെവി അട്ടി ക്കൊണ്ടു നിൽക്കുന്നതു കണ്ടാൽ കാര്യഫാനിയും ഫലം. ഗൃഹപ്രവേ ശത്തിങ്കൽ വലതുഭാഗത്തുനിന്നു കഴുത ശബ്ദിച്ചാൽ കാര്യം കൈവരു മെന്നു അറിഞ്ഞുകൊള്ളണം. കോവർകഴുതയും, വെള്ളനിറമുള്ള കഴുതയും ശകുനഫലത്തിങ്കൽ സാധാരണ കഴുതയ്ക്കു തുല്യങ്ങളാകുന്നു.

കാളയും പോത്തും.

മൂ— വാമോരുലോമശ്മശ്രുവഃ പുരുണ
ശ്യാംശോണചാരുഘനനം പൃഥിവ്യാഃ
പ്രശസ്യതേ ദക്ഷിണതശ്ചചേഷ്ടാ
തഥാനിശീഥേനിനദോവൃഷസ്യ.

വാമാദവാമഗമനംവൃഷസ്യ
ചേഷ്ടാ ചവാമാനമതാഹിതായ
യുദ്ധായനാശായ ചതുഷ്പകാലം
പാർശദ്വയസ്ഥാമഹിഷൗഭവേതാം.

അ—ഇടത്തും വലത്തുംനിന്ന് കാള മുക്കുറ ഇടുകയും, കൊമ്പുകൊണ്ടും, കളമ്പുകൊണ്ടും ഭൂമി മാന്തുകയും, വലത്തുവശം ചേഷ്ടിയ്ക്കുകയും, ചെയ്താൽ കാര്യസിദ്ധിഫലം. അതുപോലെ രാത്രിയ്ക്ക് കാളയുടെ മുക്കുറ കേൾക്കുന്നതും ശുഭഫലമാകുന്നു. കാള ഇടത്തുനിന്നു വലത്തോട്ട് ഒഴിയുന്നതും ഇടത്തുവശം ചേഷ്ടിയ്ക്കുന്നതും ശുഭമല്ല. ഒരേസമയത്ത് യാത്രക്കാരന്റെ ഇരുവശവും ഓരോ പോത്തു നിൽക്കുന്നതു കണ്ടാൽ അതു യുദ്ധത്തിനും, നാശത്തിനും കാരണമാകുമെന്നറിഞ്ഞുകൊള്ളണം.

പശുവും എരുമയും.

മൂ— ഭംഭാരവൈവാമദിശീഷ്ടസിദ്ധ്യൈ
സിദ്ധ്യൈഗവാംസ്യന്നിശിഹുംകൃതാനി
ഗവോനിശീഥേസവോ ഭയായ
ഭയായവഹ്നൗദിവസേടനസ്യ.

ഹ്ലുന്ത്യഃഖുരാശ്ചക്ഷിതിമാമഖായ
സാസ്രേക്ഷണാഃസ്യുർമരണായത്തുഃ
വ്യാപ്തസുരഭ്യോയദിമക്ഷികാഭി
രാ ചക്ഷതേമംകിതവംബൃവൃഷ്ടിം.

ഭംഭാരവാന്നിശ്രിതഹുംകൃതാഢ്യാ
വത്സൈസ്സകാഹഷ്ടചരീതചിത്താഃ

ജ്ഞേയാഃ സുരഭ്യഃ ശുഭദോഃ സദൈവ
ഗോഭിഃസമാനാഃ ശകുനോമഹിഷ്യഃ.

അ—പശുക്കൾ ഇടത്തുവശത്തുനിന്നു മേ, മോ ചൃന്നീ ശബ്ദങ്ങൾ പുറപ്പെടുവിച്ചാൽ ഇഷ്ടസിദ്ധി ഫലം. രാത്രിയിൽ ഹുംകാര ശബ്ദം പുറപ്പെടുവിയ്ക്കുന്നതും ശുഭമാകുന്നു. എന്നാൽ അൽപരാത്രി സമയത്തു പശുക്കൾ കരഞ്ഞാലും പകൽ അഗ്നികോണിൽ നിന്നു കരഞ്ഞാലും ഭയകാരണമാണെന്നു അറിഞ്ഞുകൊള്ളണം. കളമ്പുകൊണ്ടു ഭൂമി മാന്തുകയാണെങ്കിൽ രോഗകാരണമാണെന്നും പശുക്കൾ കണ്ണുനീരൊഴുക്കാൻ ഇടയാകുന്നതു ഉടമസ്ഥനു നാശകാരണമാണെന്നും അറിഞ്ഞുകൊള്ളണം. പശുക്കളുടെ ശരീരത്തിൽ അധികം ഈച്ച കടം പറന്നുകൂടിയാൽ അചിരേണ വൃഷ്ടി ഉണ്ടാകുമെന്നും പറയപ്പെട്ടിരിക്കുന്നു. കന്നുകുട്ടികളെ കാണാഞ്ഞു മേ മോ ശബ്ദവും ഹുങ്കാരവും ഇടകലർന്നു പുറപ്പെടുവിയ്ക്കുകയാണെങ്കിൽ ഫലം ശോഭനമാകുന്നു. എരുമകളും ശകുനഫലത്തിങ്കൽ പശുക്കളോടു സദൃശകളാകുന്നു.

ആൺപെൺ ആടുകൾ.

മൃ— അജാമജം ദർശനകീർത്തനാഭ്യാം
ശംസന്തിശബ്ദൈരുതയോഃപ്രയാണേ
അജാനിശീഘ്രേയടിരെതിതേന
സുവാണിഗോഹീലഭതേ സുഖാനി.

അ —യാത്രയിൽ ആൺ ആടിനേയോ പെണ്ണാടിനേയോ കാണുക. അവയുടെ ശബ്ദം കേൾക്കുക, അവയുടെ പേരു പറക മുതലായതെല്ലാം ശുഭമാണെന്നു പറയപ്പെട്ടിരിക്കുന്നു. രാത്രിയിൽ പെൺ ആടു കരയുന്നശബ്ദം കേട്ടാൽ വീട്ടുടമസ്ഥനു സർവ്വസുഖങ്ങളും ലഭിക്കുമത്രെ.

ഒട്ടകം മുതലായവ.

മൃ— ഉഷ്ട്രസ്യവാമോ മധുരശ്ചശബ്ദഃ
ശസ്തോ ഽപ്രശസ്തഃ പരുഷഃ പ്രവാസേ
അനാത്മവാമസ്ഥിരധോർവിരാവൈഃ
ക്രൂരഃശ്രുന്ദരീ മൂഷികയോശ്ചസിദ്ധിഃ.

അ—ഒട്ടകം ഇടത്തുഭാഗത്തുനിന്നു മധുരമായി ശബ്ദിക്കുന്നതു ശുഭവും പരുഷമായി ശബ്ദിക്കുന്നതു് അശുഭവുമാകുന്നു. നത്തുലി, എലി ഇവ ഇടത്തുഭാഗത്തു സുഖശബ്ദം പുറപ്പെടുവിച്ചാൽ സിദ്ധിപ്രദമായിരിക്കും. ആത്മസ്വരം അനിഷ്ടഫലത്തെ ചെയ്യുമെന്നുമറിഞ്ഞുകൊള്ളണം.

പൂച്ച.

മൂ—ശസ്ത്രാരുവന്നാമിഷപൂർണ്ണവക്ത്രോ
രിക്തനനേ നാദകൃദപ്രശസ്തഃ
നാനാപ്രകാരൈർവിരുതൈരുപേതോ
നിന്ദ്യോബിഡാലഃ ഖലുമൂഷ്യമാനഃ.

അ—വായിൽ മാംസംനിറച്ചുവച്ചുകൊണ്ടു പൂച്ച ശബ്ദിക്കുന്നതു ശകുനികന്ന് ഇഷ്ടഫലത്തെ ചെയ്യുന്നതാകുന്നു. എന്നാൽ വായിൽ ഒന്നുമില്ലാതെ ശബ്ദം പുറപ്പെടുവിക്കുന്ന പൂച്ചയുടെ ശകുനം നിന്ദ്യമാകുന്നു. പലവിധത്തിലുള്ള ശബ്ദത്തോടുകൂടി പൂച്ച കഠിനമായി കലഹിക്കുന്നതു കാണുകയോ, കേൾക്കുകയോ ചെയ്താൽ കഷ്ടഫലമാണെന്നും പറയപ്പെട്ടിരിക്കുന്നു.

മൂ—രുതേക്ഷണോഗ്രാമവലീമുഖസ്യ
ഋയായനാമഗ്രഹണം ഭയായ
ഇഷ്ടാഗതിർദക്ഷിണതോനവേഷ്ടാ-
പ്യാ സംഗകാരീഗതനോഭ്യതാനാം.

അ—വളഞ്ഞുകുരങ്ങിന്റെ ശബ്ദവും ദർശനവും ശകുനികന്ന് ശുഭപ്രദമാണു്. എന്നാൽ ഋതിന്റെ നാമഗ്രഹണം ഭയകാരണമാണത്രെ. ഋതിന്റെ വലത്തോട്ടുള്ള ഗതി ഇഷ്ടമാകുന്നു. എന്നാൽ ചേഷ്ട ഇഷ്ടമായിരിക്കയുമില്ല.

മൂ പ്രശസ്യതേ ദർശനകീർത്തനാഭ്യാം
ഗ്രാമ്യസ്ഥലാരണ്യഗതോവിശേഷാൽ
ശസ്ത്രാധികം കർത്തുമലിപ്രഗാത്രോ
വിശുദ്ധപങ്കാവയവോതിനിന്ദ്യഃ.

അ—കാട്ടുചെന്നിയായാലും നാട്ടുചെന്നിയായാലും അതിന്റെ ദർശനവും, കീർത്തനവും ശുഭമാകുന്നു. ദേഹത്തിൽ ചേറുപുരണ്ടിരിക്കുന്ന പന്നി ഏറ്റവും ശോഭനമാകുന്നു. എന്നാൽ ആ ചേറു ഉണങ്ങിപ്പോയിരുന്നാൽ അതു നിന്ദ്യമാകുന്നു.

മൂ—ശ്യേനതവാമോഘമിമുഞ്ചഗ്രഞ്ജൻ
ദൃശ്യതവാ വാമദിശംപ്രയുക്തൻ
അസാധനൻവാകുസുമംപ്രശസ്തം
ടിംഗസ്തദാസ്യാൽ സുമഹാൻപ്രമോദഃ.

അ—വണ്ടു മനോഹരമാകുംവണ്ണം ഇടതുവശത്തു പാടി പറക്കു

കയോ, ഇടതുവശത്തു കാണപ്പെടുകയോ ഇടതുവശത്തു വല്ല നല്ല പൂക്കളുടേയും തേനുണ്ണുകയോ ചെയ്താൽ ശകുനികനു മഹാസന്തുഷ്ടി യെ ചെയ്യുമെന്നറിഞ്ഞുകൊള്ളണം. വണ്ടിനെപ്പോലെതന്നെ മറ്റു ള്ള ഷട്പദങ്ങളും (ആറുകാലുള്ള കീടങ്ങളും) ഇടതുവശത്തു പറക്ക കയോ, മൂളുകയോ ചെയ്യുന്നതു കാണപ്പെട്ടാൽ ഫലം ശോഭനമായി രിക്കും.

മൂ—മാർഗാർഗ്ഗളായാരചിതോണ്ണനാഭേ
സൂത്രേണപുഷ്പപുരതോഥവാസൌ
മതാപ്രയാണപ്രതിഷേധയിത്രീ
വാമോണ്ണനാഭേസ്തു ഗതിഃ ശുഭായ.

അ—ചിലന്തിവല യാത്രക്കാരന്റെ മുൻപിലോ, പിൻപിലോ കുറുകേ കെട്ടിയിരുന്നാൽ അതു യാത്രയെ തടുക്കുന്നതാണെന്നും അ യാത്രയിൽ ഉദ്ദേശിച്ചുപോകുന്നകാര്യം സഫലമാകയില്ലെന്നും അറി ഞ്ഞുകൊള്ളണം. പുറകിൽ വലകെട്ടുന്നതു യാത്രക്കാരൻ മുൻപിൽ കടന്നതിനു ശേഷമാണെന്നും അഥവാ യാത്രക്കാരൻ വഴിതിരിയുമ്പോൾ പുറകിൽ കാണപ്പെടുന്നതാണെന്നും വരാം. ചിലന്തിയുടെ ഇടതുവശമുള്ള ഗതി ശുഭമാകുന്നു.

മൂ—അശ്വാദിലാഭം ജലനാകഭാഗേ
കണ്ഠോപഭോജ്യാഭരണാദിലാഭം
കരസ്ഥലാഭഃ ശിരസിതുഭീഷ്ടാ
മാല്യാഥനാന്മക്കടികാചരോതി.

അ—ചിലന്തി അരക്കെട്ടിലോ, തുടയിലോ, മറ്റുള്ളവരുടെ കുന്നു കയാണെങ്കിൽ കുതിര മുതലായ വാഹനങ്ങളുടെ ലാഭവും കഴുത്തിൽ കയറുകയാണെങ്കിൽ ഭക്ഷണപാനാദികളുടെ ലാഭവും ശിരസ്സിൽ ക യറുകയാണെങ്കിൽ കരുംമുതലായവയുടെ ലാഭവും ഭവിക്കും.

മൂ—സപ്തസ്യനാമൈവഭവസ്യഭീഷ്ടം
ദുഷ്ടാനിഗത്യാരവഭാഷിതാനി
ഗോനാസഭവീകരരാജിലാദ്യാ
ജാത്യൈവസർവേതുശുഭംഗാഃ.

വിലോക്യനർപ്പംപഥിനിർവികല്പം
നിവൃത്യവാശ്രുത്യ ശുഭംവിചിന്ത്യ
പാഷാണസംസ്ഥംഭിതകണ്ഠദേശു
ദതപ്രവേശംയാന്തിവിനഷ്ടവിഘ്നാഃ.

അ —സർപ്പത്തിന്റെ നാമകീർത്തനംമാത്രം ഇഷ്ടമായിരിക്കുന്നു. അതിന്റെ ഗതിയോ ശബ്ദമോ ചേഷ്ടിതമോ ശകുനത്തിന ഇഷ്ടമല്ല; വിശേഷിച്ചും ദൃഷ്ടമാകുന്നതും. ഗോനാസം, മഷീകരം, രാജിലം, ഇങ്ങനെ പലജാതിയിലുള്ള പാമ്പുകളെല്ലാംതന്നെ പ്രകൃത്യാ ഭയങ്കരങ്ങളാകുന്നവല്ലോ. സർപ്പത്തിനെ മാർഗ്ഗമദ്ധ്യേ കണ്ടാൽ ഉടനേ പുറകോട്ടു തിരിച്ചുനടന്നു വല്ലസ്ഥലത്തുമിരുന്നു സ്വല്പം വിശ്രമിച്ചതിന്റെശേഷം മംഗളപ്രാർത്ഥനയോടുകൂടി വീണ്ടും യാത്ര യാരംഭിയ്ക്കാം. നേർവഴിയെ പോകാതെ കല്ലും മുള്ളും മാറ്റി വഴി തിരിഞ്ഞു പോകേണ്ടതാണെങ്കിൽ എന്നാൽ ആദ്യശകുനവിഘ്നത്തിന്റെ ദോഷം തീർന്നുപോകുമെന്നും വിധിയുണ്ട്.

സർപ്പശകുനം.

(ശാസ്ത്രാന്തരത്തിൽനിന്നും.)

രണ്ടുസർപ്പങ്ങൾതമ്മിൽ കലഹിയ്ക്കുന്നതുകണ്ടാൽ ശാകുനികനു സ്നേഹിതന്മാരിൽനിന്നു ശത്രുത്വവും രണ്ടു പാമ്പുകൾ കൂടിവഴിയ്ക്കു കിടക്കുന്നതുകണ്ടാൽ ദാരിദ്ര്യവും ആൺപെൺ പാമ്പുകൾ ഇണചേരുന്നതുകണ്ടാൽ സൗഖ്യവും ഫലം. കരുപാമ്പു മറ്റൊന്നിനെ വിഴുങ്ങുന്നതുകണ്ടാൽ കലഹം ഫലം. പച്ചമരത്തിൽ പാമ്പു കയറുന്നതുകണ്ടാൽ ചക്രവർത്തിയോഗം ഉണ്ടാകുമെന്നും പാമ്പു ഭവനത്തിൽ പ്രവേശിച്ചാൽ ധനലാഭം ഉണ്ടാകുമെന്നും വീട്ടിൽനിന്നു വെളിയിൽ പോയാൽ ദാരിദ്ര്യംഭവിയ്ക്കുമെന്നും പറയപ്പെട്ടുന്നു. ശിരസ്സെടുത്തുപിടിച്ചുകൊണ്ടു ഇടത്തുനിന്നും വലത്തോട്ടൊഴിഞ്ഞാൽ വളരെനാൾ, വലത്തുവശത്തുനിന്നു നേരേ വന്നാൽ കാര്യസാദ്ധ്യവും, ഇടതുവശത്തുനിന്നുവന്നാൽ കാര്യഹാനിയും ഫലം. തന്നെക്കണ്ടു ശിരസ്സെടുത്തു ഞെടിഞ്ഞടങ്ങിയാൽ ഐശ്വര്യവും, കണ്ട ഉടനേ ഓടി പുനത്തിൽകയറിയാൽ ധനവാന്മാക്ക ദാരിദ്ര്യവും, ദരിദ്രന്മാക്ക ധനസമൃദ്ധിയും ഫലം. മാർഗ്ഗത്തിൽ പാമ്പിന്റെ ശവംകണ്ടാൽ മരണവാർത്ത കേൾക്കാനിടയാകും.

ഗൗളിശാസ്ത്രം.

പല്ലി മേലോ അവയവങ്ങളിൽ വീഴുന്നതിന്റെ ഫലം.

ശിരസ്സിൽവീണാൽ	മരണം
വലത്തുകാതിൽവീണാൽ	നന്മ.

നെറിയിൽ	വീണാൽ	പട്ടാഭിഷേകം
മൂക്കിൽ	"	വ്യാധി
കഴുത്തിൽ	"	സന്തോഷം
മാവിൽ	"	ക്ഷതപീഡ
ഇടതുകയ്യിൽ	"	മരണം
വലതുകയ്യിൽ	"	പ്രധാനപ്പെട്ട ഒരാൾ മരിയ്ക്കുക
വയറിൽ	"	കൂട്ടിക്കുനിയ്ക്കുക
ഹൃദയത്തിൽ	"	കഷ്ടനഷ്ടം
മുലകിൽ	"	മഹാനാശം
തുടയിൽ	"	രോഗം
മുഴംകാലിൽ	"	കലഹം
പാദങ്ങളിൽ	"	ബാധോപദ്രവം
കാൽവിരലുകളിൽ	"	നാശഭയം
ഇടതുകൈവിരലുകളിൽ	"	സ്ത്രീദുഃഖം
വലംകൈവിരലിൽ	"	രാജഭയം

ഇവ ഫലമാകുന്നു.

പല്ലി ദേഹത്തിൽ കാടിയാൽ ദീർഘായുസ്സു ഫലമെന്നും പറഞ്ഞിരിക്കുന്നു.

ഞാന്മർ മുതലായ ആഴ്ചകളിൽ ഓരോ ഭാഗത്തിരുന്നു
ഗൗളി ശബ്ദിക്കുന്നതിന്റെ ഫലം.

ഞായറാഴ്ച.

കിഴക്കഫലം ഭയം. തെക്കുകിഴക്കു തിന്മ. തെക്കു സുഖം. തെക്കു പടിഞ്ഞാറു ബന്ധുദർശനം. പടിഞ്ഞാറു കലഹം. പടിഞ്ഞാറുവടക്കുവസ്തുലാഭം. വടക്കു ധനലാഭം. വടക്കുകിഴക്കു ലാഭം. നേരേമുകളിൽ ജയം. ഭൂമിയിൽ കായ്വുവിഷ്ടം.

കിഴക്കുമുതൽ ഓരോ ദിക്കുകളിലും ആകാശത്തും
ഭൂമിയിലും ഇരുന്നു ശബ്ദിച്ചാലുള്ള ഫലം അനുക്രമമായി പറയുന്നു.

തിങ്കളാഴ്ച.

1. ധനലാഭം 2. കലഹം 3. വൈരാഗ്യം 4. വിരോധം 5. ബന്ധുദർശനം 6. അമംഗലം 7. വസ്തുലാഭം 8. കല്യാണം 9. ഹാനി 10. ഐശ്വര്യം.

ചൊവ്വാഴ്ച.

1. സന്തോഷം 2. ബന്ധുലാഭം 3. വ്യസനം 4. ശത്രു 5. അന്ന

ക്ലേശം 6. ദൂരഗമനം 7. ശത്രുഫലം 8. വാഹനലാഭം 9. പ്രയാണം 10. വിശേഷധനലാഭം.

ബുധനാഴ്ച.

1. സന്തോഷം 2. ദ്രവ്യലാഭം 3. ശരീരപീഡ 4. ബന്ധുനാശം 5. ഭയം 6. ധനനാശം 7. സുഖം 8. കാര്യഹാനി 9. സൽസംഗം 10. ചെറുശത്രു.

വ്യാഴാഴ്ച.

1. അശുഭം 2. ബന്ധുസമ്മാനം 3. ധനലാഭം 4. കാര്യസിദ്ധി 5. നഷ്ടം 6. നല്ല വാർത്ത 7. കാര്യനഷ്ടം 8. സൌഖ്യം 9. കലഹം 10. കലഹം.

വെള്ളിയാഴ്ച.

1. ശുഭചിന്തമാനം 2. അലങ്കാരം 3. ബന്ധുദർശനം 4. നല്ല കേൾവി 5. സന്തോഷം 6. കലഹം 7. കലഹവർത്തമാനം 8. ശത്രു 9. വസ്ത്രലാഭം 10. സൂതകസ്നാനം (പേറുകുളി.)

ശനിയാഴ്ച.

1. ശുഭചിന്ത 2. ധനലാഭം 3. രാജദർശനം 4. രോഗം 5. വസ്ത്രലാഭം 6. സ്ത്രീസൌഖ്യം 7. ഇഷ്ടചിന്തമാനം 8. ചോരഭയം 9. കാര്യഹാനി 10. കാര്യസിദ്ധി.

ശകുനാവ്ലനവിധി.

മൂ— ശാകുനഗ്രന്ഥശകുനാവ്ലനമധുനാ
ബ്രൂമോ മുനിവരദർശിതവിധിനാ
യസ്മാദിഹിതംപൂജാപൂർവ്വം
സിദ്ധ്യതികാര്യമവശ്യംസർവ്വം.

അ—ശകുനജ്ഞാനത്തിന്റെ ഗ്രന്ഥങ്ങളായ ശകുനങ്ങളുടെ ഗുണദോഷപ്രകാരത്തെ വിധിപ്രകാരം ഞാൻ ഇവിടെ പറവാൻപോകുന്നു. പൂജാപൂർവ്വം ചെയ്യപ്പെടുന്ന കാര്യം നിർവ്വിഘ്നമായി സിദ്ധിയെ പ്രാപിക്കുമെന്നുള്ളതിനു സംശയമില്ല.

മൂ— വിമർശകൽ ശാകുനശാസ്ത്രകൃത്തോ
വിശുദ്ധബുദ്ധിസ്സുതതാഭിധേയഃ
യഥാർത്ഥവാദീശുഭവിഗിതജ്ഞോ
ഭവേദിഹാചാര്യപദാധികാരീ.

അ— പുണ്യപാപപ്രയുക്തമായിട്ടുള്ള ചിന്തനം ചെയ്യുന്നവനും ശകുനശാസ്ത്ര

ത്തിൽ സമർത്ഥനും നിർമ്മലമനസ്കനും രാപ്പകൽ വിദ്യകൾ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും ശ്രദ്ധയുള്ളവനും എപ്പോഴും സത്യംതന്നെ പറയുന്നവനും പരിശുദ്ധനും പരമാർത്ഥജ്ഞാനമുള്ളവനും ആയ ഉത്തമപുരുഷൻ മാത്രമേ ഈ ശാസ്ത്രസംബന്ധമായ അഭ്യാസപദത്തിനർഹനായുള്ളൂ.

മൂ— പോഡകീഭക്ഷണകാകപിംഗലാ
ജംബുകപ്രിയതമാച പഞ്ചമീ
ഏതദ്ഗുരുനിസത്തമൈഃസദാ
കീർത്ത്യതേശകുനരത്നപഞ്ചകം.

അ— പോഡകിഎന്ന പക്ഷി ഭക്ഷണം നായ് കാക്ക പിംഗലാ എന്ന പക്ഷി പെൺകുറുനരി ഇവ അഞ്ചുമാകുന്ന സകലശകുനങ്ങൾക്കും അലങ്കാരഭൂതങ്ങളായ പഞ്ചരത്നങ്ങൾ എന്നു മഹർഷിമാർ പറഞ്ഞിരിക്കുന്നു.

മൂ— സരസ്വതീ പാണ്ഡവികാംപ്രധാനാം
യക്ഷോപിയക്ഷം ഗരുഡശ്ചകാകം
ചണ്ഡീപുനഃ പിംഗലികാം സതൈവ
ശിവാംശിവാദ്ധൃധിതിഷ്ഠതീഹ.

അ—മേൽപറഞ്ഞ ഓരോ ശകുനത്തിനും ഓരോ അധിദേവതയുണ്ട്, ആ ദേവതകളെ പറയുന്നു. പോഡകിഎന്ന പക്ഷിക്കു സരസ്വതി അധിദേവതയാകുന്നു. നായ്ക്കു കുബേരൻ അധിദേവതയാകുന്നു. കാക്കയ്ക്കു ഗരുഡനും പിംഗലിക എന്ന പക്ഷിക്കു ചണ്ഡി എന്ന ദേവിയും പെൺകുറുനരിക്കു ശിവാദൂതി എന്ന ദേവിയും അധിദേവതകളാകുന്നു.

മൂ— നാദേവതാധിഷ്ഠിതമന്തരേണ
തിഷ്ഠന്തികേചിൽപശുപക്ഷിണോസ്മിൻ
ഹിംസ്യാനതേ ശാകുനികേനഹന്യാൽ
ക്രുദ്ധ്യന്തിദേവ്യസ്തദഭിപ്രിതാഹി.

അ— മേൽപറഞ്ഞ അഞ്ചു ശകുനങ്ങൾക്കു പുറമെ മറ്റുള്ള പശു പക്ഷ്യാദികൾക്കും ദേവതകൾ ഉണ്ട്. അതുകൊണ്ട് ശാകുനികൻ ആ ജന്തുക്കളെ ഒന്നും ഉപദ്രവിച്ചുകൂടാ. ഉപദ്രവിച്ചാൽ അധിദേവതകൾ കോപിക്കുമെന്നു അറിഞ്ഞുകൊള്ളണം.

മൂ— മൈമാനിതൈപ്യാണ്യഥ മൈപ്പികാനി
തേഷാം സ്വശക്ത്യാ മിഥുനാനികൃത്വാ
അഭ്യർച്ചയേൽ പഞ്ചഭിരേവതൈസ്തു
സൂക്ഷ്യന്തിപുംസാം ശകുനാന്തരാണി.

അ—പൂജാവിധിയിങ്കൽ മേൽപറഞ്ഞ പോദകി മുതലായവയുടെ പ്രതിമ ഉണ്ടാക്കണമെന്നു വിധിയുണ്ട്. പൊന്നുകൊണ്ടോ, വെള്ളികൊണ്ടോ ധാന്യപ്പൊടി കുഴച്ചുതുടങ്ങിയോ മേൽപറഞ്ഞ പോദകി തലായ ശകുനങ്ങളെ ആൺ പെൺ ജോടിയുണ്ടാക്കി ശകുന വിധിയിൽ പറഞ്ഞിട്ടുള്ള പ്രകാരം പൂജിക്കണം. അവ അഞ്ചെണ്ണവും പ്രസാദിച്ചാൽ മറ്റുള്ള ശകുനങ്ങളും പ്രസന്നങ്ങളാകുന്നു. ഭാവികം.

മൂ— യംബുദ്ധ്യതേയാസ്തി ചയത്ര ദേശേ
യത്രാന്തരാഗോനുഭവോഥവാസ്യാൽ
സഏവവാശകുനകോവിദേന
ഭക്തേനശക്ത്യാ ശകുനോർച്ചനീയഃ.

അ—ശാകുനികൻ പൂജിയ്ക്കുവാൻ ഉള്ള ശകുനത്തെ പറയുന്നു. സ്വദേശത്തുള്ളതും സാധാരണ കണ്ടുപരിചയമുള്ളതും അനുഭവമുള്ളതും സന്തോഷമുള്ളതുമായ ശകുനം യാതൊന്നോ അതിനെവേണം ശാകുനികൻ പൂജിയ്ക്കുവാൻ.

മൂ — വൃത്തം വിദധ്യാച്ചതുരസ്രകംവാ
പൃത്ഥ്വീതലൈരണ്ഡകംവിശ്രുതേ
പൈശാചികേശ്ലോക പരീക്ഷിതായാഃ
സംഗ്രാഹ്യഗോശ്ചൈവമമന്തരിക്ഷാത്.

അ—ശാസ്ത്രവിധി പ്രകാരം രോഗമില്ലാത്തതും വാല്ക്യം പ്രാപിക്കാത്തതും ഒരുയിലക്ഷണപൂർണ്ണതയായ പശുവിന്റെ ചാണകം തറയിൽ വീഴാതെ കൈയിൽ വാങ്ങിച്ചെടുത്തു അതുകൊണ്ടു വിശ്രുതമായ ഒരു സ്ഥലത്തു വൃത്താകാരമായോ ചതുരശ്രമായോ മെഴുകിയ ഒരു മണ്ഡലകം ഉണ്ടാക്കണം.

മൂ— അത്യന്തജീർണ്ണദേഹായാ
വന്ധ്യായാശ്ച വിശേഷതഃ
രോഗാർത്തനാവസൂതായാ
നഗാർഗ്ഗോമയ മാഹരേത്.

അ—വയസ്സധികമാകൊണ്ടു ജീർണ്ണിച്ച ദേഹമുള്ളതോ മലടിയോ ദീനംപിടിച്ചതോ പെറ്റിട്ട അധികനാൾ കഴിയാത്തതോ ആയ പശുവിന്റെ ചാണകം ഉപയോഗിക്കരുത്.

മൂ—തസ്മിൻവിചിത്രം വിതതംവിദധ്യാത്
പിഷ്ടാന്നകേനാഷ്ടദലംസരോജം

ന്ദ്രോവിശിഷ്ടെമ്മസ്സുണപ്രപിഷ്ടൈ-
വ്സപന്ത രൈശ്ചന്ദനകുങ്കുമാദ്യൈഃ.

പീതഃസുരേശഃ കപിലോഹുതാശഃ
കൃഷ്ണോന്തകഃ ശ്യാമവപുശ്ചരക്ഷഃ
ശുക്ലഃ പ്രചേതാഹരിതഃ സമീരഃ
ചിത്രോധനേശോധവളോമഹേശഃ.

ഏവംവിധാഃ പത്മദലോദരേഷു
ക്രമേണദിഷ്ടപ്പസുലോകപാലാഃ
അചായ്യവാക്യാനുഗതേനപുംസാ
മഹാർഹപൂജാവിധിനാച്ചനീയാഃ.

അർച്ചാസനാലേപനപുഷ്പധൂപ
നൈവേദ്യദീപാകവതടക്ഷിണാദ്യൈഃ
ഓങ്കാരപൂർവ്വൈർന്നമസാചയുക്തൈ..
സ്സഹാപ്രഭോവൈന്നിജനാമമന്ത്രൈഃ.

തേനൈവമൂർത്തേപണതഃക്രമേണ
പൂജാംവിധ്യാജ്ജലജന്മമദ്ധ്യേ
ധനുർശ്ശിവായസപിംഗലാനാം*
കൌലേയകസ്യാപിതഃശിവായഃ.

ഗുരുപദേശാൽസമവാപ്യമന്ത്രം
ശതംജപേത്തസ്യ കൃതാവധാനഃ
ഹോമോദശാംശേനചമന്ത്രജാപാൽ
തതോവിധേയോമധുനാസമിദ്ഭിഃ

ധ്യാനംവിധ്യാദഥവകഥ്യമാണ
മൂപേണ ദുർഗ്ഗായുഗളാദികാനാം
തുഷ്യന്തിയേനാച്ചനജാപ്യഹോമ
ധ്യാനൈകതാനസ്യനരസ്യദേവാഃ.

അ— ആ മണ്ഡലകത്തിൽ വിസ്തൃതവും വിവിധവർണ്ണവുമായ എട്ടു ഇരട്ടകം ഉള്ള ഒരു താമരപ്പൂവ് അരിമാവുകൊണ്ടോ നല്ലവണ്ണം പൊടിച്ച ചന്ദനംകൊണ്ടോ കുങ്കുമം മുതലായതുകൊണ്ടോ ഉണ്ടാക്കണം. ആ താമരയുടെ ഓരോ ഇതളിലും അതതുദിക്കിലെ ഇന്ദ്രാദിദിക്പാലകന്മാരെ വരയ്ക്കണം. ഇന്ദ്രന്റെനിറം മഞ്ഞയും അഗ്നിയുടെനിറം കപിലവും കാലന്റെനിറം കറുപ്പും നിർത്തിയുടെ നിറം നീലവും വരുണന്റെനിറം വെളുപ്പും വായുവിന്റെനിറം പച്ചയും

കുബേരന്റെ നിറം വിവിധവും ഈശന്റെ നിറം വെളുപ്പുമാകുന്നു. ഈ നിറത്തിൽ അതതുദേവന്മാരെ താമരഇതളുകളിൽ വരച്ചുകൊള്ളണമെന്നു വിധി. അനന്തരം ശങ്കരഗുരുവിന്റെ ഉപദേശമനുസരിച്ചു വിധിപ്രകാരം ആ ദേവതകളുടെ പൂജ നിർവ്വഹിയ്ക്കുകയുംവേണം. പൂജാവിധിയിൽ ആദ്യമായി സുഗന്ധദ്രവ്യം അർപ്പിച്ചു ആസനംകല്പിച്ചു ചന്ദനാദിലേപനം അലങ്കരിച്ചു പൂക്കൾ ഇട്ടു ധൂപദീപാക്ഷതങ്ങളോടുകൂടെ അന്നം നിവേദിച്ചു ദക്ഷിണകഴിച്ചു കാങ്കാരപൂർവ്വം അതതുദേവതയുടെ നാമമന്ത്രത്തോടുകൂടി നമഃശബ്ദാന്തമായ മന്ത്രം ജപിച്ചു പൂജ അവസാനിപ്പിയ്ക്കണം. അനന്തരം മേൽപറഞ്ഞ ചോദകിമുതലായവരുടെ പൂജ വിധിപ്രകാരം താമരയുടെ മദ്ധ്യത്തിൽ ചെയ്യണം. എന്നിട്ടു ഗുരുവിനാൽ ഉപദേശിയ്ക്കപ്പെട്ട മന്ത്രത്തെ ഏറ്റവും ജപിയ്ക്കണം. പത്തുപ്രാവശ്യം സമിത്തും തേനുംകൂട്ടി ഹോമകർമ്മം നടത്തുകയുംവേണം. പിന്നീടു മേൽപറവാൻപോകുന്നപ്രകാരം ദുർഗ്ഗായുടെ ധ്യാനം ചെയ്യണം. നിർവിഘ്നമായി ഇവ നിർവഹിച്ചാൽ ആ ദേവതകൾ സന്തുഷ്ടരായി അഭീഷ്ടങ്ങളെ നൽകും.

മൂ—ജ്ഞാനമുദ്രയൈകമങ്കിതംകരം
പുസ്തകേണചിഹ്നിതംതഥാപരം
ബിഭ്രതീംഹിമേന്ദുകുന്ദദീധിതിം
പങ്കജാസനാംസ്മരേൽസരസ്വതീം.

ഗദായുധഃസവ്യനിധാനഭൂത്വാ
മഹോദരഃ കുണ്ഡലവാൻകിരീടി
ശംഖാനുസമ്പ്രർച്യവിചിത്രവർണ്ണോ
ധ്യേയഃക്ഷണംവൈശ്രവണോനരേണ.

മുഞ്ജൂപൂഗ്രസ്ഥമരാളജൃംഭം
ഭുജംഗരത്നാഭരണാഭിരാമം
ഹിരണ്യരോചിഃ ഖചിതാന്തരീക്ഷം
താർക്ഷ്യം സ്മരേദ്വായുസമച്യുതപ്രാ.

ശവാധിരൂഢാംനൃകപാലഹസ്താം
ശ്രുവായുധാംശ്രുതിസിതാംഗയഷ്ടിം
ഉലൂകചിഹ്നാംനരമുണ്ഡമാലാം
നിർമ്മാംസദേഹാംരുധിരംപിബന്തീം.

ഊർദ്ധ്വപ്രസാ ചർച്ചിത കൃഷ്ണകായാം
കപീന്ദ്രപഞ്ചാനന ചർമ്മവസ്ത്രാം

ദ്വിതീയകസ്ഥാമനി ഭീമരൂപാം
ചണ്ഡീംസ്മരേൽപിംഗലികാംസഭോജ്യ.

അധോമുഖീഘോരരവാതനൈർഋ-
ജ്ജ്വാലാകരാളംവദനംവഹന്തീ
സ്വനാന്ധകൈഃ സപ്തഭിരഭ്യുപേതാ
ശിവാശിവാദ്യൈരനുചിന്തനീയാ.

അ—മേൽപറഞ്ഞപ്രകാരം പോകേണ്ടി മൂന്നായ പക്ഷിശകുനങ്ങളെ പൂജിച്ചശേഷം അതാതിന്റെ ദേവതകളെ ധ്യാനിയ്ക്കേണ്ട ക്രമം പറയുന്നു. പോകേണ്ടപുകാനന്തരം കരുകൈക്കൊണ്ടാനാമുദ്രയാൽ അങ്കിതമായും മറേറ കൈ പുസ്തകത്താൽ അലംകൃതമായും മഞ്ഞു, ചന്ദ്രൻ, കുരുക്കത്തിമുല്ലപ്പൂ ഇവ്യാദിപോലെ ധവളമായ ശരീരം വഹിച്ചും താമരപ്പൂവിൽ അധിവസിക്കുന്ന രൂപത്തിൽ സരസ്വതിയെ ധ്യാനിയ്ക്കണം. ശ്രാവിനെ പൂജിച്ചതിനുശേഷം കാതിൽ കുണ്ഡലങ്ങളും, ശിരസ്സിൽ, തങ്കകിരീടവും ധരിച്ചു ഗദായുധനായി വിചിത്രവർണ്ണനായി സന്നിധികഠംക്കും അധിപതിയായി വലിയ കുബേരനോട്ടക്കടി ഇരിക്കുന്ന രൂപത്തിൽ വൈശ്രവണനെ ധ്യാനിയ്ക്കണം. കാക്കയെ പൂജിച്ചതിനുശേഷം ചുണ്ടുകൊണ്ടു ഒരു മഹാസർപ്പത്തെ തൂക്കിപ്പിടിച്ചും നാഗമണികഠം അലങ്കരിച്ചും സുവർണ്ണതുല്യമായ ശരീരതേജസ്സുകൊണ്ടു പരിസരപ്രദേശങ്ങളെ പീതവർണ്ണമാക്കിയും വിളങ്ങുന്ന രൂപത്തിൽ ഗരുഡനെ ധ്യാനിക്കണം. പിംഗലികയെ പൂജിച്ചതിനുശേഷം മനുഷ്യന്റെ തലയോട്ടികഠം കയ്യിൽ ധരിച്ചു ശരീരത്തിൽ സ്വർണ്ണം നിറയെ പൂശി കഴുത്തിൽ മനുഷ്യന്റെ തലകഠം കോർത്ത മാലയും തൂക്കി മൂങ്ങാപ്പക്ഷിയെ കൊടി അടയാളമാക്കി മാംസംകുറഞ്ഞ വികൃതദേഹത്തോടെ ചോരകുടിച്ചുംകൊണ്ടു ചോരയും നെയ്യുവലയും ദേഹത്തിലെങ്ങുംപുരണ്ടും ശൂലായുധവും കയ്യിൽ ഏന്തി ശവത്തിന്റെ പുറത്തുകയറി സിംഹത്തിന്റേയും, ആനയുടേയും, തോലും ഉടുത്തു താന്നിവൃക്ഷത്തിൽ സ്ഥിതിചെയ്യുന്ന വിധത്തിൽ ഭയങ്കരരൂപിണിയായ ചണ്ഡികയെ ധ്യാനിയ്ക്കണം. പെൺകുറുനരിയെ പൂജിച്ചതിനുശേഷം ഭയങ്കരമായ ശബ്ദം പുറപ്പെടുവിച്ചു അതിതുക്ഷരൂപയായി രൗദ്രാവതാരം കത്തിക്കാളുന്നവോ എന്നു തോന്നുമാറു ഭീഷണമായ മുഖംകുനിച്ചു ഏഴു ശിശുക്കഠംക്കു പാലുകൊടുത്തുകൊണ്ടിരിക്കുന്ന രൂപത്തിൽ ശിവദൂതിയെ ധ്യാനിയ്ക്കണം.

മൂ— ത്രശോകനജ്ഞാനമുന്മീലവിശേഷാ-
ദ്ഭർത്തൃനിത്യഃ ശകുനോക്ഷണായ

തം പൂജയേത്തത്ര ഭവേദ്യദീഷ്ടം
ആ പ്രായുവയ്യേ പരിതോഷിതേഹി.

കൃതാഞ്ജലിർഭ്രമിനാവിഷ്ടജന്തുർ
മൂർദ്ധ്നാ പ്രണമ്യതിദശാധിനാഥിൻ
യഥാവദഭ്യർച്ചനതോഷിതായ
പൂജാംസമസ്താംഗുരവേപ്രദദ്യാത്.

തോജയേദഥ ഗുഡാജ്യപായസൈഃ
ശുദ്ധനാകൃതിപയാഃ കുമാരികാഃ
ആത്മനാപിവിദധീതഭോജനം
തദ്ഗൃഹ്യസജനബന്ധുഭിഃ സമം.

തതോരജന്യാം സമുദീയ്യമന്ത്രം
ധ്യാത്വാട്ടഥസർവാൻ വിധിനോദിതേന
വിധായ്യകർമ്മം മനസാസമസ്തം
ശയീതഭൂമൌ വിജനേവ്രതസ്ഥഃ.

തതഃ പ്രയത്നാദധിവാസനിസ്യ
യസ്മിൻനിവാസഃ ശകുനസ്യതസ്യ
പ്രാതഃപ്രദേശം സുമനോഭ്യതസ്യ
മേഷ്ടാദിരൂഹേതസുധീഃ സ്വകായ്യം.

യദ്യാശുവിഃ ശാകുനശാസ്ത്രമേത-
ദ്ഭർത്ര്യവസ്ഥാദധിവാസ്യ പശ്യേൽ
പ്രയാജനംനപ്രതിപാദ്യചാന്യൈ
ഹവിഷ്യഭോജീവിജനേശയീത.

പ്രാതഃപ്രപൂജ്യാഥനിവേദ്യകായ്യം
വിധായ പരിഷ്ക്ഷിതപത്രപങ്കെരുഹ
ബാഹ്യസ്യപാർശ്വാദഥവാകുമായ്യാഃ
പ്രക്ഷിപ്യദേഭരുപുമാന്നിഷീകാം.

ദൃശ്യേതയഃ കശ്ചിദഖണ്ഡതാടി
ശ്ലോകസ്തദസ്തവിമൃശ്യാനോ
ശുഭോശുഭോവാഖലുനാഭ്രമ-
സ്താവൽസ്വകായ്യേപിവിധേയനീയഃ.

അർച്ചനംവിധേതാം യഥോദിതം
പ്രീയതേശകുനദേവതാന്നാം

തേനാല്പതിനസാവരപ്രദാ
പൂർവകർമ്മഫലപാകമന്യഥാ.

അ—വിശേഷിച്ചും ശകുനജ്ഞാനഗുരുവിനെ പൂജിയ്ക്കണമെന്നു കണ്ടു. ഗുരുനാഥനെ പ്രസാദിപ്പിച്ചെങ്കിൽ മാത്രമേ ഇഷ്ടസിദ്ധി ഉണ്ടാകയുള്ളൂ. ദേവാദികളെ എല്ലാം കൈകൂപ്പി മുട്ടുകുത്തി നമസ്കരിച്ചുവണങ്ങീട്ട ഗുരുവിനെ ഉപചരിച്ചു പ്രസാദിപ്പിച്ചശേഷം വിധിപ്രകാരം പൂജിയ്ക്കണം. നെയ്യ്, പരിപ്പ്, പായസം ഇത്യാദി വിഭവങ്ങളോടുകൂടി ഏതാനും കുമാരികളെ ഭുജിപ്പിക്കണം. അനന്തരം ആ ഗുരുവിനോടും സ്വജനങ്ങളോടും ബന്ധുക്കളോടുംകൂടി താനും ഊണു ഭുജിയ്ക്കണം. അനന്തരം രാത്രിയിൽ മന്ത്രം ഉച്ചരിച്ചു വിധിച്ചിട്ടുള്ള പ്രകാരം ദേവതകളെ ധ്യാനിച്ചു, അറിയേണ്ടതോ സാധിയ്ക്കേണ്ടതോ ആയ കാര്യം ചിന്തിച്ചുകൊണ്ടു ഏകനായി വെറുനിലത്തു കിടക്കണം. പിറേദിവസം കാലത്തെ എഴുന്നേറു താൻ ഏതൊരു ശകുനത്തെയാണോ തലേനാൾ പൂജിച്ചത് അതു വസിക്കുന്ന സ്ഥലത്തുപോയി അതിന്റെ ചേഷ്ടകളെ നോക്കി കാര്യത്തിന്റെ ഗുണദോഷങ്ങൾ ശരിവരെ അറിഞ്ഞുകൊള്ളുകയും വേണം. അല്ലെങ്കിൽ ശകുനികൻ പരിശുദ്ധനായി ഈ ശകുനശാസ്ത്രത്തെ പൂജിച്ചു ധൂപദിപാദികളാൽ വിശുദ്ധമാക്കി ആ ശാസ്ത്രത്തിന്റെ സമീപത്തിരുന്നു തന്റെ ഉദ്ദേശം എന്താണെന്നു പ്രസ്താവിക്കയും ചെയ്തിട്ടു വിശുദ്ധശയ്യ അന്നും രക്ഷിച്ചുകൊണ്ടു സങ്കല്പത്തോടുകൂടി വെറുനിലത്തു കിടക്കണം. പിറേദിവസം കാലത്തെ എഴുന്നേറു വീണ്ടും പുസ്തകത്തെ പൂജിച്ചു ഉദ്ദിഷ്ടകാര്യവും ഉച്ചരിയ്ക്കയും ധ്യാനിക്കയും ചെയ്തുകൊണ്ടു കുലശ്രേഷ്ഠതയുള്ള ഒരു ബാലന്റെയോ ബാലികയുടെയോ കയ്യിൽ ഒരു ശലാകകൊടുത്തു ശകുനശാസ്ത്രത്തെ ആദ്യംപൂവ്വം കയ്യിൽ എടുത്തുവച്ചു ആ ശാസ്ത്രത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ആ ശലാകകൊണ്ടു പകുത്തുതുറക്കാൻ ബാലനോടോ, ബാലികയോടോ പറയണം. അങ്ങനെ പകുത്തുതുറക്കുന്ന ഭാഗത്തു മുറിയാതെ കാണുന്ന ശ്ലോകം വായിക്കണം. എന്നാൽ അതിൽനിന്നും ഗ്രഹിയ്ക്കാവുന്ന ഗുണദോഷം ഉദ്ദിഷ്ടകാര്യത്തിന്റെ ഗുണദോഷമനുസരിച്ചിരിക്കുമെന്നുമറിഞ്ഞുകൊള്ളണം. ശകുനദേവതയെ വിധിപ്രകാരം പൂജിക്കുന്നവനിൽ ആ ദേവത പ്രസാദിയ്ക്കും. അതുകൊണ്ടു കേവലവത്സലയായ ആ ദേവത പൂർവകർമ്മഫലപരിപാകത്തെ കരിയ്ക്കലും തെറ്റിച്ചു അറിയിയ്ക്കുകയില്ലെന്നു വിശ്വസിച്ചുകൊള്ളാം.

ശശകുനം.

മൂ— അഥോബ്രുവേശാനരുതസ്യസാരം
സാരംസമസ്തേഷുചശാകുനേഷു
വിസ്പഷ്ടമേവപ്രവദാമി സുഖലക്ഷണീയം
ശുഭാശുഭംപ്രാക്തനകർമ്മപാകേ.

അ—സകലശകുനങ്ങളിലും വച്ചു പ്രധാനമായ ശാനരുതത്തിന്റെ സാരത്തെ ഞാൻ സംഗ്രഹിച്ചുപറയാൻപോകുന്നു. അതു പൂർവ്വജന്മകർമ്മപാകത്തിന്റെ ശുഭാശുഭഫലം എളുപ്പത്തിൽ അറിയുന്നതിനു ഏറ്റവും അനുഗ്രഹവും മുഖ്യവും ആയതെന്നു പ്രസിദ്ധം അത്രേ.

മൂ— ശശശാനല്ലേഷണാഃ
കൊളേനകകപിലജാഗ്രകാശ്ച
മണ്ഡലകൃക്കരനകഃ
ശുനകഃസരമാസുതസ്യാഹപം.

അ—ശശവു, ശശാനം, ല്ലേഷണം, കൊളേയകം, കപിലം, ജാഗ്രത്തും, മണ്ഡലം, കൃക്കരം, നകുഷം, ശുനകം ഇവയെല്ലാം സരമാസുതന്റെ—അതായതു നായുടെ—നാമങ്ങളാകുന്നു.

മൂ— ശുഭാശുഭജ്ഞാനനിമിത്തഭൂതം
ശ്രേഷ്ഠംപുനഃശ്രേഷ്ഠിതമേതദുക്തം
അപ്യായതേപ്രോതവചിന്നചിത്തൈഃ
സുഖായനൂനംമുനിഭിർമഹദ്ഭിഃ.

അ—ശുഭാശുഭഫലങ്ങൾ അറിയുന്നതിനുള്ള ശശശ്രേഷ്ഠിതങ്ങളിൽ മുഖ്യമായ കന്നിനെ ഇവിടെ പറവാൻപോകുന്നു. ഇതു മനുഷ്യരുടെ ഇഷ്ടസാധ്യത്തിനായിക്കൊണ്ടു് ആദ്യമഹർഷിശ്രേഷ്ഠന്മാരാൽ പറയപ്പെട്ടതാകുന്നു. കരുണാശാലികളും മഹാമനസ്സുകളുമായ അവരുടെ വാക്യം വ്യർത്ഥമാകയില്ലല്ലോ.

മൂ— ശശാജിഹ്വായാമക്ഷിണാദിഗ്വിഭാഗം
ലിഹൻസരമേസ്ത്രീസിദ്ധികാരീ
നപ്രാഗ്ജിഹ്വാംഭക്ഷണന്നേവവാമ-
മംഗം സ്പൃശംല്ലോകയേ സത്തമൈവ.

അ—നായുടെ നാക്കുകൊണ്ടു വലത്തുഭാഗം നക്കുകയാണെങ്കിൽ ആരംഭങ്ങൾ ഫലപ്രാപ്തിയെ ചെയ്യുമെന്നറിഞ്ഞുകൊള്ളണം.

അതുപോലെ നഖമോ നാക്കോ പല്ലോകൊണ്ടു ഇടതുഭാഗം സ്പർശിക്കുന്നതും ലാഭകരമാകുന്നു.

മൂ— ജഘനം ജഠരം ഹൃദയഞ്ചശിരോ
ഷേണ്യായടി ദക്ഷിണഭുജം സ്പൃശതി
ക്രമശഃ പ്രകരോത്യധികാദധികം
നിയതം തദഭീഷ്ടഫലം സകലം.

അ—നായ് അരക്കെട്ടിന്റെ മുൻഭാഗമോ വയറോ നെഞ്ചോ ശിരസ്സോ വലതുഭാഗമോ വാലുകൊണ്ടു സ്പർശിക്കുകയാണെങ്കിൽ അതു ഇഷ്ടസിദ്ധികരമാണെന്നും ക്രമേണ ഉത്തരോത്തരം ഫലം അധികമായിരിക്കുമെന്നുമറിഞ്ഞുകൊള്ളണം.

മൂ— കർത്തവ്യവൈരിവ്യസനേഷ്ടിദംമേ
സിദ്ധിഃനയാസ്യത്യുതകൃത്യശാ
ധുനോതികർണ്ണേയമിതാ രസ്യ
ഭോഗ്രുവം ചിന്തിതകാര്യസിദ്ധിഃ.

അ—ശത്രുക്കളെ കീഴടക്കാൻ മാർഗ്ഗംകാണാതെ വ്യസനിച്ചു കഴിഞ്ഞുകൂടുന്ന അവസ്ഥയിൽ നായ തന്റെ വലതുഭാഗത്തെ ചെവി ആട്ടുകയാണെങ്കിൽ ആ മനുഷ്യന്റെ ഇഷ്ടം സാധിയ്ക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ— വിജൃംഭതേ യോഹഭതേതരസോവാ
ഭോജിചിന്താ നയഭയോയസസ്യാത്
പ്രയോജനേഷുതപരേഷുസോപി
ഭോഭൃനത്ഥപ്രതിപാദനാത്ഥം.

അ— ഭയചിന്തയോടുകൂടി ഇരിക്കുന്ന അവസ്ഥയിൽ നായ് കോട്ടുവായിടുകയോ മലം വിസർജ്ജിയ്ക്കുകയോ കുന്തം പ്രവർത്തിയ്ക്കാതെ അലസനായിരിക്കുകയോ ചെയ്താൽ അതു ഭയശാന്തിയെ കുറിയ്ക്കുമെന്നറിയുക. എന്നാൽ മറ്റു പ്രയോജനങ്ങളിൽ ഇതു ഭയോദ്യനത്ഥങ്ങളെ ഉണ്ടാക്കുന്നതുമായിരിക്കും.

മൂ— അങ്ഗിതേ പല്ലവിതേ സപുഷ്പേ
ഫലാനപിതേ ദ്രുമഹീസാരമേത
പുഷ്പേ ഫലേക്ഷീരതരുപ്രചാരേ
സന്മൂലകംദേ സുരഭേയവാ.

അ—രളിത്തുപൂത്തുകായ്ക്കുന്ന വൃക്ഷത്തിലോ, പൂവിലോ, കായിലോ, പാലുള്ള വൃക്ഷത്തിലോ, ചെടിയിലോ, നിറകടത്തിലോ,

36375. M. 4.
P. 168

വെള്ളത്തിലോ, ചാണകത്തിലോ നായ് മൂത്രംവീഴ്ത്തുന്നതു കണ്ടാൽ ഭൂമിലാഭം മുതലായ ശോനോഫലങ്ങൾ ഉണ്ടാകുമെന്നറിക.

മൂ— കേദാരമുത്സ്നാമണികേഷ്ടികാസു
പ്രാസാദകന്ധ്യാന്നചയാഭികേഷു
സ്ഥാനേഷുവസ്ത്രഷ്വപിശോനേഷു
ഭ്രൂണാദിലാഭോയകരോതിമൂത്രം.

അ—വയൽ, ഇളകിയ മണ്ണ്, പാന, ഇഷ്ടിക, മാളികഭിത്തി, ചോറുകുന്ന ഇവയിലും മറ്റു ശോനോവസ്ത്രക്കളിലും നായ് മൂത്രം വീഴ്ത്തുന്നതായാലും മേൽപറഞ്ഞപ്രകാരം ശോനോഫലത്തെ ചെയ്യുമെന്നറിഞ്ഞുകൊള്ളണം.

മൂ— ശയ്യാസനാക്ഷരത്രുഹ്താശനേഷു
ഛരിദ്രേഷു ധൂളീനിചയേഷുയക്ഷഃ
സ്ഥാനേഷുമൂത്രം വിസൃജത്യനന്തഃ
സ്യാദത്ഥലാഭോഽഭിമതോ നരാണാം.

അ—കിടക്ക, പീഠം, കൂട, അഗ്നി, ദ്വാരം, പൊടിക്കൂട്ടം ഈ സ്ഥാനങ്ങളിൽ നായ് മൂത്രവിസർജ്ജനം ചെയ്യുന്നയാണെങ്കിൽ ഇഷ്ടപ്രകാരം ധാരാളം ധനലാഭം ഉണ്ടാകും.

മൂ— ഖണ്ഡിനി മുസലകാഞ്ജികധാന്യ
ശുഷ്കേഷു കൃതദക്ഷിണചേഷ്ടാ
ലഭ്യതേ ബഹുധനംശുനിമൂത്രം
തേഷുകുർവതി സമോജ്യമഭീഷ്ടം.

അ—നുറുക്കുകത്തി, ഉലക്ക, കഞ്ഞിപ്പാന, മുറം ഇവയിൽ നായ് വലത്തുവശംചേഷ്ടിച്ചാൽ ധാരാളം ധനലബ്ധിയുണ്ടാകുമെന്നും ഇവയിൽമൂത്രം വീഴ്ത്തിയാൽ ഇഷ്ടഭക്ഷണം ലഭിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു.

മൂ— സിദ്ധാന്നവിഷ്ഠാഫലമാംസവക്ത്രോ
ലാഭായയക്ഷോഭിമുഖഃ സദൈവ
സഹസ്തപാദാസ്ഥി ഫലാദികൈസ്യ
സ്താകൈർദ്ദിനൈഃ സ്യാന്മഹതേധനായ.

അ—ചോറ്, മലം, കായ്കനികൾ, മാംസം ഇവ വായിൽ കൂടിക്കൊണ്ട് നായ് അഭിമുഖമായി വന്നാൽ ധനലാഭം ഫലം. കാൽ, കൈ, അസ്ഥി, ഫലങ്ങൾ ഇവ കടിച്ചെടുത്തുകൊണ്ടു നേരേവരികയായാൽ, അല്പദിവസത്തിനകം മഹാധനലാഭം ഉണ്ടാകും.

മൂ— തുംഗേസ്ഥിതഃ ശ്വായദിസുപ്രദേശേ
കരേണകണ്ഡൂയതി ദക്ഷിണേന
ശിരസ്ഥദാസവ്യമനീഷിതാനി
സിദ്ധ്യന്ത്യസാദ്ധ്യാന്യപിയാന്യഭ്രുവൻ.

അ—നായ് ഉയന്ന നല്ല ഒരു സ്ഥാനത്തിരുന്ന് വലതുകൈ കൊണ്ടു തല ചൊറിയുകയാണെങ്കിൽ, സർവ്വാഭീഷ്ടങ്ങളും ദുസ്സാധിതങ്ങളായിരുന്നവയായാലും നിസ്സംശയം സാധിക്കും.

മൂ— അധിഷ്ഠിതഃ ശ്വാശയനസ്യ സവ്യകീയം
ഉദ്ധൂയ വാട്യാമഥ ദക്ഷിണമക്ഷിപശ്ചാത്
നൈമിത്തികം സ്വാന്തദവിഷ്ലസിദ്ധ്യൈ
ചികീർഷിതേവസ്തുനിദർശനായേപി.

അ—നായ് പതിവായി താൻ കിടക്കുന്ന സ്ഥാനത്തു കിടന്നു കൊണ്ടു പതുക്കെ വലതുകണ്ണു തുറന്നു ശാകുനികനെ സവ്യം നോക്കുകയാണെങ്കിൽ ദുഷ്കരമായിരുന്ന കാര്യത്തിന്റെ വിഘ്നങ്ങളും തീർന്ന് ഇഷ്ടസിദ്ധിയുണ്ടാകുമെന്നറിക.

മൂ— ദൃഷ്ട്വാ പ്രപശ്യൻസപദയോബ്രുവീതി
കൈതവേയകഃ പാണ്ഡുരവസ്തുലാഭം
വിലോമനേചടിനിമീല്യശേതേ
ഭ്രുയോപിതസ്മിംശ്ചരനേ തഥൈവ.

അ—നായ് കിടക്കുന്നകിടപ്പിൽ കണ്ണുതുറന്ന് അടുക്കലുള്ള പാലോ വെള്ളമോ നോക്കീട്ട് വിണ്ടും കണ്ണടച്ച് അവിടെത്തന്നെ കിടക്കുകയാണെങ്കിൽ വെളുത്ത വസ്തുക്കൾ ലഭിക്കുമെന്നുപറയപ്പെട്ടുന്നു.

മൂ— ശ്വോവഹഃ ശാ ശയനസ്ഥിതഃ സൻ
ശിരോധരാമുന്നമയന്നരാണാം
ധൂനോതികണ്ണേയദിതൽസമസ്ത
പ്രയോജനാനാം കുരുതേപ്രണാശം.

അ—നായ് കിടക്കുന്ന കിടപ്പിൽ കഴുത്തുയർത്തി ശാകുനികനെ നോക്കിയാൽ കാര്യസാദ്ധ്യം ഫലം. അപ്പോഠം ചെവികൾ അടുക്കുടിച്ചെയ്താൽ അതു കാര്യഹാനിയെച്ചെയ്യുമെന്നും അറിഞ്ഞു കൊള്ളണം.

മൂ— ഉല്ലുളിതോശ്വാദികചൂർണ്ണവാക്ര്യാ
ഭവേൽപുനശ്ചോരഭയായയക്ഷുഃ.

യസ്യാഗ്രതഃശ്വാസ്ഥിവപം ഗൃഹീത്വാ
ഭ്രഷ്ട്യന്നയാതിപുരം യമസ്യ.

അ—ദേഹത്തിൽ പൊടിപുരണ്ടതോ, കല്ല് മുതലായവ വായിൽ നിറച്ചതോ ആയ നായ് ശാകുനികനെ ചോരത്തെ ഉണ്ടാക്കും. വായിൽ അസ്ഥിക്കഷ്ണത്തോടുകൂടി ശവം യാവനൊരുത്തന്റെ മുഖത്തുനോക്കി കരയുകയോ അവൻ കാലപുരത്തെ പ്രാപിക്കുമെന്നു പറയപ്പെടുന്നു.

മൂ— സംചരിന്നപുരശ്ശവനോരുഗാത്രഃ
ക്രുശോ വിചിന്നോഭിമുഖം പ്രസുപ്തൻ
കാര്യോദ്യതേഷു പ്രവിലോക്യമാനഃ
ശ്രേയോവിധാതി നഹി സാരമേയഃ.

അ—വാലും ചെവിയും മുറിച്ചതും രോഗംപിടിച്ചതും ക്ഷീണത്തിന്റെ അഭാവംകൊണ്ടും മറും മെലിഞ്ഞതും ദീനമുഖഭാവത്തോടുകൂടിയതും ആയ ശവം ശാകുനികനു അഭിമുഖമായി വന്നാൽ ഇഷ്ടസാദ്ധ്യത്തിനു വിഘ്നം ഉണ്ടാകുമെന്നറിയണം.

മൂ— നിമജ്യതോയേ സവപുസ്ത്വിയുഗ്വാൻ
പ്രയുജ്യേയകശ്ചിദ്ഭയംകരോതി
ഭ്രഷ്ടാഭീക്ഷ്ണം പഥിമന്ദിരേവാ
ഗ്രാമേടഥവാ ചൈരഭയായജ്രമ്നോ.

അ—വെള്ളത്തിൽ മുങ്ങിയോ മറുപ്രകാരത്തിൽ ശരീരം നനഞ്ഞോ ഇരിക്കുന്ന ശവം രോമംകൊണ്ടുകൊണ്ടു മുന്നിട്ടുവരികയാണെങ്കിൽ കള്ളന്മാരിൽനിന്നു ഭയം ഉണ്ടാകുമെന്നറിയണം. അതുപോലെ മാർഗ്ഗത്തിൽവച്ചോ ഭവനത്തിൽവച്ചോ വീണ്ടുംവീണ്ടും മുഖത്തുനോക്കി കരയുകയാണെങ്കിൽ ഗ്രാമാധിപതിക്ക് ചോരഭയം ഉണ്ടാകുമെന്നറിയണം.

മൂ— ദ്വാരപ്രദേശേ ശുചനം വിഭ്രഷ്ടൻ
പുരോർഥപാന്ഥാഗമനായയക്ഷുഃ
കരോതിതത്രോപവിശംശ്ച പുംസാം
സംഗംജനോനാഭിമതേനസാദ്ധ്യം.

അ—പടിവാതുക്കൽനിന്നു വാതിൽപടിയിൽ പുരീഷം ഉരയ്ക്കുകയാണെങ്കിൽ യോഗ്യനായ കരുവിരുന്നുകാരൻ വന്നുകൂടുമെന്നറിയണം. പടിവാതുക്കൽതന്നെ കിടക്കുകയാണെങ്കിൽ ഇഷ്ടജനത്തിന്റെ സമാഗമം ഫലമായിരിക്കും.

മൂ— പ്രവിശ്യഗൃഹം രഭസേനയഃക്ഷഃ
സ്തംഭേസമാലിംഗതിയോഷ്ടവാന്യഃ
ചുല്ലീംസമാരോഹതി സമ്പ്രവീതി
സമാഗമം സ്നിഗ്ധജനേനസാദ്ധ്യം.

അ—വേഗത്തിൽ ഓടി ഭവനത്തിൽ കടന്നുവന്ന തുണിൽ ഉരുമ്മുകയാണെങ്കിൽ ബന്ധുക്കളോ സ്നേഹിതന്മാരോ വരുന്നതിനു സംഗതിയാകുമെന്നും അടുപ്പുതിട്ടയിൽ കയറുകയാണെങ്കിലും മേൽപറഞ്ഞ ഫലംതന്നെയെന്നും അറിയണം.

മൂ— സുഹൃൽസമാഗമ്യതി ദൂരദേശാൽ
കണ്ഡൂയമാനേശ്രുനിരീക്ഷിണാങ്ഗം
ശിരഃപ്രദേശസ്പൃശി ചാതിതുണ്ണ-
മിഷ്ടാജനോ നിശ്ചിതമഭ്യുപൈതി.

അ—നായ് വലതുഭാഗത്തെ അവയവം ചൊറിഞ്ഞാൽ ദൂരദേശത്തുനിന്നും ഒരു സ്നേഹിതൻ വരും. കൈകൊണ്ടു തല ചൊറിഞ്ഞാൽ അത്യന്തം ഇഷ്ടപ്പെട്ട ജനം അഗമിക്കുമെന്നുമറിഞ്ഞുകൊള്ളണം.

മൂ— കണ്ഡൂയമാനഃ സ്വകരംകരോതി
സവ്യേനി കായ്യേനി ഫലാനപിതാനി
ബ്രഹ്മപ്രദേശേ മധുരാരവഃശ്വാ
ദ്ദാതിദ്വോജ്യം സമമാമിഷേണ.

അ—ശ്വാവു് തന്റെ കൈതന്നെ ചൊറിയുകയാണെങ്കിൽ സവ്യകായ്യങ്ങളും ഫലാനപിതങ്ങളുമായി ഭവിക്കും. മേല്പോട്ടുനോക്കി ആകാശത്തെ ലക്ഷ്യമാക്കി ശാന്തമായി കൂയ്യുകയാണെങ്കിൽ മാംസോത്തമമായ ഭക്ഷണം ലഭിക്കുമെന്നറിയണം.

മൂ— യസ്യേക്ഷതേവേശുനിസാരമേയ-
ശ്ചിരം നഭോ രോമയമാംസവിഷ്ഠഃ
രാമാം മനോജ്ഞാം ദ്രവിണം പ്രഭൂതം
പ്രാപ്നോത്യസൌ സൌഖ്യമനശ്വരഞ്ച.

അ—യാവനൊരുത്തന്റെ ഭവനത്തിലാണോ ശ്വാവു് ആകാശത്തേയോ, ഛാണകത്തേയോ, മാംസത്തേയോ, അമേധ്യത്തേയോ വളരെനേരം (വളരെ പ്രാവശ്യം) നോക്കുന്നതു് അവനു് അനശ്വരമായ സുഖവും അനന്തമായ ധനവും അതിമനോഹരിയായ സ്ത്രീയുടെ സമാഗമവും ഉണ്ടാകും.

മൂ— വസുന്ധരായാഃ കമപിപ്രദേശം
മൂർധ്നാസ്പൃശൻ യദ്യവലോകതേശ്വാ
ധ്രുവം തദാ തത്രമഹാനിധാനം
അസ്തീതിസിദ്ധൈഃ കഥിതം രഹസ്യം.

അ—ഭൂമിയിൽ ഏതെങ്കിലും ഒരു ഭാഗത്തു് നായ് തലകൊണ്ടു തൊട്ടിട്ടു് ആ ഭാഗത്തേത്തന്നെ നോക്കിക്കൊണ്ടു് നിൽക്കുന്നു എങ്കിൽ അവിടെ വിലയേറിയ നിധി ഉള്ളിൽ ഉറപ്പുണ്ടെന്നറിഞ്ഞുകൊള്ളണം. ഇതു് അതിരഹസ്യമായ മഹർഷിപ്രോക്തമാകുന്നു.

മൂ— വേന്തിദ്വൈധരിവതാഡ്യമാനാഃ
ഖേ ഖേതിശബ്ദേന മുഹുർമുഹുർവ്വേ
യേവാപ്രധാവന്തി ചമണ്ഡലീഭി
സ്തസ്യ മൃത്യുഃ ശ്വന്യവിധായിനോവാ.

അ—വടികൊണ്ടടികൊണ്ടപോലെ ഖേ ഖേ എന്നു് ഉച്ചത്തിൽ വീണ്ടും വീണ്ടും കുരയ്ക്കുകയോ ചുറ്റിവളഞ്ഞു് ഓടുകയോ, ചെയ്യുകയാണെങ്കിൽ ആ നാട്ടിനു വലുതായ ആപത്തു് ഭവിക്കാൻപോകുന്നു എന്നറിഞ്ഞുകൊള്ളണം.

മൂ— ഊർദ്ധ്വാനനാ ഭാസ്കരസംമുഖീനാഃ
ശപ്താനുരൂപേണ മഹാരവേയായ
ഏവംഹിസന്ധ്യാസമയേ ശ്വയോഽ
നിഷ്പ്രകാരസ്തൂർണ്ണമരസ്യതസ്യ.

അ—സൂര്യനെനോക്കി അകാരണമായി നായ് കുരയ്ക്കുകയാണെങ്കിൽ മഹാഭയം ഉണ്ടാകുമെന്നും, സന്ധ്യാസമയത്തിൽ അപ്രകാരം കുരയ്ക്കുകയാണെങ്കിലും അതേഫലംതന്നെയെന്നും മറ്റുസമയങ്ങളിൽ ഇങ്ങനെ മേല്പോട്ടുനോക്കി കുരച്ചാൽ ആ നാട്ടിനു നാശം അടുത്തിരിക്കുന്നു എന്നുമറിഞ്ഞുകൊള്ളണം.

മൂ— ഖനത്യഗാരേയദിസാരമേയഃ
കുഡ്യംതദാസ്യാൽ ഖലു സന്ധിപാതഃ
ഗോപ്തുപ്രദേശം യദിമാടപാദോ
ധാന്യസ്യഭ്രമിം യദിധാന്യലാഭഃ.

അ—നായ് ഭവനത്തിന്റെ ഭിത്തിതോണ്ടി കുഴിയ്ക്കുകയാണെങ്കിൽ താമസിയാതെ ആ ഭവനത്തിൽ ഭിത്തിപൊരുന്ന് കള്ളന്മാർ അതിക്രമണം ചെയ്യുമെന്നറിയണം. തൊഴുത്തിൽ മാന്തിക്കുഴിയ്ക്കുകയാണെങ്കിൽ

പശുക്കളെ കള്ളന്മാർ മോഷ്ടിക്കുമെന്നും ധാന്യഭൂമി മാന്തിക്കുഴിയ്ക്കുകയാണെങ്കിൽ ധാന്യലാഭം ഉണ്ടാകുമെന്നും ഫലം കണ്ടുകൊള്ളുണം.

മൂ— കൃത്വാശിരോദ്വാരി ബഹിർവപുശ്ചേത്
ശ്വാതെതിരീർഷം ഗൃഹിണീംപ്രപശ്യൻ.
തദ്രോഗദോവക്തി പ ബന്ധകീംതാം
ബാഹിർമുഖോഭ്യന്തരകായയോഗഃ.

അ—പടിവാതുക്കൽനിന്നു വെളിയിൽ ശരീരവും വാതുക്കൽ മുഖവുമായി ആ വീട്ടുടമസ്ഥനെനോക്കി ശ്വാവു ഉച്ചത്തിൽ കുരയ്ക്കുകയാണെങ്കിൽ അചിരേണ രോഗം ഉണ്ടാകുമെന്നും അകത്തു ശരീരവും പുറത്തുമുഖവും ആയിനിന്നു അപ്രകാരം കുരയ്ക്കുകയാണെങ്കിൽ ആ സ്ത്രീ കുലടയാണെന്നുമറിഞ്ഞുകൊള്ളുണം.

മൂ - ധനാഗമഃ സ്യാച്ഛുനിഖാതുവാമം
ജിഹ്മത്വവാമം കലഹം പ്രിയാഭിഃ
വാമം തഥോരും വിഷയോപഭോഗാ
മിതൈഃ സമം വൈരമവാമമൂരും.

അ—നായ് ഇടതുവശം മണപ്പിക്കുകയാണെങ്കിൽ ധനാഗമവും വലതു വശം മണപ്പിക്കുകയാണെങ്കിൽ ഭാര്യയോട്ടു കലഹവും വലതുതുട മണപ്പിക്കുകയാണെങ്കിൽ വിഷയസുഖവും ഇടതുതുട മണപ്പിച്ചാൽ ബന്ധുവൈരവും ഫലം.

മൂ — ഭൂദ്വയം ജിഹ്മഗതിസാരമേയ
പുംസോഭവേത്തസ്കര വൈരിയോഗഃ
മാംസാസ്ഥിഭക്ഷ്യാണിച ഭസ്മമദ്ധ്യേ
സ്യാൽസോപയത്യഗ്നിഭയം പ്രഭൂതം.

അ—ശ്വാവു ഭൂജങ്ങളും രണ്ടും മണപ്പിക്കുകയാണെങ്കിൽ ശാകുനികനും കള്ളന്മാരിൽനിന്നും ശത്രുക്കളിൽനിന്നും ഭയമുണ്ടാകും. മാംസം അസ്ഥി ക്ഷേണനസാധനം ഇവ ചാമ്പലിൽ കുഴിച്ചുമൂടിവയ്ക്കുകയാണെങ്കിൽ താമസിയാതെ വലുതായ അഗ്നിഭയം ഉണ്ടാകുമെന്നുമറിഞ്ഞുകൊള്ളുണം.

മൂ— ക്ഷേണന്നഭിക്ഷ്യ ന ഭവേനസ്ഥിതാനാം
ആവേഷ്ടനംചേൽ കുരുതേകദാചിത്
കൌവേയകൊവശ്യമുപസ്ഥിതംതൽ
ജ്ഞേയംഭയം ബന്ധനസംപ്രവൃത്തം.

അ—തുടരെത്തുടരെ കുരച്ചുകൊണ്ടു നായ് വീട്ടിലിരിക്കുന്നവരെ

ചുറ്റി ഒരു വലയുടെ ഓട്ടകയാണെങ്കിൽ ബന്ധനസംബന്ധമായ ഒരു ദുഃഖം അടുത്തിരിക്കുന്നു എന്നു ഊഹിച്ചുകൊള്ളണം.

മൂ— ഏകേനായോരോടിതിലോ മനേന
ടീനോല്ലഭോജീസഹഹസ്യദുഃഖം
കരോത്യസൌക്രീഡതിയസ്സഗോളിഃ
ക്ഷേമംസുഭിക്ഷം കുരുതേമുദംശ്വാ.

അ—നായ് ഭക്ഷണം വേണ്ടുവോളം കഴിച്ചു ഒരു കണ്ണിൽകൂടി എപ്പോഴും കണ്ണുനീരു ഒഴുക്കിക്കൊണ്ടിരിക്കയാണെങ്കിൽ ആ വീട്ടിലുള്ളവരും അതുപോലെ കണ്ണുനീർ ഒഴുക്കാറായി എന്നു ഊഹിച്ചുകൊള്ളണം. വീട്ടിലെ പശുക്കളോടൊന്നിച്ചു നായ് സാധാരണ കളിയ്ക്കുക പതിവാണെങ്കിൽ ആ വീട്ടിൽ ക്ഷേമവും, സുഭിക്ഷവും, സന്തോഷവും നിലനില്ക്കും.

ശ്വപാകപദ്ധതിയിൽ ശുഭാശുഭജ്ഞാനപ്രകരണം കഴിഞ്ഞു.

ലാഭപ്രകരണം.

മൂ — യക്ഷ്യാഹരിഷ്യാമിഷ മൈതികാഖ്യേ
പൂർണ്ണാനനോവക്തി സുവർണ്ണലാഭം
ദൃഷ്ടിംപുനഃ പൂർണ്ണഫലാംകരേഷു
ചിരംധ്രുവോനോനിധി ലാഭകോതീ.

അ—നായ് മഞ്ഞളോ ഇറച്ചിയോ കാവിമണ്ണു മുതലായ ധാതുക്കളോ വായിൽ നിറച്ചുകൊണ്ടു വരികയാണെങ്കിൽ സുവർണ്ണലാഭവും പൂവു്, കായ്, അങ്കുരം ഇവയിൽ സ്ഥിരമായിട്ടുനോക്കിക്കൊണ്ടു നില്ക്കുകയാണെങ്കിൽ നിധിലാഭവും ഉണ്ടാകുമെന്നറിയണം.

മൂ— യദുപേല്ലവൈഃ ക്രീഡതിവൃക്ഷമൂലം
തദേക്ഷതേയഃ സദാതിസൌഖ്യം
രക്താക്തമൂർധ്വാഭിമുഖോഭ്യുപൈതി
യോമണ്ഡലഃ സോചനിലാഭഹേതു.

അ— വൃക്ഷത്തളിരുകളോ വൃക്ഷത്തിന്റെ പച്ചിലകളോ കാണ്ടു കളിക്കുകയോ വൃക്ഷച്ചുവട്ടിൽ നോക്കിക്കൊണ്ടുനില്ക്കുകയോ ചെയ്താൽ സൌഖ്യം ഫലം. രക്തമോ രക്തനിറമുള്ള ധാതുദ്രവ്യമോ പുരണ്ട മുഖത്തോടുകൂടി നേരിട്ടുവരികയാണെങ്കിൽ ഭൂമിലാഭം. രോഗി

മൂ— സ്ഥിതേപ്സന്നതേ ശ്വായദ്ദിഗുപ്രദേശേ
പാദേനകണ്ഡൂയതിദക്ഷിണേന
ശിരഃപ്രദേശംനിയതംനരസ്യ
തദ്ധേനുലാഭം വിദധാതി സത്യഃ.

അ— ഉയന്ന സ്ഥലത്തുനിന്നു വലതുകാൽകൊണ്ടു തല ചൊറിയുകയാണെങ്കിൽ ശാകുനികന്നു പശുക്കളുടെ ലാഭം ഉണ്ടാകുമെന്നറിഞ്ഞുകൊള്ളണം.

മൂ— ഫലം ഗൃഹീത്വാ സഹസാനിവാസം
യക്ഷോവിശൻ ജല്പതിപുത്രലാഭം
യോജ്യേതിഹൃഷ്ടോഽഭിമുഖം പ്രയാതഃ
ശീഘ്രം സകുത്സ്യാദ്ധനധാന്യലാഭം.

അ— വല്ല കായ്കളും കടിച്ചുകൊണ്ടു നായ് വീട്ടിൽ കടന്നുവരികയാണെങ്കിൽ പുത്രലാഭവും സന്തുഷ്ടനായി യാത്രക്കാരനു അഭിമുഖമായി വരികയാണെങ്കിൽ ധനധാന്യലാഭവും ഫലം.

മൂ — ദക്ഷിണംയദികരോതിചേഷ്ടിതം
ദക്ഷിണേനചരണേന മണ്ഡലഃ
ലാഭോയദിപദാസമാചരേത്
വാമകേന ഖലുതന്നലാഭഃ.

അ—നായ് വലതുകാൽകൊണ്ടു വലതുവശംതന്നെ ചേഷ്ടിയ്ക്കുകയാണെങ്കിൽ ലാഭവും ഇടതുകാൽകൊണ്ടു വലതുവശം ചേഷ്ടിയ്ക്കുകയാണെങ്കിൽ ലാഭമില്ലായ്കയും ഫലം.

മൂ—മൂത്രം വിധായാഭിമുഖംപ്രയാതി
യോജാഗരൂകഃ ശുഭദോനരാണാം
കാര്യേഷുസർവേഷ്വപിസർവകാലം
നമുത്സ്യന്തീശുനകീപ്രശസ്താ.

അ—നായ് മൂത്രം വീഴ്ത്തിക്കൊണ്ടു പുരുഷനു അഭിമുഖമായിവന്നാൽ ഫലം ശുഭമാകുന്നു. എന്നാൽ അങ്ങനെ മൂത്രം വീഴ്ത്തുന്നതു പെൺനായാണെങ്കിൽ ഒരിയ്ക്കലും ഒരുകാര്യത്തിലും അതു ശുഭമല്ല.

മൂ— സ്ഥാനേമനോജ്ഞേവിദധാതിമൂത്രം
സന്തുഷ്ടചിത്തഃ ശുഭചേഷ്ടിതഃശ്വാ
രമ്യാരവോയഃ സരമാസുതോഽസൌ
അ— കരോത്യഭിപ്രേതപദാത്ഫലാഗമം.

അ—മനോഹരമായ സ്ഥാനത്തു സന്തുഷ്ടചിത്തനായി ശുദ്ധേച്ഛിതനായി ശാന്തശബ്ദനായിരിക്കുന്ന രോഗി മൃതംപീഢ ഇല്ല എങ്കിൽ രോഗനികനു ഏറ്റവും ഇഷ്ടപ്പെട്ട സാധനം ലഭിക്കുമെന്നറിഞ്ഞുകൊള്ളണം അഥവാ, അഗ്രഹിച്ചിരുന്ന കാര്യം സാദ്ധ്യമാകുമെന്നറിഞ്ഞുകൊള്ളണം.

മൂ— കഥ്യതേഥകപിലസ്യതേഷ്ടിതം
രോഗിണോമരണജീവിതേക്ഷണേ
ലക്ഷണംചരകവാഗടാദിഭിർ
ഭാഷിതം യദതിശയ്യവത്തതേ.

അ—ഇനി രോഗശയ്യയിൽ കിടക്കുന്നവൻ മരിയ്ക്കുമോ ജീവിയ്ക്കുമോ എന്നറിയുന്നതിനു രോഗാനുഷ്ടിതംകൊണ്ടുള്ള ലക്ഷണം പറയുന്നു. ചരകൻ, വാഗ്ഭടൻ മുതലായ വൈദ്യപ്രമാണികളുടെ നിർണ്ണയത്തേക്കാൾ ഇതു ഫലപ്രദമാകുന്നു.

മൂ— ലീഡേ ഥവാഗ്രിഹ്രുതിസാരമേയോ
വഹ്നേസ്യവൃദ്ധം തലമംഗുലീവാ
രോഗാതുരസ്യാപദിശത്യവശ്യം
തൽപഞ്ചതാംവാസരപഞ്ചകേന.

അ— നായ് കൈത്തലത്തിന്റെ പിൻഭാഗമോ മുൻഭാഗമോ വിരലുകളോ, നക്കുകയോ മണപ്പിക്കുകയോ ചെയ്താൽ രോഗിയ്ക്കു അഞ്ചു ദിവസത്തിനകം മരണമുണ്ടെന്നു നിശ്ചയിച്ചുകൊള്ളണം.

മൂ— കണ്ണുഗ്മമഥവേക്ഷണദ്വയം
നത്തയൻ വദനിവാസഘ്രസ്രിഭിഃ
രോഗിണോമരണമാഹിഹാൻപുന-
ന്നാസികാംദശഭിരന്തകൂട്ടിനൈഃ.

അ—നായ് ചെവി അട്ടകയോ, കണ്ണടകറക്കി നോക്കുകയോ, ചെയ്താൽ മൂന്നുദിവസത്തിനകം രോഗി മരിയ്ക്കും. മൂക്കിന്റെ അറ്റം നക്കുകയാണെങ്കിൽ പത്തുദിവസത്തിനകം മരിയ്ക്കും.

മൂ— പുനഃപുനർദ്ദക്ഷിണമൂർദ്ധഭാഗം
ലിഹൻഭിനൈഃപഞ്ചഭിരാഹമൃത്യും
യമക്ഷയം തൽക്ഷണമേവയക്ഷഃ
ക്ഷിപത്യവശ്യം ജഠരാചലേഹാൽ. ✓

അ—വലത്തേഉള്ളട വീണ്ടുംവീണ്ടും നക്കുകയായാൽ രോഗി

അഞ്ചുദിവസത്തിനകം മരിയ്ക്കും. വയറു നക്കുകയാണെങ്കിൽ തൽക്ഷണംതന്നെ മരിയ്ക്കുമെന്നുമറിഞ്ഞുകൊള്ളണം.

മൂ— അവാമഭോഗേനയദാ വലിത്വാ
ശ്വാപ്പുച്ഛകൺമൂതിമചാകരോതി
തദ്ഗൃഹീതത്തെവകൃതാന്തഗേഹം
രോഗാഭിഭൂതോനിയതംപ്രയാതി.

അ—നായ് വലത്തോട്ട വളഞ്ഞു് പുറം ചൊറിയുകയാണെങ്കിൽ രോഗാതുരൻ അന്നേദിവസംതന്നെ അന്തകപുരത്തെ പ്രാപിയ്ക്കുമെന്നറിഞ്ഞുകൊള്ളണം. സംശയമില്ല.

മൂ— പുരോരുസോർലോഹനസിംഹനാഭ്യാം
പ്രവർത്തിതാഭ്യാംസരമാസുതേന
ക്രമാദ്ദിനാനാംത്രിതയേദ്വയാഭ്യാം
ഭവേല്ക്രുവംരോഗവതോവസാനം.

അ—നായ് വാലിലോ നെഞ്ചിലോ, നക്കുകയോ, കടിക്കുകയോ ചെയ്യുകയാണെങ്കിൽ യഥാക്രമം മൂന്നും, രണ്ടും, ദിവസംകൊണ്ടു രോഗി മരിക്കും.

മൂ— പൃഷ്ഠേനിമിത്തേവസചിത്തവൃത്തിഃ
സംക്രന്ദ്യരാത്രാണ്യഖിലാന്നിശേതേ
കൌലേയകശ്ചോത്തടൈപതിരോഗീ
പരേതനാഥാവസഥക്ഷണേന.

അ—രോഗി മരിക്കുമോ ജീവിക്കുമോ എന്നു ചോദിയ്ക്കുമ്പോൾ ശ്വാവു കേവലം അലസനായി പുരുണ്ടുകൂടി കിടന്നുകളയുകയായാൽ രോഗിയുടെ മരണം അപ്പോൾത്തന്നെയെന്നു് അറിയണം.

മൂ — വിധൂയകർണ്ണൌപരിവർത്യഗാത്രം
പ്രസാരപാലീലാംഭലേഹാഭ്യൈപതി
യദാതദാനീമചിരേണകാലഃ
ക്രോഡീകരോത്യാമയിനംപ്രസഹ്യ.

അ—ശ്വാവു ചെവികൾ അട്ടി ശരീരം വളച്ചുകളിയായിട്ടെന്നപോലെ കണ്ണടയ്ക്കുകയാണെങ്കിൽ രോഗിക്കു കാലാലയത്തിലേയ്ക്കുള്ള യാത്രാസമയം അടുത്തിരിക്കുന്നു എന്നറിയണം.

മൂ— സംകോചിതാംഗഃപിഹിതാക്ഷിയുഗ്മോ
നിഃസ്പന്ദശങ്കംശ്വനകഃശയാനഃ

വ്യാത്താനന്നോ മുഞ്ചതിയസ്സ്വാലാം
സരോഗിണംമാരയതിക്ഷണേന.

അ—നായ് ചുങ്ങണ്ണക്കൂടി കണ്ണുമടച്ചു കിടക്കയും വായ്പിളന്നു വച്ചു ഈത്തപ്പാ ഒലിറ്റിക്കുകയും ചെയ്താൽ ആ ക്ഷണത്തിൽതന്നെ രോഗിയുടെ മരണമെന്നറിയുക.

മൂ നിഷ്പ്രാരണം യഃ പ്രപലായതേശ്വാ
വിരെയരിവാവാരിണിന്നോട്ടതിഭീതഃ
മൃതാംഗഭൂസ്പൃസ്ഥിമുഖോഥവായേയാ.
ഗൃഹം വിശത്യാശ്വസമൃത്യുമാഹ.

അ — കാരണമില്ലാതെ നായ് ഓട്ടയോ വെള്ളംകണ്ടു ഭയപ്പെട്ടുകയ്യുഴയോ വല്ല ജന്തുക്കളുടേയും അവയവശേഷമോ വള്ളിയോ കയറോ അസ്ഥിയോ വായിൽ അക്കിക്കൊണ്ടു ഭവനത്തിൽ കടന്നുവരികയോ ചെയ്താൽ രോഗി വേഗത്തിൽ മരിയ്ക്കും എന്നു പറയണം.

മൂ — അത്യന്തമാലസ്യമപിസ്വയക്ഷോ
ദിനേദിനേരോസ്സുസമുഖംയഃ
ഉദ്വേഗഹീനഃക്ഷിതിപ്രക്ഷതം
ബ്രവീതിദേശാധിപമാശുസമൃത്യുഃ.

അ—നാഥൻ ദിവസംതോറും രീതെ ക്ഷമയില്ലാതെ ആദിത്യനെ തന്നെ നോക്കി മുറയ്ക്കു കരയുകയാണെങ്കിൽ അചിരേണ ആ ദേശാധിപതി മരിക്കും എന്നുപറയണം.

മൂ— രോഗാർദ്ദിതോ ജീവതികിംനവേതി
പ്രശ്നപ്രയുക്തേ ശുനകോത്തമസ്യ
നേക്ഷ്യാപ്രാണിതിവേഷ്ടയാസൌ
ത്രിസ്വതനാന്യാശുശവേഷ്ടിതേന.

അ— ഈ രോഗി മരിക്കുമോ ജീവിക്കുമോ എന്നു ചോദിയ്ക്കുമ്പോൾ ശ്വാവു ഈ മാതിരി പ്രവൃത്തി ചെയ്യുകയാണെങ്കിൽ ജീവിക്കയില്ലെന്നും മറു പ്രവൃത്തികൾ ചെയ്കയാണെങ്കിൽ മരിക്കയില്ലെന്നും അറിയണം.

മൂ— രോഗാർദ്ദിതസ്യാശുഷ്യസംപ്രയോഗേ
ശ്രുനസ്സുദീനഷ്ഠവിരോപനേച
ദുർഗപ്രവേശേച ശുനാംപ്രദിഷ്ടാ
താരാഗതിഃസന്നിഹിതേ യമേച.

അ— രോഗിക്ക മരുന്നു കൊടുക്കുമ്പോഴും കളഞ്ഞുപോയ വസ്തു നോക്കുമ്പോഴും കോട്ടയിൽ കടക്കാൻ തുടങ്ങുമ്പോഴും യുദ്ധപ്പാടുവരുന്ന സമയത്തും നായുടെ താരഗതി (ഉച്ചഗതി) ശോഭനമാണെന്നു പറയപ്പെട്ടിരിക്കുന്നു.

ശപഷ്ടിതയാത്രാപ്രകരണം.

മൂ— ശുനോനിമിത്തൈഃ സഹജപ്രവൃത്തൈ-
വ്വിഭാവ്യതേഭാവ്യശുഭംശുഭേ യേ
യാത്രാസമയതോന യഥാധുനൈവ-
സ്തദുച്യതേസംപ്രതിനിശ്ചിതാർത്ഥം.

അ—സ്വഭാവേന പ്രവർത്തിയ്ക്കുന്ന ശകുനങ്ങളുടെ നിമിത്തങ്ങളെക്കൊണ്ടു യാത്രക്കാക്കു മേൽ വരാൻപോകുന്ന ഗുണദോഷങ്ങളെ പ്രയാസമില്ലാതെ അറിവാനുള്ള പ്രകാരത്തെ ഇനി പറയാൻ പോകുന്നു.

മൂ— വാമാന്ദിശം ദക്ഷിണ ഭൂമിഭാഗാൽ
ഗച്ഛൻപ്രയാണേഷ്വണുപ്രശസ്തഃ
വാമപ്രദേശാൽസപുനഃപ്രവേശേ
പ്രശസ്യതേ ദക്ഷിണഭാഗഗാമീ.

അ— യാത്ര പുറപ്പെടുമ്പോൾ നായ് വലത്തുനിന്നും ഇടത്തോട്ടു ഒഴിയുന്നു എങ്കിൽ ഫലം ശോഭനമായിരിക്കും. അതുപോലെ ഗൃഹത്തിൽ കടക്കുമ്പോൾ ഇടതുനിന്നു വലത്തോട്ടൊഴിയുകയാണെങ്കിലും ഫലം ശുഭമാകുന്നു.

മൂ— യാനേപ്രവേശേചമതാപ്രശസ്താ
ശൂന്യാഗതിഃ ശാനവിപര്യയേണ
നഷ്ടിതം പ്രാപ്തിയോർവിശേഷഃ
ശുനീശുനോരുത്തരകാലമിദ്ധി.

അ— യാത്രയിലാകട്ടെ ഗൃഹപ്രവേശനത്തിലാകട്ടെ പെൺപട്ടിയെയാണു കാണുന്നതെങ്കിൽ വിപരീതഗതി ശുഭമായിരിക്കുമെന്നു മനസ്സിലാക്കണം. അതായതു യാത്രയിൽ പെൺപട്ടി ഇടത്തുനിന്നു വലത്തോട്ടൊഴിയുന്നതും പ്രവേശത്തിൽ വലതുനിന്നു ഇടത്തോട്ടൊഴിയുന്നതും ശുഭമായിരിക്കും എന്നർത്ഥം

മൂ — വിഡ്ഢാംശ്ചേവാവസന്നസ്യഖണ്ഡ-
മാദായവക്ത്രേണ പുരഃപ്രധാവൻ
കൌഢ്യേയകോജല്പതിനിശ്ചയേന
പ്രവാസിനാമുത്തമവസ്തുലാഭം.

അ— യാത്രക്കാരന്റെ മുമ്പേ വിഡ്ഢിയോ, ഉത്തമമായ തുണിക്ക ഷണമോ വായിൽ കടിച്ചുകൊണ്ടു നായ് ഓടുകയാണെങ്കിൽ ഉത്തമമായ ഒരു വസ്തുവിന്റെ ലാഭം ശാകുനികന് ഉണ്ടാകും.

മൂ— സ്ഥാകം പ്രയിതപ്രായദി വാമഭാഗം
നിപതേത്തേശ്വാതപ്രതിതം പുരോഭവത്
സൌഖ്യംതദാ യത്നരതി സുപ്രയുക്തം
ദുഃഖൈഃഹേതുർഗതിരസ്യതാരാ.

അ— ഇടതുവശത്തുകൂടി കുറച്ചുദൂരം ഓടീട്ടു നായ് തിരിഞ്ഞുവരികയാണെങ്കിൽ വലുതായ സൌഖ്യമുണ്ടാകും. എന്നാൽ നായുടെ താരഗതി ദുഃഖഹേതുവാണെന്നറിഞ്ഞുകൊള്ളുക.

മൂ — അന്യാതിഹ്വപ്പോഭിമുഖോയദിശ്വാ
ക്രീഡാംപ്രകുർവൻ വിലുഠത്യധാഗ്രേ
ശീഘ്രം തദാനീം ധ്രുവമധ്വഗാനാം
ഭവേൽ പ്രയത്നോധനധാന്യലാഭഃ.

അ— ശ്വാവു സന്തുഷ്ടനായി മുമ്പത്തിനു നേരേ വന്നു തുള്ളിച്ചാടുകയും കളിക്കുകയും ചെയ്യുകയാണെങ്കിൽ ശാകുനികനു വലുതായ ധനധാന്യലാഭമുണ്ടാകുമെന്നു പറയപ്പെട്ടിരിക്കുന്നു.

മൂ — ഉച്ചൽപ്രദേശാ ദവതീത്യനീചം
യോയാതി വാമോപ്യസുഖപ്രദോഽസൌ
അനുച്ചദേശാൽ പുനരുച്ചദേശം
യക്ഷോപ്രയാ ദക്ഷിണതോഽപിശസ്തഃ.

അ— യാത്രചെയ്യുമ്പോൾ ഇടതുവശത്തുള്ള ഉയർന്ന സ്ഥലത്തുനിന്നും നായ് താഴ്ന്ന ഇറങ്ങി വരികയാണെങ്കിൽ അതു ശുഭമല്ല. വലത്തുവശത്തു താണസ്ഥലത്തുനിന്നും മേലോട്ടു കയറുകയാണെങ്കിൽ അതു ശുഭമായിരിക്കയും ചെയ്യും.

മൂ— ഗജാശ്വശയ്യാസനശാദ്വലേഷു
മരുത്ഥ്വജോലൂഖലസദ്മഗേഷു
കുംഭേഷ്ടികാ സഞ്ചയ ചാമരേഷു
പര്യാണമൂൽപുഷ്പഫലാദിഷുശ്വാ.

പ്രജേൽ പുംസ്ത്വാദ്യഭിമുത്തയിതാ
സതൈവ തൽസിദ്ധ്യതികാംക്ഷിഭിഷ്ടം
മിഷ്ടാന്ന ഭോജ്യം നവഗോമയേസ്യാത്
മൃത്തണശ്ചപ്പേട്ടപി മശ്രുഷ്ണഭോജ്യം.

അം—അന്ന, കുതിര, ഇവയുടെ ശരീരത്തിന്മേൽ, കിടക്ക, പിറം, പുൽത്തകടി, കുട, കൊടി, ഉരൽ, ഉത്തമവൃക്ഷം, കുടം, മാട്ടോടിൻകൂട്ടം, ചാമരം, കുതിരയുടെ ജീനി, വണ്ണ, പൂവു, കായ് ഇത്യാദികളിലും മൃത്തം വീഴ്ത്തിട്ടു നോക്കി വരികയാണെങ്കിൽ ഇഷ്ടകാര്യം സാധിയ്ക്കും. പുത്തൻ ചാണകത്തിന്മേൽ മൃത്തിച്ചിട്ടു വരികയായാൽ മിഷ്ടഭോജനവും ഉണങ്ങിയ ചാണകത്തിൽ മൃത്തിച്ചിട്ടുവന്നാൽ ഉണങ്ങിയ പദാർത്ഥങ്ങൾകൊണ്ടുള്ള ഭോജനവും ലഭിയ്ക്കും.

മൂ— തുഷ്ടഃ സുപുഷ്ടഃ സുമനാ വിരോഗ
ഉത്സാഹയുക്തഃ പരിപൂർണ്ണകായഃ
സഫേലഫേലോട്ഭിമുഖം പ്രസപ്പൻ
യക്ഷഃ സതൈവാഭിമതസ്യസിദ്ധ്യൈ.

അ—കൊഴുത്തുതടിച്ച ശരീരമുള്ളതും ഉത്സാഹമുള്ളതും രോഗമില്ലാത്തതും സപോവഹനമുള്ളതും അംഗവൈകല്യമില്ലാത്തതുമായ നായ് കുത്താടിക്കളിച്ചു വരികയാണെങ്കിൽ അതു ഇഷ്ടസിദ്ധിയെ ചെയ്യുമെന്നറിഞ്ഞുകൊള്ളണം.

മൂ— അന്നാദ്യുപിഡ്യാമിഷഗോമയാനി
നവാന്വിഭിദ്യോദനേസതൈവ
വാമോപസവ്യാപ്യവലോക്യമാനാ
മനോരഥാൻ പൂരയതിധ്രുവം ശ്വാ.

അ—ചോറു, നെയ്യു, മാംസം, പച്ചച്ചാണകം, അമേദ്യം ഇവ വായിൽ റപ്പിടുത്തുകൊണ്ടു ഇടത്തുവശത്തായാ വലത്തുവശത്തായാ കാണപ്പെട്ടാൽ നിശ്ചയമായും ഇഷ്ടസിദ്ധി ഉണ്ടാകുമെന്നു പറയപ്പെട്ടിരിക്കുന്നു.

മൂ— യക്ഷഃ പുംസ്ത്വാദ്യവനിം വിലിഖ്യ
യാത്രാർമുഖം പശ്യതിചേത്തദാനീം
തതൈവ ദേശേദ്ധ്രുവിണസ്യലാഭം
ബ്രുവീതികശ്ചിന്നഹി സംശയോത്ര.

അ—നായ് മുൻചിൽ വന്നുനിന്നു തറമാന്തിട്ടു യാത്രക്കാരന്റെ

മുഖത്തു നോക്കുകയാണെങ്കിൽ അവിടെത്തന്നെ ദ്രവ്യലാഭം ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല.

മൂ— യാതാരമാജിഗ്രതിസംപ്രയാതി
തദാനുലോമ്യേന ചസാരമേയുഃ
മുഖ്യോഥവാന്യോ പിനിഹന്തികണ്ഡും
കേനാപിചാദ്യോനസ സിദ്ധിഹേതുഃ.

അ—യാത്രക്കാരനെ മണപ്പിച്ചിട്ടു അനുലോമമായി ചൊകയുണെങ്കിൽ അഥവാ ഏതെങ്കിലും കാലുകൊണ്ടു തല ചൊറിയുകയാണെങ്കിൽ കാര്യസിദ്ധിഫലം.

മൂ— അഭ്യാഗതഃകക്ഷ്യഃ കുസുമാനി ധാവൻ
ബ്രുവീതിയഃപുരുഷാംസമൃദ്ധിം
ദൃഷ്ടോപികൃഷ്ണഃ ശ്വനേചഖിലാനി
നിഹന്തി കാര്യാണ്യനി സമീഹിതാനി.

അ— ശ്വാവു് ഏതെങ്കിലും പുഷ്പങ്ങളെ കടിച്ചെടുത്തുകൊണ്ടു കാട്ടുന്നതു കാണുകയാണെങ്കിൽ ഭാവിയിൽ സമ്പത്തു ഉണ്ടാകുമെന്ന ഫലം കണ്ടുകൊള്ളണം. കുറുത്തപട്ടിയെ വഴിമേൽ കണ്ടാൽ ഇഷ്ടകാര്യങ്ങൾക്കു വിഘ്നം ഉണ്ടാകുമെന്നും അറിയുക.

മൂ— വാമേനഗച്ഛൻ പഥികേനസാർദ്ധം
ദതോതിരമ്യാം രമണീം ധനഞ്ച
വ്രജംസ്തമാർഗ്ഗേ സഹദക്ഷിണേന
കൌലേയകസ്തസ്യഭീതിഹേതുഃ.

അ—നായ് യാത്രക്കാരന്റെ ഇടതുവശത്തുകൂടി ശബ്ദത്തോടുമിച്ചു യാത്രചെയ്യുകയാണെങ്കിൽ മനോഹരിയായ സ്ത്രീയേയും ധനത്തെയും ലഭിയ്ക്കുമെന്നു പറയപ്പെട്ടു വലത്തുവശത്തുകൂടിയാണു യാത്രതുടങ്ങുന്നതെങ്കിൽ ഭയം ഉണ്ടാകുമെന്നും ശാസ്ത്രവിധി.

മൂ— അഭ്യാഗതഃപത്രം ഹരിതംയദിശ്വാ
ദ്രുവംനവാം വാനവഗോമയംവാ
പ്രയാതിയാത്രാം പുരതസ്തദാനീം
രാജപ്രസാദം നിയതം ബ്രുവീതി.

അ—പച്ചിലയായാ, വാടാത്ത കുറുകുപ്പല്ലോ, ഉണങ്ങാത്ത ചാണകമോ, വഹിച്ചുകൊണ്ടു നായ് യാത്രക്കാരന്റെ മുൻപേ പോകുകയാണെങ്കിൽ നിശ്ചയമായും അവന് രാജപ്രീതി ഉണ്ടാകുമെന്ന് അറിഞ്ഞുകൊള്ളണം.

മൂ—സ്ഥാനാന്തരംബിഭ്രദുപാനഹംമേൽ
പ്ലയാതിതദ്ദ്രവ്യഹരോയദാശ്വാ
അന്യസ്യപൂസ്താൽ സഹയാതിനോവാ
ദോത്യുപാനദ്വദനസ്തഥാത്മം.

അ—ശ്വാവു് ചെരുപ്പു കടിച്ചെടുത്തുകൊണ്ടു് ഒരിടത്തുനിന്നു മറൊരിടത്തേയ്ക്കു പോകുന്നതുകണ്ടാൽ ദ്രവ്യം ഹരിയ്ക്കപ്പെട്ടുമെന്നും, ചെരുപ്പുകടിച്ചെടുത്തുകൊണ്ടു മുൻപിൽ നില്ക്കുകയോ, കൂടെവരാതിരിക്കുകയോ, ചെയ്താൽ അർത്ഥം ലഭിയ്ക്കുമെന്നും ഫലം കണ്ടുകൊള്ളണം.

മൂ—ആർദ്രകീകസമുപേതപുരതശ്ചേത്
ദൃശ്യതേവേതിതമുദ്ദേശാ
ചർമ്മശുഷ്കമഥവാസ്ഥിവിശുഷ്കം
ബിഭ്രദേഷമരണംവിദധ്യാതി.

അ—പച്ച എല്ലുമുകടിച്ചെടുത്തുകൊണ്ടു് ശ്വാവു് മുൻപിൽ കാണപ്പെടുകയാണെങ്കിൽ ശുഭവും ഉണങ്ങിയ അസ്ഥിയോ, തോലോ, കടിച്ചുകൊണ്ടു മുൻപിൽ കാണപ്പെടുകയാണെങ്കിൽ മരണവും ഫലം.

മൂ—കേശാസ്ഥിവല്ക്കോപചിതീർണ്ണവസ്ത്രാ-
ണ്യംഗാരഭസ്മേന്ധനകർപ്പരാണി
വക്ത്രേസമാദായ ചയാതിയാതുർ
ദൃഷ്ടോചരോത്തരിഭയോവഹഃശ്വാ.

അ—തലമുടി, ഉണങ്ങിയ അസ്ഥി, മരുരി, കല്ലു്, പഴന്തുണി, തീക്കൊള്ളി, സ്മശാനം, വിറകുകഷണം, തലയോട്ടി ഇവ വായിൽധരിച്ചുകൊണ്ടു് കാണപ്പെടുകയാണെങ്കിൽ വലുതായ ഭയത്തെ ഉണ്ടാക്കും.

മൂ—സവഹ്യലാത്തംമരണായ നാതുർ
വല്ലീവരത്രാദിചബന്ധനായ
ഘാതായനിവ്വാണമലാതമാഹു-
രാലോകിതംമണ്ഡലവക്ത്രസംസ്ഥം.

അ—തീ പുകഞ്ഞുകൊണ്ടു ഇരിക്കുന്ന തീക്കൊള്ളി വായിൽ കടിച്ചുകൊണ്ടു ശ്വാവു് കാണപ്പെടുകയാണെങ്കിൽ അതു മരണത്തിനായിക്കൊണ്ടു ഭവിയ്ക്കും. വള്ളിയോ, തോൽവാറോ, കടിച്ചുകൊണ്ടു കാണപ്പെട്ടാൽ ബന്ധനം അനുഭവിയ്ക്കും. കരിയ്ക്കൊള്ളി കടിച്ചുകൊണ്ടു കാണപ്പെട്ടാൽ അടി എൽക്കുന്നതിനു സംശയിചരും.

മൂ—മാനവാവയവപൂരിതാനനോ
വീക്ഷിതാഭവതിഭൂമിലാഭദഃ
സ്വാംഗപൂയരസനാപ്രചാലനാ-
ന്മണ്ഡലോവിപുലഭൂതിദസ്തദാ.

അ—മനുഷ്യരുടെ അവയവഭാഗം വായിൽ കടിച്ചുകൊണ്ടു ശപിയ്ക്കുന്നതുപ്പെട്ടാൽ ഭൂമിലാഭവും; തന്റെ ശരീരമോ, വായോ, നാവോ, ഇളക്കിക്കൊണ്ടുകാണപ്പെട്ടാൽ വലുതായ സമ്പൽലാഭവും ഫലം.

മൂ—അന്ത്യനകണ്ഡൂതിപരോനരാണാം
വിരോധകാരീശ്വനകസ്തദൈവ
സ്യാദല്പപാദഃസപുനഃ ശയാനഃ
സിദ്ധിപ്രദഃ കാന്ത്യവിധൗപ്രദിഷ്ടഃ.

അ—ഒരു കാന്ത്യത്തിനായി പുറപ്പെടുമ്പോൾ ശപിവിനെ വലുതായ പൊറിച്ചിലോടുകൂടി കണപ്പെട്ടാൽ ആ കാന്ത്യം വിഘ്നപ്പെടുമെന്നറിഞ്ഞുകൊള്ളണം. നാലുകാലും മേലോട്ടാക്കി മലന്നുകിടക്കുകയാണെങ്കിൽ സൽക്കാന്ത്യാരംഭങ്ങൾക്കു് അശുഭവും, ദുഷ്കാന്ത്യങ്ങൾക്കു ശുഭവും, ഫലമായിരിക്കും.

മൂ ക്രീഡാംഗൃഹശ്വായദിഗൃഹശൂന്യാം
കരോതിതൽബന്ധുസമാഗമഃസ്യാൽ
ശൂന്യാംഗണഃക്രീഡതിയോമിളിത്വാ
കിഞ്ചിൽഭഷേൽസോട്ടഭീമതോതിശിഷ്ടഃ.

അ—വളത്തുപട്ടി വളത്തുപെൺപട്ടിയോടൊന്നിച്ചു ക്രീഡചെയ്കയാണെങ്കിൽ ബന്ധുജനസമാഗമം ഫലം. പലനായ്ക്കളൊരുമിച്ചു അല്പാല്പംകുരച്ചും, മുറുമുറുത്തും, കളിയ്ക്കുകയായാൽ അതിശോഭനഫലമാകുന്നു.

മൂ—ന്നാംപ്രയാണെഭവേന്നാഗമേവാ
ശപാനോരമന്തേയദിസപ്രമോദാഃ
തദിഷ്ടകാര്യേചിരവേൽപ്രമോദഃ
സമാഗമശ്ചസ്വജനൈഃസമാനം.

അ—ശാകുനികന്റെ യാത്രയിലാകട്ടെ ഭവനപ്രവേശത്തിലാകട്ടെ ശപിക്കും സന്തോഷപൂർവം ക്രീഡിക്കുന്നതു കണ്ടാൽ ഇഷ്ടസിദ്ധി നിമിത്തം സന്തോഷവും സ്വജനങ്ങളുമായുള്ള ചേർച്ചയും ഫലം എന്നറിഞ്ഞുകൊള്ളണം.

മൂ — അവാമയാനേ സഹസംപ്രവൃത്തേ
പരസ്പരംചുംബതിയക്ഷയുശ്മേ
സ്നിഗ്ധാവലോകിന്യവഗ്രഹനിസ്യാ-
ദ്ധതപ്രസക്തേചയുവത്യവാപ്തിഃ-

അ — നായ്ക്കൾ ഇണചേർന്നു വലതുഭാഗത്തു കാണപ്പെടുകയോ അവ അന്യോന്യം ചുംബിയ്ക്കുകയോ സ്നേഹപൂർവം നോക്കുകയോ പിൻകാലിൽ ഉയർന്നു പരസ്പരം ആശ്ലേഷിയ്ക്കുകയോ ഇണചേരുന്നതിനു തുടങ്ങുകയോ ചെയ്യുന്നതു കണ്ടാൽ യുവനസ്ത്രീയെ ലഭിയ്ക്കുമെന്നു് അറിഞ്ഞുകൊള്ളണം.

മൂ — ഗവാസഹക്രീഡതിചേത്തതദാനീം
പ്രയോജനംസിദ്ധ്യതിനദ്യദിഷ്ടം
ഗ്രാമപ്രവേശേപുരതോഽഭിമൃത്യു
പ്രയാത്യഭീഷ്ടാശനലബ്ധയേശ്വാ.

അ — നായ് പശുവിനോടുകൂടി കളിച്ചുകൊണ്ടിരിക്കുന്നതു കണ്ടാൽ ഉദ്ദേശിച്ച കാര്യം സാധിയ്ക്കുമെന്നും ഗ്രാമത്തിൽ പ്രവേശിയ്ക്കുന്ന സമയത്തു നായ് മുൻഭാഗത്തുവന്നു മൂത്രം വിസർജ്ജിയ്ക്കുകയാണെങ്കിൽ ഇഷ്ടപ്പെട്ട ഭക്ഷണം ലഭിയ്ക്കുമെന്നും അറിഞ്ഞുകൊള്ളണം.

മൂ — വാമോഽപിഭ്രുതപാഷേണോവിലോലൻ
ഭംഗംരണേയത്രരതിഃപാത്മനാശം
ക്രുദ്ധോഭിധാവൻപുരതോഽഭിധത്തേ
രക്തപ്രപാതംവധബന്ധനേച.

അ — നായ് ഇടതുവശത്തുമാറി തറയിൽ കിടന്നുരുളുകയാണെങ്കിൽ യുദ്ധത്തിൽ തോൽമയും കാര്യനഷ്ടവും ഫലമെന്നും, കോപത്തോടുകൂടി മുൻപിൽ ഓടുകയാണെങ്കിൽ രക്തസ്രാവമോ, വധമോ, ബന്ധനമോ, ഭവിയ്ക്കുമെന്നുമറിഞ്ഞുകൊള്ളണം.

മൂ — യംവീക്ഷതേകായുദുഷന്മുഖശ്വാ
തസ്യധ്രുവംസ്യാദചിരേണയുദ്ധം
ക്രീഡന്യയുശ്മാപ്രഹരണേപ്രയാതേ
യുദ്ധായയക്ഷ്യാദിനസപൂകേന.

അ — നായ് വായിൽ മരക്കഷണമോ, കല്ലോ, കടിച്ചുപിടിച്ചുകൊണ്ടു മുൻഭാഗത്തുവന്നു നോക്കുന്നു എങ്കിൽ അവനു താമസിക്കാതെ യുദ്ധം ഭവിയ്ക്കുമെന്നും, യാത്ര ആരംഭിയ്ക്കുമ്പോൾ 3. 5. 7. ഇങ്ങനെ

റാസംപ്രയോട്ടുകൂടിയ നായ്ക്കൾ കളിയ്ക്കുന്ന പക്ഷം ഏഴ്ദിവസത്തിനകം ശണ്ഠ ഉണ്ടാകുമെന്നും ഫലം കണ്ടുകൊള്ളണം.

മൂ - പ്രസ്ഥാതുരശ്ചോദിസ്വാരമേയഃ
കാര്യംസപൂയരശ്രവണംധുനോതി
ധ്രുവംതദാദത്തഭഗ്നപ്രഥാരാ
ഫരന്തിചോരാദ്രവിണംക്ഷണേന.

അ—യാത്രപുറപ്പെടുന്നവന്റെ മുൻപിൽ നായ് ചെവിയും വാലും അട്ടി ശരീരം വിറപ്പിച്ചുകൊണ്ടു കുരയ്ക്കുകയാണെങ്കിൽ ചോരന്മാർ ആക്രമിച്ചു ദോഷോപദ്രവം ഏൽപ്പിയ്ക്കുകയും ധനം ഹരിച്ചുകൊണ്ടു പോകയും ചെയ്യുമെന്നു ഫലം കണ്ടുകൊള്ളണം.

മൂ— പീളതേതരൊകണ്ഠകോജിഹ്മപ്ലേ
ഗോവിശീർണ്ണപതിതേചവക്ഷേ
അപസ്മരാസ്ഥീന്ധനശൃംഗസ്നേ-
ശുശാനവല്ലീതുഷരേപ്രരോഹേ.

അ—വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതോ, മുള്ളുള്ളതോ, ഉണങ്ങിയതോ ഒടിഞ്ഞുവീണതോ കീറിയതോ പിഴുതുവീണതോ ആയ വൃക്ഷത്തിലാകട്ടെ അമേദ്യത്തിലാകട്ടെ അസ്ഥി, വിറക്, കൊമ്പു, സ്നേഹം, ചുടുകാടു, വള്ളി, ഉമി തലയോട്ടി,

മൂ— അംഗാരകാശ്മപലാലകേശ-
വിശീർണ്ണവിഷ്ചർമ്മമരോഷ്ടദഷ്ടഃ
ശ്വാമൃത്യുയാന്യസ്യരിരോഷ്മനാശം
ദാരിദ്ര്യമൃത്യുപ്രമുഖാനനർത്ഥാൻ.

അ—പകുതി എരിഞ്ഞ വിറക്, ശൂലം, കല്ലു, വയ്ക്കോലു, തലമുടി, കാക്കയോ, കോഴിയോ ചിതഞ്ഞമലം, തോലു, ശവശരീരം, ഇവയിൽ ഏതിലെങ്കിലും നായ് മൂത്രം വീഴുന്നതുകണ്ടാൽ കായ്നാശവും, ദാരിദ്ര്യം, മരണം, മുതലായ അനർത്ഥങ്ങളും സംഭവിയ്ക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ— വിണ്മാംസഭക്ഷാദിക പൂർണ്ണവക്ത്രോ
ഭയാർത്തിതശ്വാദികമ്പമാനഃ
പരാങ്മുഖോയാതിതദാധ്വനാം
നശ്യന്തിസിദ്ധാന്യപിവാഞ്ഛിതാനി.

അ— അമേദ്യം, മാംസം, ക്ഷണപദാർത്ഥങ്ങൾ ഇത്യാദി വായിൽ നിറച്ചുകൊണ്ടു നായ് പേടിയോടെ വിറച്ചു പുറംതിരിഞ്ഞു ഓ

ടുകയാണെങ്കിൽ ശാകുനികന്റെ സാധ്യപ്രായമായ കാര്യവും, നശി ച്ചുപോകുമെന്നറിഞ്ഞുകൊള്ളണം.

മൂ— പരാങ്മുഖഃശ്വാപദനിക്ഷിതിംയോ
യോവാസമാദാരിതിപൂർണ്ണവക്ത്രഃ
പ്രതിപ്രമാനസ്യപുരഃസ്ഥിതോഽസൌ
ഭയാദ്ഭയംജല്പതിദുന്നിവാരം.

അ—നായ്, ശാകുനികന്റെ മുൻഭാഗത്തു പുറംതിരിഞ്ഞു നി ന്ന ഭ്രമിമാത്രമായാണെങ്കിലും, മുഖംതിരിഞ്ഞു വായിൽ ഏതെങ്കിലും വസ്തുക്കളും വച്ചുകൊണ്ടു കരയുകയാണെങ്കിലും തടുക്കാൻ വഹിയാത്ത മഹാഭയത്തിനു കാരണമായി തീരുന്നതാണു്.

മൂ— ഗതോനിവൃത്യാവഥവാശ്വയുദ്ധം
യുദ്ധായബന്ധായവധായചസ്യാത്
പ്രജൽപിതാരായദിയുദ്ധസക്തഃ
ശ്വാനാസ്തദാസ്യാൽപഥിചൌരഭീതിഃ.

അ—യാത്ര പുറപ്പെടുമ്പോഴോ മടങ്ങി വരുമ്പോഴോ നായ്ക്കളെ ത്തമ്മിൽ കടിച്ചുകൂടുന്നതുകണ്ടാൽ ശണ്ഠയോ, ബന്ധനമോ, മരണമോ സം ഭവിക്കും. തമ്മിൽ ശണ്ഠകൂടുന്നതിനായി താരഗതിയിൽ പോകയാണെ ങ്കിൽ വഴിമേൽ കള്ളന്മാരുടെ ഭയം ഉണ്ടാകുന്നതാണെന്നും അറിഞ്ഞു കൊള്ളണം.

മൂ— ബാലേനവാമോഘടിനീയതേശ്വാ
കഷ്ടാത്തഥാല്പം വിദധാതിലാഭം
താരോഽഥവാവാമഗതിർഭയേന
ശ്വാനാർത്ഥമർത്ഥക്ഷകരോതി യാത്രാ.

അ—യാത്ര പുറപ്പെടുമ്പോൾ ഇടത്തുവശത്തുകൂടി നായെ ബാ ലൻ പിടിച്ചുകൊണ്ടു പോകുന്നതുകണ്ടാൽ വളരെ പണിപ്പെട്ട് അ ല്പമാത്രം ലാഭമുണ്ടാകുമെന്നും ഇടത്തുഭാഗത്തുകൂടി ഭയപ്പെട്ട താരഗതി യായി പോകുന്നതുകണ്ടാൽ അനാർത്ഥവും അല്പമായ അർത്ഥലാഭവും ഫലമായിരിക്കയും ചെയ്യും.

മൂ— ക്രൂരക്രൂരാരവമുച്ചരതിക്രുധാ
ഷ്ടേതിയോഷ്ടേനോഭയതോഽഥവാ
ഭ്രാന്തിവാഥമൃഷ്ടൈവയതസ്തതോ
ധ്രുവമസൌവിദധാതിധനക്ഷയം.

അ—നായ് കോപത്തോടുകൂടി മുഖം മുഖം എന്ന കരയുകയോ യേപ്പെട്ട് കരയുകയോ ഒരു കായ്വുമില്ലാതെ അവിടവിടെ ചുറിക്കോടി നടക്കുകയോ ചെയ്യുകയായാൽ ശാകുനികന്ന ധനക്ഷയം ഫലമായിരിക്കുമെന്നു പറയപ്പെടുന്നു.

മൂ— അഭ്രായച്ചുഭ്രേദശനൈന്നൈവാ
വസ്രുംപിഭഷൻ വിദധാത്യനർത്ഥം
തഥാവിധോ ഗ്രേയടിസാരമേയഃ
പ്രവാസിനാം തൽകരുതേ ഽത്ഥവാഭം.

അ—ശാകുനികന്റെ പുറകിൽ നായ് വന്ന മണപ്പിക്കുകയോ പല്ലുകൊണ്ടോ നഖംകൊണ്ടോ വസ്രുംപിടിച്ചു വലിക്കുകയോ ചെയ്താൽ ഫലം അനർത്ഥകരമായിരിക്കുമെന്നും. ഇതേപ്രകാരം മുൻപിൽ വന്നാണ് ചെയ്യുന്നതെങ്കിൽ അതു യാത്രക്കാരനു അർത്ഥലാഭത്തെ ഉണ്ടാക്കുമെന്നും അറിയണം.

മൂ— വാമോടഥവാ പൃഷ്ഠഗതോരിരെഭ്യഃ
ഷോൻഭവേൽ പാന്ഥപരാജയായ
പുനർന്നിവൃത്തേഃ കഥിതസ്തഭോവാ
ഷോത്യഥാഗ്രേ ഗടിജാഗൃതകഃ.

അ—യാത്രപുറപ്പെടുമ്പോൾ ഇടതുഭാഗത്തോ, പുറകിലോ നിന്നു അതിരോഷത്തോടെ കരയുകയായാൽ യാത്രക്കാരനു പരാജയം സംഭവിയ്ക്കുമെന്നും ഇപ്രകാരം മുൻപിൽ നിന്നാണ് കരയുന്നതെങ്കിൽ അയാത്ര മടങ്ങിവരാൻ ഇടയാകയില്ലെന്നും അറിഞ്ഞുകൊള്ളണം.

മൂ— ഏകോഗ്രതഃ പൃഷ്ഠഗതസ്ഥഭാന്യോ
യകേഷുനാശസ്ഥ യുഗപദ്ഭഷേന്തെ
സാന്യാപസവ്യേന്യടിതെഭവേതാം
തത്തോ ഽണാഭ്യേന ശുഭേഭസങ്കൈവ.

അ—വഴിയാത്രക്കാരന്റെ മുൻപിലും, പിറകിലും, ഓരോ നായ് നിന്നു ഒരേസമയത്തു കരയുകയാണെങ്കിൽ അയാത്ര ശുഭമാകയില്ല. ഇടതും വലതും നിന്നാണു ഇങ്ങനെ കരയുന്നതെങ്കിൽ ശുഭോദയിക്കയും ചെയ്യും. ഇടതുവലതുള്ള ഈ നിലയിൽ നായ്ക്കൾക്കു തോണ നാമം വിധിക്കപ്പെട്ടിട്ടുണ്ട്.

മൂ— പാദൈ ഗ്രഹേ ജിഹ്മഗതിസാരമേയഃ
പുംസോയദാ വക്രഗതഃശുയാത്രാം
യിയാസതോജിഹ്മഗതിർഭവിഷ്യതി
പ്രയാണഭംഗം പ്രണയാദ് ബ്രവീതി.

അ—വീട്ടിൽവച്ചു പുരുഷന്റെ പാദങ്ങളെനായ് മണപ്പിക്കുകയാണെങ്കിൽ വേഗത്തിൽ യാത്ര പുറപ്പെടാൻ ഇടവരുമെന്നും യാത്ര പുറപ്പെടാൻ തുടങ്ങുന്നവന്റെ കാലിൽ മണപ്പിക്കുകയോ, നക്കുകയോ ചെയ്താൽ പ്രണയംനിമിത്തം ആ യാത്രയ്ക്കു ഭംഗം വരുമെന്നും ഫലം പറയപ്പെട്ടിരിക്കുന്നു.

മൂ— പദ്ഭ്യാം ക്ഷിതിം തക്ഷതി പശ്ചിമാഭ്യാം
ഉദ്ധൂളിതോ ദീപ്തതരോച്ഛ്വനാടഃ
വമന്യഭാഗ്രഹദതേക്ഷതാംഗോ
ബിഭേതിവാ യഃ സഭയം കരഃശ്വാ.

അ—പുറങ്കാലുകൊണ്ടു നായ് ഭൂമിമാന്തി ചുറ്റും ധൂളിയാൽ മൂടുകയും, ഉച്ചത്തിൽ മോങ്ങുകയും, ചെയ്യുയോ, മുൻപിൽവന്നു ഛർദ്ദിക്കുകയോ, കാഷ്ഠിക്കുകയോ, ചെയ്യുയോ, ദേഹത്തിൽ മുറിവുപറ്റി ഭയപ്പെട്ടുകയോ അയാൾ ശാകുനികനു ഭയങ്കരമായ വൈഷ്ണുതകൾക്കു ഇടയാകുമെന്നു ഫലംകണ്ടുകൊള്ളുണം.

മൂ— അഗ്രാംഘ്രിണാവീമവദാരയേദ്യാ
പ്രോച്ചൈഃസ്ഥിതഃ പ്രസ്ഥിതമീക്ഷതേവാ
കണ്ഡൂയതേചോത്തമമംഗഭാഗം
യോജാഗൃതുകഃ കുരുതേസസിദ്ധിം.

അ—നായ് മുൻകാലുകൊണ്ടു തറയിൽ മാന്തുകയോ ഉയർന്നസ്ഥാനത്തുനിന്നുകൊണ്ടു യാത്രക്കാരനെ നോക്കുകയോ, തലയിൽ ഏതെങ്കിലുംഭാഗം ചൊറിയുകയോ, ചെയ്യുകയായാൽ കാര്യസിദ്ധിവരിക്കും.

മൂ— ലാംഗൂലജിഹ്മാകടിപൃഷ്ഠഭാഗാൻ
പ്രലാലയൻ സമ്മുഖമേതിഹൃഷ്ടഃ
ക്രുജംല്ലിഹൻപുഷ്പവപുഃ സുഖേഷ്ടോ
യഃ ശ്വാസകായ്യേഷുഭവത്യഭീഷ്ടഃ.

അ—വാവു, നാവു, അരക്കെട്ടു, പൃഷ്ഠം ഇവ വിറപ്പിച്ചുകൊണ്ടു സന്തോഷത്തോടേ അഭിമുഖമായി വരികയാണെങ്കിലും മുഖൽ ശബ്ദത്തോടുകൂടിയും, പൃഷ്ഠഭാഗം നക്കിയും വിരുദ്ധചേഷ്ടകളൊന്നുമില്ലാതെ വരികയോ ചെയ്യുയാണെങ്കിലും ഫലം ഇഷ്ടമായിരിക്കും.

മൂ— തിഷ്ഠതാം പ്രവസതാഞ്ചനരാണാം
മന്ദിരേ പ്രവിശതാഞ്ച സമസ്തം
ദക്ഷിണം ശ്രവണചേഷ്ടിതമിഷ്ടം
വാമകം പുനരുശന്തി വിരുദ്ധം.

അ—വീട്ടിലിരിക്കുമ്പോഴോ യാത്രപുറപ്പെടുമ്പോഴോ വീട്ടിൽ കടന്നുവരുമ്പോഴോ എപ്പോഴായാലും നായുടെ വലത്തു വശത്തുള്ള ചേഷ്ടിതങ്ങളും ശബ്ദങ്ങളും ഇടതുവശത്തുള്ളവ അശുഭങ്ങളും ആണെന്നറിഞ്ഞുകൊള്ളണം.

മൂ— വാമകേന യദിദക്ഷിണമംഗം
ദക്ഷിണേന ഭേദേനായദിവാമം
സംസ്പൃശത്യഭിമതോനകദാചിൽ
തൽപ്രയോജനവിധൌ കദാചനാപി.

അ—ഇടഭാഗത്തെ അവയവംകൊണ്ട്, വലതുഭാഗത്തെ അവയവത്തെയോ വലതുള്ള അവയവംകൊണ്ട് ഇടതുഭാഗത്തെ അവയവത്തെയോ നായ് സ്പർശിക്കുന്നുവെങ്കിൽ അത് ശാകുനികന് യാതൊരിടത്തും യാതൊരു പ്രയോജനത്തിനും ഇഷ്ടമായി ഭവിക്കയില്ല

ശപചേഷ്ടിതത്തിൽ യാത്രാപ്രകരണം കഴിഞ്ഞു.

ശപചേഷ്ടിതത്തിൽ ഭോജനപ്രകരണം.

മൂ— വാമഗതോഗമനേ യദിയക്ഷോ
ദക്ഷിണഗോഭവനാഗമനേഷു
ഖാദതികിഞ്ചനദൃഷ്ടിപഥസ്ഥോ
യത്സുരതിതദപിവിധം ബഹുഭോജ്യം.

അ—യാത്രപുറപ്പെടുമ്പോഴും ഇടതുവശത്തുനിന്നോ, ഭവനത്തിൽ പ്രവേശിക്കുമ്പോഴും വലതുവശത്തുനിന്നോ, നായ് ഏതെങ്കിലും സാധനം നക്കിക്കടിയ്ക്കുകയോ, കാന്തിയോ, കടിച്ചീയ്യോ, തിന്നുകയോ, ചെയ്യുന്നതുകണ്ടാൽ പലവിധത്തിലുള്ള സുഖക്ഷേമം ശാകുനികനു ലഭിക്കുമെന്ന് ഫലംകണ്ടുകൊള്ളണം.

മൂ— ദക്ഷിണഗഃ പ്രഥമം തദന്യാ-
ദ്വാമഗതിർവ്രജതാമശിതുംശ്വാ
വേശ്മനിയത്രചതത്രതദന്നം
ദൂരതരം വിഷവത്ത്യജനീയം.

അ—ക്ഷേമിക്കാനായി പുറപ്പെട്ടന്നവന്റെ വലതുഭാഗത്തു് അഭ്യം ഗമിക്കയും ഉടനേമാറി ഇടതുഭാഗത്തേക്ക് കയറുകയും ചെയ്യുകയാണെങ്കിൽ ആ അന്നം ഭക്ഷിക്കാൻ കൊള്ളരുതു്. വിഷംപോലെ അതിനെ ഉപേക്ഷിക്കണം.

മൂ— ധൃതശിരാ ഉതനാമിതപൂർവ്വകായോ
യോഭക്ഷണഃ സനിഷേധതിഭോജ്യം
സമ്മുഖമേതിഗൃഹാദുതതിഷ്ഠൻ
ഭക്തമപി സ്ഥിരതാം നതദേതി.

അ— നായ് തലയാട്ടുകയോ വാൽ താഴ്ത്തുകയോ ചെയ്തുകൊണ്ടു നോക്കുകയാണെങ്കിൽ ഭക്ഷണം ലഭിക്കയില്ലെന്നറിയണം. വീട്ടിൽനിന്നും അഭിമുഖമായി വരികയോ വിലങ്ങത്തിൽ പോകുകയോ അണെങ്കിൽ ഭക്ഷണപദാർത്ഥം വ്യവസ്ഥിതമല്ലെന്നും അറിഞ്ഞുകൊൾക.

മൂ— മൃതയിതായടി ശോനോദേശേ
ക്ഷീരിണി ശാഖിനി പകപഥലേവാ
ശ്വാപുരതഃ പുരുഷസ്യ തദാനീം
ഇഷ്ടതരേ വേതോഽശനപാനേ.

അ— നായ് ശാകുനികന്റെ മുമ്പിൽ ശോനേമായ സ്ഥലത്തോ പാലുള്ള വൃക്ഷത്തിലോ വല്ല പഴത്തിന്മേലോ മൂത്രം വീഴ്ത്തുകയാണെങ്കിൽ ഇഷ്ടംപോലെയുള്ള അശനപാനങ്ങൾ ലഭിക്കുമെന്നറിക.

മൂ— സ്രുക്കിയുഗം യദിലേഢിധരിത്രീം
ജിഹ്മ്രുതിതൽ സപിപീലികയാന്നം
യത്രപലേഢിസുധൌതമമത്രം
തത്ര ഭവേത്യശനംവിഷയുക്തം.

അ— നായ് കീഴ്മേൽ ചുണ്ടുകൾ രണ്ടും നക്കുകയും ഭൂമിയിൽ മണപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ഭക്ഷണസാധനത്തിൽ ഇറുമ്പു കയറീട്ടുണ്ടെന്നു നിശ്ചയിക്കണം. നല്ലവണ്ണം കഴുകി വച്ചിരിക്കുന്ന പാത്രം നായ് നക്കുകയാണെങ്കിൽ ഭക്ഷണസാധനത്തിൽ വിഷസംബന്ധമുണ്ടെന്നും അറിക.

മൂ— ഓഷ്ഠയുഗം യദിദർശിതദന്തൈ
ലേഢിഭവേത്യശനംതദഭീഷ്ടം.
ലേഢിയദാ പുനരാനനമന്യം
നൌഷ്ഠയുഗം വിനിഹന്ത്യശനം തൽ

അ—നായ് പല്ലുകൾ വെളിയിൽ കാണിച്ചുകൊണ്ടു ചുണ്ടുകൾ രണ്ടും നക്കുകയാണെങ്കിൽ, ഇഷ്ടപ്പെട്ട ഭക്ഷണം കിട്ടുമെന്നും ചുണ്ടുകളല്ല മുഖമന്യമാണു നക്കുന്നതെങ്കിൽ അഭീഷ്ടഭക്ഷണം കിട്ടാതെ ഇരുന്നു കിട്ടാതെ പോകുമെന്നും അറിയണം.

മൂ— ഭക്ഷിണഭോഗഗതോ യദിലീഢേ
സ്സക്കിയുഗം ഭക്ഷണോഭിമുഖേ
പശ്യതി തല്ലഭതേയമഭീഷ്ടം
ഭോജ്യമരണ്യഗതോപി മനുഷ്യഃ.

അ—നായ് വലതുഭാഗത്തുമാറി രണ്ടു ചുണ്ടുകളുടേയും അതുകൊണ്ടു നക്കുകയും മുഖത്തിനു നേരേ നോക്കുകയുമാണെങ്കിൽ ശാകുനികൻ കാട്ടിലകപ്പെട്ടാലും ശരി, ഇഷ്ടപ്പെട്ട ഭക്ഷണം കിട്ടുമെന്നറിയണം.

ശിവാരുതം (പെൺകുറുനരിയുടെ കരച്ചിൽ.)

മൂ— ആദ്യേദിനസ്യപ്രഹരേപ്രവൃത്തേ
മഹേശദേശേശഹുതാശദിക്ഷു
ശിവാരടന്തീ കുരുതേ ക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—പകലിന്റെ ആദ്യയാമത്തിൽ വടക്കുകിഴക്കേദിക്കിലും കിഴക്കേദിക്കിലും തെക്കുകിഴക്കേദിക്കിലും പെൺകുറുനരിയുടെ കരച്ചിൽ (ക്രൂകൽ) കേൾക്കപ്പെടുകയാണെങ്കിൽ അനുക്രമമായി ഭയവും ശരീരനാശവും ജയിൽവാസവും ഭവിക്കാൻ ഇടയാകും.

മൂ —അഥോദിതീയേ പ്രഹരസ്യഭാഗേ
സഹസ്രനേത്രാനലകാലദിക്ഷു
ശിവാരടന്തീ കുരുതേ ക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—പകലിന്റെ രണ്ടാംയാമത്തിൽ കിഴക്കേദിക്കിലും അഗ്നികോണിലും തെക്കേദിക്കിലും പെൺകുറുനരിയുടെ ശബ്ദം കേൾക്കപ്പെട്ടാൽ യഥാക്രമം ഭയവും ശരീരനാശവും കാരാഗൃഹവാസവും ഭവിക്കും.

മൂ—പ്രാപ്തേ തൃതീയേ പ്രഹരേ ദിനസ്യ
ഗ്രഹാശവൈവസ്വതനൈരുതിക്ഷു
ശിവാരടന്തീ കുരുതേ ക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—പകലിന്റെ മൂന്നാംയാമത്തിൽ അഗ്നികോണിലും തെക്കേദിക്കിലും നിർത്തികോണിലും പെൺകുറുനരി ശബ്ദിക്കുകയാണെങ്കിൽ അനുക്രമമായി ഭയവും ശരീരനാശവും കാരാഗൃഹവാസവും ഭവിക്കും.

മൂ—സമാഗതേഹ്നഃ പ്രഹരേ ചതുർത്ഥേ
പ്രേതേശരക്ഷഃപതിപാശിദിക്ഷു
ശിവാരടന്തീ കുരുതേ ക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—പകലിന്റെ നാലാമത്തെ യാമത്തിൽ തെക്കേദിക്കിലും നിർഋതിക്കോണിലും പടിഞ്ഞാറേദിക്കിലും പെൺകുറുനരി ശബ്ദിക്കയാണെങ്കിൽ ക്രമേണ ഭയവും ശരീരനാശവും കാരാഗൃഹവാസവും ഭവിക്കും.

മൂ—അർദ്ധനിശായാഃ പ്രഹരേ പ്രവൃത്തേ
രക്ഷോധിപാംഭഃപതിവാദിക്ഷു
ശിവാരടന്തീ കുരുതേ ക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—രാത്രിയുടെ അർദ്ധയാമത്തിൽ നിർഋതികോണിലും പടിഞ്ഞാറും വായുകോണിലും പെൺകുറുനരി ശബ്ദിക്കുകയാണെങ്കിൽ യഥാക്രമം ഭയവും ശരീരനാശവും ജയിൽവാസവും ഭവിക്കും.

മൂ— തതോ ദ്വിതീയേപ്രഹരേരജന്യാ-
സ്ത്രായാധിനാഥാനിലസോമദിക്ഷു
ശിവാരടന്തീകുരുതേക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—രാത്രിയുടെ രണ്ടാംയാമത്തിൽ പടിഞ്ഞാറ് വായുകോണ് വടക്ക്, ഈ ദിക്കുകളിൽ പെൺകുറുനരി ശബ്ദിക്കുകയാണെങ്കിൽ ക്രമേണ ഭയവും ശരീരനാശവും ബന്ധനവും ഭവിക്കും.

മൂ— യാമേതൃതീയേ പിഹിയാമവത്യാഃ
സമീരദോഷ്ണാകരശംഭുദിക്ഷു
ശിവാരടന്തീകുരുതേക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ—രാത്രിയുടെ മൂന്നാമത്തെ യാമത്തിൽ പെൺകുറുനരി വായുകോണിലും വടക്കും വടക്കുകിഴക്കേ ദിക്കിലും ശബ്ദിക്കയാണെങ്കിൽ ക്രമേണ, ഭയവും ദ്രവ്യനാശവും ബന്ധനവും ഭവിക്കും.

മൂ— സമാഗതേ രാത്രിതുരീയയാമേ
നിശാകരേശാനസുരേശദിക്ഷു
ശിവാരടന്തീകുരുതേക്രമേണ
സന്ത്രാസകായവ്യയബന്ധനാനി.

അ —രാത്രിയുടെ നാലാമത്തെ യാമത്തിൽ വടക്കും വടക്കുകിഴക്കും കിഴക്കും ദിക്കുകളിൽ പെൺകുറുനരി ശബ്ദിച്ചാൽ അനുക്രമമായി മരണം, ശരീരനാശം, കാരാഗൃഹവാസം ഇവ ഭവിക്കും.

ശോഭനഫലശിവാരുതം.

മൂ — കൃതാന്തരക്ഷോവരുണാനിലേന്ദു-
ദിക്ഷുദ്യയാമേ രടിതൈഃസുഗാല്യാഃ.
സ്യാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധിർ-
ലാഭഃസുഭിക്ഷംപ്രിയലോകസംഗഃ.

അ—പകലിന്റെ അദ്ധ്യയാമത്തിൽ പെൺകുറുനരി, തെക്ക് തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ് വായുകോൺ വടക്ക ഈ ദിക്കുകളിൽ ശബ്ദിച്ചാൽ അനുക്രമമായി, ഇഷ്ടവാർത്ത കേൾക്കുക, ഇഷ്ടം സാധിക്കുക, ലാഭം, സുഭിക്ഷം, പ്രിയജനത്തിന്റെ സമാഗമം ഇവ ഭവിക്കും.

മൂ— രക്ഷഃപ്രചേതോനിലസോമശംഭു
ദിക്ഷുദ്വിതീയേപ്രഹരേരുതേന
സ്യാദിഷ്ടവാത്താശ്രുതിരിഷ്ട സിദ്ധിർ-
ല്ലാഭഃ സുഭിക്ഷം പ്രിയലോകസംഗഃ.

അ—പകലിന്റെ രണ്ടാം യാമത്തിൽ, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക് ഈ ദിക്കുകളിൽ ശബ്ദിക്കുന്നതായാൽ യഥാക്രമം, ഇഷ്ടവാർത്ത കേൾക്കുക, മുതലായി മേൽപറഞ്ഞ ശുഭഫലങ്ങൾ ഭവിക്കും.

മൂ— ഭൂലേശവാതേന്ദുശിവാമരേശ-
ദിക്ഷ്വാരവേണപ്രഹരേ തൃതീയേ
സ്യാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധിർ-
ല്ലാഭഃ സുഭിക്ഷം പ്രിയലോകസംഗഃ.

അ—പകലിന്റെ മൂന്നാംയാമത്തിൽ, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക്, കിഴക്ക്, ഈ ദിക്കുകളിൽ ശിവാരുതം കേൾക്കപ്പെട്ടാൽ ഇഷ്ടവാർത്ത കേൾക്കുക മുതലായി മേൽപറഞ്ഞ ശുഭഫലങ്ങൾ ഭവിക്കും.

മൂ — സമീരണോമേശസുരേശവഹ്നി-
ദിക്ഷുസഞ്ചരേണ പ്രഹരേച്ചതുർത്ഥ
സ്വാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധി-
ർല്ലാഭേസുഭിക്ഷം പ്രിയലോകസംഗഃ.

അ—പകലിന്റെ നാലാമത്തെ യാമത്തിൽ, വായുകോൺ, വടക്ക്, വടക്കുകിഴക്ക്, കിഴക്ക്, തെക്കുകിഴക്ക് ഈ ദിക്കുകളിൽ ശിവാരുതം കേൾക്കപ്പെട്ടാൽ ഇഷ്ടവാർത്താശ്രവണം മുതവായി മേൽപറഞ്ഞ ശുഭഫലങ്ങൾ യഥാക്രമം സംഭവിക്കും.

മൂ — ശശാങ്കരുദ്രേന്ദ്രവഹ്നിതാശകാല
ദിക്ഷുചാരവൈഃ പഞ്ചമയാമഭാഗേ
സ്വാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധി-
ർല്ലാഭേസുഭിക്ഷം പ്രിയലോകസംഗഃ

അ—രാത്രിയുടെ അന്ത്യയാമത്തിൽ, വടക്ക്, വടക്കുകിഴക്ക്, കിഴക്ക് തെക്കുകിഴക്ക്, തെക്ക്, ഈ ദിക്കുകളിൽ ശിവാരുതം കേൾക്കപ്പെട്ടാൽ യഥാക്രമം, ഇഷ്ടവാർത്ത കേൾക്കുക മുതവായി മേൽപറഞ്ഞ ശുഭഫലങ്ങൾ ഭവിക്കും.

മൂ — ഈശാനശക്ര്യഗ്നികൃതാന്തകക്ഷാ-
ദിക്ഷുസഞ്ചരേണ പ്രാഗ്രഹേചഷഷ്ഠേ
സ്വാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധി-
ർല്ലാഭേസുഭിക്ഷം പ്രിയലോകസംഗഃ.

അ—രാത്രിയുടെ രണ്ടാംയാമത്തിൽ, വടക്കുകിഴക്ക്, കിഴക്ക്, തെക്കുകിഴക്ക്, തെക്ക് തെക്കുപടിഞ്ഞാറ്, ഈ ദിക്കുകളിൽ ശിവാരുതം കേൾക്കപ്പെട്ടാൽ, ക്രമേണ ഇഷ്ടവാർത്താശ്രവണം മുതവായി മേൽപറഞ്ഞ ശുഭഫലങ്ങൾ ഭവിക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ — ഇന്ദ്രാഗ്നികാലാസ്ത്രപപാശപാണി-
ദിക്ഷുചാരവാൽ സപ്തമയാമഭാഗേ
സ്വാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധി-
ർല്ലാഭേസുഭിക്ഷം പ്രിയലോകസംഗഃ.

അ—രാത്രിയുടെ മൂന്നാംയാമത്തിൽ, കിഴക്ക്, കിഴക്കുതെക്ക്, തെക്ക്, തെക്കുപടിഞ്ഞാറ് പടിഞ്ഞാറ്, ഈ ദിക്കുകളിൽ ശിവാരുതം കേൾക്കപ്പെട്ടാൽ, അനുക്രമമായി, ഇഷ്ടവാർത്താശ്രവണം മുതലായ ശുഭഫലങ്ങൾ ഭവിക്കും.

മൂ— ചഷ്യന്തകന്നൈഋതപാശിവാത-
ദിക്ഷ്വഷ്ടമേ ച പ്രഥമേരവേണ
സ്യാദിഷ്ടവാത്താശ്രുതിരിഷ്ടസിദ്ധി-
ർല്ലാഭേനുഭിക്ഷം പ്രിയലോകസംഗഃ.

അ—രാത്രിയുടെ നാലാംയാമത്തിൽ, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ് ഈ ദിക്കുകളിൽ ശിവാരുതം കേൾക്കപ്പെട്ടാൽ അനുക്രമമായി, ഇഷ്ടവാത്താശ്രവണം മുതലായി മേൽപറഞ്ഞ ശുഭാശുഭം ഫലിക്കും.

സുഗാലം (ആൺകുറുനരി.)

മൂ— അനർത്ഥഹേതുർഗതിശബ്ദഹീനഃ
സഭാസുഗാലഃ ഖലുഭിഷ്ടമാത്രഃ
ശസ്താഹിവ്യാമാഗതിരന്യശസ്താ
വാരോനിനാദോനിശിയോഷ്ടഭക്തനാം.

അ—ആൺകുറുനരി ശബ്ദിക്കാതെയും സഞ്ചരിക്കാതെയും കണ്ടിക്കിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാൽ, അതു് അനർത്ഥകാരണമായി വിചാരിക്കണം. ഇടതുവശത്തെ ഗമനം പകലാണെങ്കിൽ ശുഭഫലം. രാത്രിയിൽ ഇടതുവശത്തു് അസംഖ്യം കുറുനരികൾകൂടി ശബ്ദിക്കുന്നതു കേൾക്കുന്നതും ശുഭഫലമാകുന്നു.

മൂ— പരിഹായ യാമ്യാംദിശമന്യദിക്ഷു
ശബ്ദായമാനാനശുഭഃ സുഗാലഃ
ഗത്യാവരൊഗ്രാമപുരപ്രവേശേ
ശസ്താവവാമൊമൃഗധൂർത്തകാനാം.

അ—ഇടതുഭാഗം ഒഴിച്ചു് മറുദിക്കുകളിൽ ആൺകുറുനരികൾ ശബ്ദിച്ചാൽ ശുഭമല്ല. ഗ്രാമത്തിലോ പുരത്തിലോ പ്രവേശിക്കുമ്പോൾ കുറുനരി വലതുവശത്തു ഗമിക്കുയോ ശബ്ദിക്കുയോ ചെയ്താൽ ഫലം ശുഭമായിരിക്കും.

മൂ— ഹുംബാ ഹുമ്പേതി പ്രഥമന്തതസ്ത
ഹാഹേതിദീർഘഃ സുതരാരവോയഃ
സ്യാജ്ജംബുകാനാം സ മതഃപ്രശാന്തഃ,
തസ്യൈരുപഃ കഥിതഃ പ്രദീപ്തഃ,

അ — അത്യം ഉച്ചംബാ, ഹൂവ എന്നിങ്ങനെ തുടങ്ങി, പിന്നീട്, ഹാഹാ എന്ന നീചസ്വരം ധാരാളം പുറപ്പെടുവിക്കയാണെങ്കിൽ അത് പ്രശാന്തശബ്ദമായി ഗണിക്കണം. ഇതിനു വിപരീതങ്ങളായ ശബ്ദങ്ങൾ പ്രക്ഷുബ്ധങ്ങളെന്നും അറിഞ്ഞുകൊൾക.

മൃ — സുഗാലശബ്ദോ ഭവനേനിശായാ-
മുച്ചാടനാത്മം ദിശി പശ്ചിമായാം
പ്രാച്യാംദിശായാത്തരുശീവ്യ
ഭേത്യുവാച്യാം ഭയനാശനായ

അ — ഭവനസ്ഥിതനു്, രാത്രിയിൽ പറഞ്ഞാറെക്കിൽ കുറുനരിയുടെ ശബ്ദം കേട്ടാൽ ഉച്ചാടനവും കിഴക്കെദിഗിൽ കേട്ടാൽ ഭയവും വടക്കേദിക്കിൽ കേട്ടാൽ മംഗളവും തെക്കേദിക്കിൽ കേട്ടാൽ ഭയനാശവും ഫലമായിരിക്കും.

ആരണ്യസതപങ്ങം (കാട്ടുമൃഗങ്ങം.)

മൃ — ആരണ്യസതപാമിലിതാനുടനേതാ
ഗ്രാമോപകണ്ഠേ ഭയദാഭവന്തി
ഗ്രാമം പുനസ്തൈഃ പരിവേഷ്ടുമാണോ
വിവേഷ്ടുതേവൈരിജനേനനൂനം.

അ — ഗ്രാമസമീപത്തിൽ കാട്ടുമൃഗങ്ങം കൂട്ടംകൂടി ശബ്ദിക്കയാണെങ്കിൽ ഭയകാരണമാണെന്നറിയണം. അനന്തരം ആ ജന്തുക്കം ഗ്രാമത്തെ ചുറ്റിവളയുന്നുവെങ്കിൽ ആ ഗ്രാമം ശത്രുജനത്താൽ വളയപ്പെടുമെന്നും അറിഞ്ഞുകൊൾക.

മൃ — ഗ്രാമ്യാദ്യരണ്യചരാനനാദാഃ
രോധായതേ ഗ്രാമ്യചരാനശബ്ദാഃ
പരസ്പരാനസ്വനനേനഭീതിം
വദന്തിഖഗ്രാഹസംപ്രയുക്തം.

അ — ഗ്രാമത്തിലെ വളർത്തുമൃഗങ്ങം, കാട്ടുമൃഗങ്ങളുടെ ശബ്ദം കേട്ടിട്ട്, ആ ശബ്ദത്തെ അനുകരിക്കയാണെങ്കിൽ ഫലം ഭയമാണെന്നറിഞ്ഞുകൊള്ളണം. ഗ്രാമ്യമൃഗങ്ങളുടെ ശബ്ദത്തെ കാട്ടുമൃഗങ്ങം അനുകരിക്കയാണെങ്കിൽ സഞ്ചാരത്തിനോ സ്വാതന്ത്ര്യത്തിനോ തടസ്സം ഭവിക്കും. ഈ മൃഗക്കൂട്ടങ്ങം അന്യോന്യംശബ്ദത്തെ അനുകരിക്ക

യായാൽ ബന്ധിക്കുക, പിടിക്കുക മുതലായ ഉപദ്രവങ്ങൾ ശാകുനിക നു ഭവിക്കും.

മൂ— ഗ്രാമേപുരേവാ യദിവന്യസത്വാ
രാത്രൌപ്രവിഷ്ടാ ദിവസേ ച ദൃഷ്ടാഃ
യദാതദാശ്രുദ്വസതാമുപൈതി
സ്മൂർമൃത്യുവേതത്തുമൃതപ്രസൂതാഃ..

അ—ഗ്രാമത്തിലോ പുരത്തിലോ രാത്രിയിൽ കാട്ടുമൃഗങ്ങൾ കട ന്നുകയറിയാൽ, അവരെ പകൽ സമയത്തു കാണപ്പെടുകയും ചെയ്തു ന്നുവെങ്കിൽ ആ ഗ്രാമം അല്പെങ്കിൽ പുരം നാശത്തെ പ്രാപിക്കും. അ മൃഗങ്ങൾ നാട്ടിൽകിടന്നു മരിക്കയോ പെറുകയോ ചെയ്താൽ മനുഷ്യ ക്കു മരണം ഫലമാണെന്നും അറിഞ്ഞുകൊള്ളണം.

മൂ — ഗൃഹാഗതാഗേഹപതേർഭയായ
പുരസ്യരോധായയദാഗോപുരസ്ഥാഃ
സ്മൂർവന്യസത്വാഃ ശകുനാനി തേഷാ-
മുദ്ഭാവനീയാന്യുചിതാനിചൈവം.

അ—കാട്ടുമൃഗങ്ങൾ അകസ്മികമായി വീട്ടിൽ കടന്നാൽ വീട്ടുട മസ്ഥനു ഭയം സംഭവിക്കും. ഗോപുരത്തിൽ കാട്ടുമൃഗം വന്നുകൂടിയാൽ ആ പുരത്തെ ശത്രുക്കൾ വളയുമെന്നും അറിയണം. ഇതനുസരിച്ചു് കാട്ടുമൃഗങ്ങളെ സംബന്ധിച്ചു മറ്റു ശകുനങ്ങളും ഊഹിച്ചുകൊള്ളേണ്ടതുമാകുന്നു.

മൂ — ആലംബനോമഗ്രഹണേക്ഷണാനി
മീനസ്വശസ്ത്രാനി ഭവന്തിതുല്യാഃ
ബിലേശയാഃ കൂരപനക്രമുഖ്യാഃ
ജലൌകസോഽധുണ്ഡുഭകാശ്ചസപ്പൈഃ.

അ—മത്സ്യത്തെ സംബന്ധിച്ച സകല നിമിത്തവും ശുഭമാകുന്നു. മത്സ്യത്തിന്റെ വധം, നാമഗ്രഹണം, ദർശനം, ഇവയെല്ലാം ശകുനത്തിങ്കൽ നന്നുതന്നെ. പൊത്തിൽവസിക്കുന്ന ആമ മുതലാ തുടങ്ങിയ ജലജന്തുക്കളെല്ലാം നിമിത്തത്തിൽ മത്സ്യത്തിനും ചേര മുത ലായവ സർപ്പത്തിനും തുല്യങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു.

ശിവാരുതത്തിൽ യാത്രാപ്രകരണം.

മൂ— യം യം ദേശം ഗന്തുമഭ്യുദ്യതാനാം
പുംസാം ശബ്ദാനുച്ചരന്തീ സുഗാലീ
ശാന്താശായാം സിദ്ധയേ വാഞ്ഛിതാനാം
ദീപ്താ യാന്തസ്യാദഭീഷ്ടക്ഷയായ.

അ—യാത്രക്കാരൻ ഏതേതുദിക്കിലേക്ക് പുറപ്പെട്ടാലും ശരി, പെൺകുറുനരിയുടെ ശബ്ദം ശാന്തദിക്കിൽ കേൾക്കപ്പെടുകയാണെങ്കിൽ കാര്യസാദ്ധ്യവും ദീപ്തദിക്കിൽ കേൾക്കപ്പെടുകയാണെങ്കിൽ കാര്യവിഘ്നവും ഫലമെന്നറിഞ്ഞുകൊള്ളണം.

ശാന്തദീപ്തദിക്കുകൾ.

ദഗ്ധാദിഗ്ലക്ഷാദിനാനാഥമുക്ത്വാ
വിവസ്വദാപ്താ ഭവതിപ്രദീപ്താ
സാ ധൂമിതാന്യാം സവിതാപ്രയാതി
ശേഷാദിഗന്താഃ ഖലുപഞ്ചശാന്താഃ.

ദഗ്ധാദിശൈശീ ജ്വലിതാദിശൈന്ദ്രീ
ധൂമാന്വിതാ ചാനലദിക്പ്രഭാതേ.
പ്രത്യേകമേവം പ്രഹരാഷ്ടകേന
ഭ്രംക്ഷേതദിശോപ്യുഷ സവിതാക്രമേണ.

അ—സൂര്യൻ കൈവിട്ടദിക്ക ദഗ്ധ, പ്രാപിച്ചിരിക്കുന്ന ദിക്ക ദീപ്ത, പ്രാപിക്കാൻ തുടങ്ങുന്നദിക്ക് ധൂമിതാ, ശേഷമെല്ലാം ശാന്ത പ്രഭാതത്തിൽ ഇഴരാനദിക്ക് ദഗ്ധ, കിഴക്കേദിക്ക് ദീപ്ത, അഗ്നിക്കോണ് ധൂമിത, ഇങ്ങനെ എട്ടുദിക്കുകളും എട്ടുനാമംകൊണ്ട് സൂര്യൻ അനുഭവിക്കുന്നുവെന്നറിഞ്ഞുകൊള്ളണം.

മൂ— പ്രാചീംദിശം സമ്മുഖോന്മിംബാ
പ്രതിഷ്ഠമാനസ്യ നരസ്യയസ്യ
ശബ്ദംസുഗാലീ പുരതഃ കരോതി
ബന്ധം വധഞ്ചപ്രകരോതിതസ്യ

അ—കിഴക്കുദിക്കുനോക്കി യാത്രപുറപ്പെടുന്നവന്റെ മുൻഭാഗത്ത്, സൂര്യബിംബത്തിനു അഭിമുഖമായി നിന്നുകൊണ്ട് സുഗാലി ശബ്ദം പുറപ്പെടുവിക്കയാണെങ്കിൽ, അവന് വധമോ ബന്ധനമോ ഭവിക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ— പ്രാചീംദിനേശാഭിമുഖസ്യയസ്യ
പ്രയാതുകാമസ്യ ശിവാസശബ്ദാ
ഭിയേത്ഥനാശായ ച ദക്ഷിണാ സ്യാ
ദ്വാമാപുനർവ്വാഞ്ഛിതകാര്യസിദ്ധ്യൈ.

അ—സൂര്യന്നഭിമുഖമായി യാത്രപുറപ്പെട്ടന്നവന്റെ വലതുഭാഗത്തുനിന്ന് സൃഗാലി ശബ്ദം പുറപ്പെട്ടവിക്കയാണെങ്കിൽ ഭയവും അർത്ഥനാശവും ഫലമെന്നും ഇടതുവശത്തുനിന്ന ശബ്ദിക്കയാണെങ്കിൽ കാര്യസാദ്ധ്യം ഫലമെന്നും അറിഞ്ഞുകൊള്ളണം.

മൂ— പ്രത്യങ്മുഖാശാം ഛലിതസ്യപൂർവ്വാം
ശിവാവിരാമം പുരുഷസ്യയസ്യ
കരോതിപൃഷ്ഠേപ്രകടോതിതസ്യ
സർവ്വപ്രകാരാമഭിലാഷസിദ്ധിം.

അ—സൂര്യന്നഭിമുഖമായി യാത്രപുറപ്പെട്ടന്നവന്റെ പുറുഭാഗത്തുനിന്ന് കുറുനരി ശബ്ദിക്കയാണെങ്കിൽ സർവ്വപ്രകാരേണയുള്ള ഇഷ്ടസിദ്ധി അനുഭവിക്കുന്നതാണ്.

മൂ— പ്രസ്ഥായിനോയസ്യ ച ദക്ഷിണസ്യാം
ശിവാരവം മുഞ്ചതിദക്ഷിണേന
ആദിത്യയുക്തായദിനോ തദാനീം
ദ്രവേദ് ധ്രുവം തസ്യമഹീപതിത്വം.

അ—തെക്കോട്ട യാത്രപുറപ്പെട്ടന്നവന്റെ വലതുഭാഗത്തു് ആദിത്യൻ അഭിമുഖമായല്ലാതെ നിന്ന കുറുനരി ശബ്ദിക്കുന്നുവെങ്കിൽ അവന രാജത്വംകിട്ടും. (മഹാസന്ധടശപത്തിപ്രാപ്തിയുണ്ടാകുമെന്ന സാരം.)

മൂ— വൈവസ്വതാശാം ഛലിതസ്യയസ്യ
ദിവാകരസ്തിഷ്ഠതി ദക്ഷിണേന
ശിവാചവാമാ കുരുതേപിരാവം
സമ്പദ്യതേതസ്യ മഹീപതിത്വം.

അ—തെക്കോട്ട യാത്രപുറപ്പെട്ടന്നവന്റെ വലതുഭാഗത്തു സൂര്യൻ നിൽക്കുകയും അപ്പോൾ സൃഗാലി ഇടതുഭാഗത്തു ശബ്ദിക്കയും ചെയ്താൽ അവന് രാജത്വം ലഭിക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ— പുമാൻയദായാത്യകരുപ് പ്രവാസീ
കരോതിശബ്ദംപുരതഃ സൃഗാലീ

അസ്തവിവസ്വാനപിസമ്മുഖശ്ചേൽ
ഭവേത്തദാനീമചിരേണമൃത്യുഃ.

അ—തെക്കേദിക്കിലേക്കു പുറപ്പെട്ടന്ന സമയം മുൻഭാഗത്തു സൂര്യനഭിമുഖമായി നിന്നുകൊണ്ടു് സൃഗാലി ശബ്ദം പുറപ്പെടുവിക്കയാണെങ്കിൽ അചിരേണ മൃത്യു ഭവിക്കുമെന്നറിഞ്ഞുകൊള്ളണം.

മൂ— നരസ്യയാമീംകകുഭംയിയാസോഃ
സൃഗാലഭായ്യായദിപൃഷ്ഠഭാഗേ
ഫേൽക്കാരമാമുഞ്ചതിപഞ്ചഭാവ-
സ്തൽസപ്തരാത്രേണ ഭവിഷ്യവശ്യം.

അ—തെക്കോട്ടു യാത്രപുറപ്പെട്ടന്നവന്റെ പിൻഭാഗത്തുനിന്നു സൃഗാലി ശബ്ദം പുറപ്പെടുവിക്കയാണെങ്കിൽ ഏഴുദിവസത്തിനകം അവനു മരണം ഭവിക്കും നിശ്ചയം.

മൂ— ദിശംപ്രതീചീംപ്രജതഃസൃഗാലീ
നരസ്യയസ്യാഭിമുഖാവിരൌതി
ശാന്തസ്ഥിതാശാന്തഫലപ്രദാത്രീ
ദീപ്താതുദീപ്തം ഫലമാതനോതി.

അ—പടിഞ്ഞാട്ടു യാത്രപുറപ്പെട്ടന്നവനു് അഭിമുഖമായി സൃഗാലി ശബ്ദിക്കയാണെങ്കിൽ, സൃഗാലിസ്ഥിതി ചെയ്യുന്ന ദിക്കിന്റെ ശാന്തദീപ്തസ്ഥിതി ഭേദം അനുസരിച്ചു്, ഫലവും ശാന്തമല്ലെങ്കിൽ ദീപ്തവും എന്നറിഞ്ഞുകൊള്ളണം.

മൂ— പ്രാചേതസീംസഞ്ചലിതസ്യകാഷ്ഠാം
സൃഗാലികാജല്പതിഭക്ഷിണേന
യദാതദാനീംസുമഹാനനർത്ഥാൻ
കരോതിചാത്മാനമഹന്തിചൂംസഃ.

അ—പടിഞ്ഞാട്ടു യാത്രപുറപ്പെട്ടന്നവന്റെ വലതുഭാഗത്തിരുന്നു് സൃഗാലി ശബ്ദിക്കുകയാണെങ്കിൽ, അത്യന്താനർത്ഥങ്ങൾ സംഭവിക്കുമെന്നും ആ ശകുനികന്റെ അർത്ഥംനശിക്കാൻ ഇടയാകുമെന്നും അറിഞ്ഞുകൊള്ളണം.

മൂ— യോവാരുണീംയാതിദിശം മനുഷ്യഃ
ശൂനപൻശിവായാരടിതാനിവൃത്തോ
ഗതസ്യതസ്യാശുഹതാശഭീതി
രസംശയംസ്യാദ്ദ്രവിണക്ഷയശ്ച.

അ—പടിഞ്ഞാറേ ദിക്കിനോക്കി പുറപ്പെടുന്നവന്റെ പിൻഭാഗത്തു സൃഗാലിയുടെ ശബ്ദം കേൾക്കപ്പെടുന്നുവെങ്കിൽ, അഗ്നിഭയവും ധനനാശവും ഫലം.

മൂ— യസ്യാന്തരാശാം ചലിതസ്യപുംസഃ
പ്രാച്യുംശിവാമുഞ്ചതിപൃഷ്ഠതോൽകൃതാനി-
ഭാനുപ്രതീച്യാംചിരസ്ഥിതസ്ഥിതിശ്ചേത്
അരേപകമ്പിതംസിദ്ധ്യതിതൽക്ഷണേന.

അ—വടക്കോട്ടഭിമുഖമായി യാത്രചെയ്യുന്ന പുരുഷന്റെ കിഴക്കുഭാഗത്തായി പെൺകുറുനരി ശബ്ദിക്കയും സൂര്യൻ അപ്പോൾ പടിഞ്ഞാറുദിക്കിൽ സ്ഥിതിചെയ്കയും അതെങ്കിൽ ഇരിച്ചു കായ്യം അപ്പോൾതന്നെ സിദ്ധിക്കുമെന്നറിഞ്ഞുകൊള്ളുണം.

മൂ— മുഞ്ചത്യുദീചീം ചലിതസ്യപൃഷ്ഠേ
ശിവാവിരാവംപുരുഷസ്യസദ്യ-
ആസ്തേചമധ്യേനഭസോവിവസ്വാം
സ്ഥിത്വാത്ഥാനിംമരണഞ്ചദുഷ്ടം

അ—വടക്കോട്ടു യാത്രയുടനുന്ന പുരുഷന്റെ പിൻഭാഗത്തു നിന്നു പെൺകുറുനരി ശബ്ദിക്കയാൽ അപ്പോൾ ആദിത്യൻ ആകാശമധ്യത്തിൽ സ്ഥിതിചെയ്യുമായാൽ, അർത്ഥനാശവും മരണവും ഫലമായിരിക്കും.

മൂ— കുബ്ജോനകാര്യാംപ്രതിയഃപ്രയാതി
ജ്വാലാമുഖീചാഭിമുഖീവിരൌതി
തസ്യാധ്വഗസ്യാഭിമതാർത്ഥസിദ്ധിർ
ഭവേച്ചസംപൽപുനരാഗമശ്ച.

അ—വടക്കോട്ടു യാത്രയുടനുന്ന പുരുഷന്റെ മുഖത്തിനു നേരേ നിന്നു സൃഗാലി ശബ്ദിക്കുകയാണെങ്കിൽ, ഇഷ്ടസിദ്ധിയും സംപത്തും ഭവിക്കും. വേഗത്തിൽ തിരിച്ചുവരുന്നതിനു സംഗതിയാകയും ചെയ്യും.

മൂ— രിഫ്യതിരീവ്രംഭോദിശിയസ്യാം
ഫേൽകൃതേയദിതത്രസൃഗാലീ-
തദ്പ്രജുഃ പഥികസ്യഭവേതാം
നിശ്ചയമർത്ഥധനജീവിതനാശൌ.

അ—സൂര്യൻ സ്ഥിതിചെയ്യുന്ന ദിക്കിലിരുന്നു സൃഗാലി ശബ്ദം പുറപ്പെടുവിക്കുകയാണെങ്കിൽ യാത്രക്കാരനു ധനനാശവും ജീവനാശവും ഫലമാണെന്നറിക.

മൂ— ദക്ഷിണതഃ പ്രഥമംയദിപശ്യാ-
ദ്വാമഗതാപഥികസ്യസുഗാലീ.
ക്ഷേമധനാപ്തിഗൃഹാഗമനാനി.

അ—സുഗാലി അടുത്ത യാത്രക്കാരന്റെ വലത്തുഭാഗത്തും പിന്നിട്ടു മാറി ഇടത്തുഭാഗത്തും നിന്നു ശബ്ദം പുറപ്പെടുവിക്കയായാൽ ക്ഷേമം, ധനപ്രാപ്തി, ഗൃഹാഗമനം എന്നീ ശുഭഫലങ്ങൾ ഭവിക്കും.

മൂ— അധ്വന്യശാന്താംകകുഭംനരസ്യ
വാമാസുഗാലീയദിചാരടീതി
തദർത്ഥലാഭംവിതരത്യവശ്യം
അർത്ഥക്ഷയംദക്ഷിണതോരടന്തീ.

അ—സുഗാലി യാത്രക്കാരന്റെ ഇടത്തുഭാഗത്തു, ശാന്തടിക്കിലിരുന്നു ശബ്ദിക്കയാണെങ്കിൽ അർത്ഥലാഭവും വലത്തുഭാഗത്തിരുന്നു ശബ്ദിച്ചാൽ അർത്ഥനാശവും ഫലം.

ശിവാരുതത്തിൽ യാത്രാപ്രകരണം കഴിഞ്ഞു.

മഹാശകുനശാസ്ത്രം സമാപ്തം

ശുഭമസ്തു.

1 മഹാശകുനശാസ്ത്രം-പൊതുവിവരണം
7 ശുഭശകുനങ്ങൾ-യാത്ര ചെയ്യുമ്പോൾ
9 അശുഭശകുനങ്ങൾ
13 ശുഭശകുനങ്ങളെക്കുറിച്ച് ഗ്രന്ഥാന്തരങ്ങളിൽ പറഞ്ഞിട്ടുള്ള ചില ഭാഗങ്ങൾ
14 പക്ഷിമൃഗാദികളുടെ ശകുനഫലം
34 ശകുനാർച്ചനവിധി
37 സർപ്പശകുനവും ഗൗളിശാസ്ത്രവും
47 ശ്വശകുനം(നായ് ശകുനം)
60 ശയ്യേഷ്ടിതയാത്രാപ്രകരണം
71 ശയ്യേഷ്ടിതത്തിൽ ഭോജനപ്രകരണം
73 പെൺകുറുനരിയുടെ കുരച്ചിൽ
77 ആൺകുറുനരി
78 കാട്ടുമൃഗങ്ങളും ശകുനങ്ങളും